

# TRICHUR ARCHDIOCESAN BULLETIN

ARCHDIOCESE OF TRICHUR

JULY 2017

83 YEARS OF PUBLICATION 1934-2017

TRICHUR
ARCHDIOCESAN
# Bulletin

പുസ്തകം : 84
ജൂലൈ 2017
ലക്കം : 7

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Nysson Alanthanath**

**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

## ഈ ലക്കത്തിൽ

| | |
|---|---|
| ❖ സർക്കുലർ | 3 |
| ❖ കച്ചേരികാര്യം | 25 |
| ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ –ജൂലൈ | 49 |
| ❖ സഹായമെത്രാന്റെ പരിപാടികൾ – ജൂലൈ | 51 |
| ❖ നാളാഗമം | 53 |
| ❖ നാമകരണ നടപടികൾ | 60 |
| ❖ സാമ്പത്തിക കാര്യാലയം | 61 |
| ❖ വൈദികർ | 68 |
| ❖ സന്യസ്തർ | 71 |
| ❖ സ്ഥാപനങ്ങൾ | 76 |
| ❖ സാന്ത്വനം | 97 |
| ❖ സംഘടനകൾ | 101 |

# സഭാദിനം – ഇടയലേഖനം

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**
**കർദിനാൾ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വി. തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ആഘോഷിക്കുന്ന ജൂലൈ 3-ാം തീയതിയാണല്ലോ നാം സഭാദിനമായി ആചരിക്കുന്നത്. ഈ വർഷവും പതിവായിട്ടുള്ള പരിപാടികളോടും നൂതനാഭിമുഖ്യങ്ങളോടും കൂടി സഭാദിനം ആചരിക്കുവാൻ നമുക്കു രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഒന്നു ചേരാം. മാർത്തോമ്മാക്രിസ്ത്യാനികളായ നമ്മുടെ ക്രൈസ്തവസാക്ഷ്യം ആധുനികജീവിതസാഹചര്യങ്ങളിൽ കൂടുതൽ പ്രതിബദ്ധതയോടെ നിർവഹിക്കുന്നതിനുള്ള ഊർജം സംഭരിക്കുകയാണ് സഭാദിനാചരണത്തിന്റെ ലക്ഷ്യം. സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി അംഗീകരിക്കപ്പെട്ടതിന്റെ രജതജൂബിലി ഈ വർഷം ആചരിക്കുന്നു എന്നതും ഈ സഭാദിനാചരണത്തെ കൂടുതൽസന്തോഷപ്രദമാക്കുന്നുണ്ട്. .

സഭാദിനത്തോടനുബന്ധിച്ച് കാലികപ്രാധാന്യമുള്ള ചില ചിന്തകൾ നിങ്ങളോടു പങ്കുവയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു. സഭയുടെ മൂലക്കല്ല് ഈശോമിശിഹായാണ്. ഈ സഭ മിശിഹായുടെ ശരീരവും ആ ശരീരം അവയവങ്ങൾപോലെ മിശിഹായോടു ചേർന്നുനില്ക്കുന്ന ദൈവജനത്തിന്റെ കൂട്ടായ്മയുമാണ്. ഈ കൂട്ടായ്മ വിവിധങ്ങളായ അപ്പസ്തോലികപാരമ്പര്യങ്ങളിലൂടെയാണ് ഇന്നു ലോകത്തിൽ ആയിരിക്കുന്നതും പ്രവർത്തിക്കുന്നതും. ഭാരതത്തിലെ കത്തോലിക്കാസഭയിൽ ഇപ്രകാരമുള്ള മൂന്നു അപ്പസ്തോലികപാരമ്പര്യങ്ങൾ ഒന്നുചേർന്നു പ്രവർത്തിക്കുന്നു. ലത്തീൻസഭയും സീറോ മലങ്കരസഭയും സീറോ മലബാർസഭയും ചേരുന്ന ഒരു കൂട്ടായ്മയാണ് ഭാരതത്തിലെ കത്തോലിക്കാ

സഭ. ഈ ഒരോ വ്യക്തിസഭയ്ക്കും ഒരു സാർവ്വത്രികമാനമുണ്ട്. സീറോ മലബാർ സഭ ഇന്ന് ഭാരതത്തിലുള്ള അതിന്റെ 29 രൂപതകളും ഭാരതത്തിനു പുറത്തുള്ള മൂന്നു രൂപതകളും ഒരു എക്സാർക്കേറ്റും ഭാരതത്തിന് അകത്തും പുറത്തുമുള്ള പ്രവാസിവിശ്വാസികളും ചേർന്ന ഒരു കൂട്ടായ്മയായിട്ടാണ് പ്രവർത്തിക്കുന്നത്. അതേസമയം ഇതരവ്യക്തിസഭകളോടു ചേർന്നു സാർവ്വത്രിക കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ നാം മിശിഹായുടെ ഒരേ ഒരു സഭയായി നിലനില്ക്കുകയും വളരുകയും ചെയ്യുന്നു. സാർവ്വത്രികസഭയ്ക്ക് എന്നതുപോലെ സീറോ മലബാർ സഭയ്ക്കു ഇതര ക്രൈസ്തവസഭകളോടുള്ള എക്യുമെനിക്കൽ ബന്ധവും ഇതരമതങ്ങളോടുള്ള സൗഹാർദവും അതിന്റെ പ്രവർത്തനശൈലിയിൽ ഉൾപ്പെട്ടിരിക്കുന്നു.

സഭയിൽ ഇന്ന് സാഹചര്യങ്ങൾ മുമ്പത്തേക്കാൾ സങ്കീർണമാണ്. നമ്മുടെ ഇടയിൽ എതിർസാക്ഷ്യങ്ങളും ഉതപ്പുകളും ഉണ്ടാകുന്നു. ലൗകികതയുടെയും സുഖജീവിതത്തിന്റെയും വശ്യതകൾക്കു അടിപ്പെട്ടു ലാളിത്യത്തിന്റെയും കാരുണ്യത്തിന്റെയും അടിസ്ഥാനസ്വഭാവത്തിൽ നിന്നു സഭാമക്കൾ വ്യതിചലിച്ചുപോകുന്നു. ഇവയോടൊപ്പമാണ് ചില മതങ്ങളിലെ മൗലികവാദങ്ങളും അവയിൽനിന്നുണ്ടാകുന്ന ഭീകരപ്രസ്ഥാനങ്ങളും സഭാമക്കളുടെമേൽ അഴിച്ചുവിടുന്ന ക്രൂരമായ പീഡനങ്ങളും. വളരെ പ്രത്യേകിച്ചും, പൂർവ്വേഷ്യൻ രാജ്യങ്ങളിൽ വിശ്വാസികൾ നിഷ്ഠുരമായി വധിക്കപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്യുന്നു. ചിലർ ബന്ധികളാക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ ഫാ. ടോം ഉഴുന്നാലിനെ അനുസ്മരിച്ചു അദ്ദേഹത്തിന്റെ മോചനത്തിനായി നമുക്കു പ്രത്യേകം പ്രാർഥിക്കാം. ഭാരതത്തിലും ദൈവാലയങ്ങൾ ആക്രമിക്കപ്പെടുകയും സഭയുടെ ശുശ്രൂഷകൾക്കു പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ശക്തികൾ ഇടയ്ക്കിടെ തല പൊക്കുന്നുണ്ടല്ലോ.

പീഡനങ്ങൾ സഭയ്ക്ക് ഒരിക്കലും പുത്തരിയല്ല. അതിലൂടെ കടന്നുപോകുമ്പോൾ നാം അശേഷം ഭയപ്പെടുകയോ പതറുകയോ വേണ്ട. "ചെറിയ അജഗണമേ ഭയപ്പെടേണ്ട. എന്തെന്നാൽ, നിങ്ങൾക്കു രാജ്യം നല്കാൻ നിങ്ങളുടെ പിതാവു പ്രസാദിച്ചിരിക്കുന്നു" (ലൂക്കാ. 12:32). "നിങ്ങൾ എന്നെപ്രതി നാടുവാഴികളുടെയും രാജാക്കന്മാരുടെയും സന്നിധിയിലേക്കു നയിക്കപ്പെടും. അവിടെ അവരുടെയും വിജാതിയരുടെയും മുമ്പാകെ നിങ്ങൾ സാക്ഷ്യം നല്കും"(മത്താ. 10:18).

ഓരോ ക്രൈസ്തവനും സഭാശുശ്രൂഷകനും കർത്താവു ഭരമേല്പി

ച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ കൂടുതൽ പ്രതിബദ്ധതയോടെ നിർവഹിക്കുകയാണ് വേണ്ടത്. സഹനങ്ങളും പീഡനങ്ങളും ക്രൈസ്തവജീവിതത്തിന്റെ അനിവാര്യഘടകമാണ്. നിതാന്തജാഗ്രതയോടെ ക്രൈസ്തവസാക്ഷ്യം നിർവഹിക്കുകയാണു നമ്മുടെ ദൗത്യം. നിത്യതയിലുള്ള നമ്മുടെ ജീവിതം ഈ ലോകജീവിതത്തിൽത്തന്നെ നിറവേറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നാം കർത്താവിന്റെ ശിഷ്യരായി ജീവിക്കുന്നതിന് കൊടുക്കേണ്ടിവരുന്ന വില ഈ ലോകത്തിലും പരലോകത്തിലും നമുക്കു സന്തോഷത്തിനു കാരണമാകും. ശിഷ്യൻ ഗുരുവിനു മേലല്ലല്ലോ. കർത്താവിന്റെ ജീവിതസാക്ഷ്യത്തിന്റെ പതിപ്പുകളാകണം നമ്മുടെ എളിയ ക്രൈസ്തവജീവിതങ്ങൾ.

നമ്മുടെ വിശ്വാസവും സുവിശേഷവൽക്കരണപരിശ്രമങ്ങളും തെറ്റിദ്ധരിക്കപ്പെടുന്നു എന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. സഭാദിനത്തിൽ അതും നമുക്കു പരിചിന്തനത്തിനു വിഷയമാക്കാം. നാം ഇതര മതവിശ്വാസികളെ ക്രൈസ്തവരാക്കുവാൻ വ്യഗ്രതപൂണ്ട് അന്യായമായി പ്രവർത്തിക്കുന്നു എന്നു കരുതുന്നവരുണ്ട്. ക്രൈസ്തവസഭയെ തങ്ങളുടെ മതവിശ്വാസങ്ങൾക്കു ഭീഷണിയായി അവർ കാണുന്നു. സുവിശേഷപ്രബോധനങ്ങൾക്കനുസരിച്ച് ക്രൈസ്തവസഭ മറ്റെല്ലാ മതങ്ങളുടെയും നന്മകൾ ഉൾക്കൊണ്ടാണ് പ്രവർത്തിക്കുന്നത്. മതസംവാദമാണ് സഭ ആഗ്രഹിക്കുന്നത്. എല്ലാ മതങ്ങളുടെയും നന്മകൾ വിവിധമതവിശ്വാസികളായ മനുഷ്യരുടെ പൊതുജീവിതത്തിൽ സമന്വയിക്കപ്പെട്ട് മനുഷ്യസമൂഹത്തിന്റെ തന്നെ ഐക്യവും സമാധാനവും പരിപോഷിക്കപ്പെടണം എന്നതാണ് ക്രൈസ്തവദർശനത്തിന്റെ സവിശേഷത. ഒരു മതത്തിലെയും നന്മ നിഷേധിക്കപ്പെടാനിടയാകരുത്. എല്ലാ മതങ്ങൾക്കും അവയ്ക്കു സ്വന്തമായ നല്ല ദർശനങ്ങൾ നിലനിർത്തിക്കൊണ്ട് ഇതര മതങ്ങളോട് സഹകരിച്ചും അവയെ പ്രോത്സാഹിപ്പിച്ചും വളരുവാനും വളർത്തുവാനും സാധിക്കും.

ക്രൈസ്തവസഭ ആരെയും മതപരിവർത്തനത്തിനു വിധേയമാക്കുന്നില്ല. അതിനായി നിർബന്ധമോ, വശീകരണമോ, പ്രലോഭനമോ നല്കുന്ന രീതി കത്തോലിക്കാസഭ അനുവർത്തിക്കുന്നില്ല. മതവിശ്വാസം മനസ്സാക്ഷിയുടെ പ്രവർത്തനത്തിനു വിധേയമായിരിക്കണമെന്നതാണ് സഭയുടെ നിലപാട്. "മതകാര്യങ്ങളിൽ സ്വന്തം മനസ്സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ആരും നിർബന്ധിക്കപ്പെടരുത്" എന്നാണ് മതസ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന പ്രഖ്യാപ

നത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പറഞ്ഞിരിക്കുന്നത് (നമ്പർ 2). മനസ്സാക്ഷിയെ പ്രവർത്തനനിരതമാക്കുന്നത് ദൈവമാണ്. മനസ്സാക്ഷിയുടെ സ്വരം ദൈവത്തിന്റെ സ്വരമാണ്. അതിനു തന്നെത്തന്നെ സമർപ്പിക്കുവാൻ ഓരോരുത്തർക്കും അവകാശമുണ്ട്. അതു മനുഷ്യന്റെ മൗലികസ്വാതന്ത്ര്യമാണ്. ഈ മൗലികസ്വാതന്ത്ര്യമാണ് നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയുടെ മൂന്നാം ഭാഗം 25 മുതൽ 28 വരെയുള്ള അനുഛേദങ്ങളിൽ മതസ്വാതന്ത്ര്യത്തിനുള്ള അവകാശത്തെപ്പറ്റി പറയുമ്പോൾ വ്യക്തമാക്കപ്പെടുന്നതും. ഇതുവഴി സ്വന്തം മതവിശ്വാസം അനുവർത്തിക്കുന്നതിനും പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം എല്ലാ പൗരന്മാർക്കുമുണ്ട്. ഭാരതത്തിന്റെ ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യമനുസരിച്ചും ക്രൈസ്തവ ദർശനം ആദരിക്കുന്ന മനസ്സാക്ഷി സ്വാതന്ത്ര്യം അംഗീകരിച്ചുകൊണ്ടുമാണ് ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം നയിക്കുന്നത്.

കത്തോലിക്കാ സഭയും ഭാരതത്തിന്റെ ഭരണഘടനയും നിർദ്ദേശിക്കുന്ന വ്യക്തിസ്വാതന്ത്ര്യം ആരും ആരുടെയും മേൽ സമ്മർദം ചെലുത്തി നിറവേറ്റാനുള്ളതല്ല എന്നും സഭ മനസ്സിലാക്കുന്നു. ചുരുക്കത്തിൽ, വിശ്വാസജീവിതത്തിൽ വ്യക്തിപരമായ തെരഞ്ഞെടുപ്പുകളിലൂടെ എന്തു സ്വീകരിക്കണം, എന്തുപേക്ഷിക്കണം എന്നു തീരുമാനിക്കാനിക്കുവാനും അതനുസരിച്ചു പ്രവർത്തിക്കുവാനും ഒരോ വ്യക്തിക്കും സ്വാതന്ത്ര്യമുണ്ട് എന്നതും സഭയുടെ ഉറച്ച ബോധ്യമാണ്. ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യത്തിന്റെ ശരിയായ വിനിയോഗത്തിനു ദൈവം തന്നെയാണ് അവനു പ്രചോദനവും ഉൾക്കരുത്തും ആത്മപ്രകാശവും നല്കുന്നത്.

മാർത്തോമ്മാശ്ലീഹായുടെ വിശ്വാസതീക്ഷ്ണത സഭാമക്കളിൽ ജ്വലിപ്പിക്കുവാൻ സഭാദിനാചരണം ഉപകരിക്കണം. അതിനായി അല്മായപ്രേഷിതത്വം, യുവജനങ്ങളുടെ ക്രൈസ്തവസാക്ഷ്യം, കുടുംബങ്ങളുടെ വിശ്വാസജീവിതം എന്നിവയെല്ലാം പരിപോഷിപ്പിക്കുവാനുതകുന്ന പരിപാടികൾ സഭാദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നത് നന്നായിരിക്കും. "യുവജനങ്ങൾ, വിശ്വാസവും ജീവിതപാത കണ്ടെത്തലും" എന്ന വിഷയത്തെ അധികരിച്ചു യുവജനങ്ങൾക്കു വേണ്ടി 2018-ൽ ഒരു സിനഡുനടത്തുവാൻ പരിശുദ്ധപിതാവു തീരുമാനിച്ചിട്ടുണ്ടല്ലോ. ഈ സിനഡിനായുള്ള ഒരുക്ക നടപടികൾ നമ്മുടെ സഭയിൽ ആരംഭിച്ചിട്ടുമുണ്ട്. ഈ പരിപാടികളിൽ ഫലപ്രദമായി സംബ

ന്ധിക്കുവാൻ ഏവരും പരിശ്രമിക്കണം. കുട്ടികളുടെ വിശ്വാസപരിശീലനത്തിലും ഏവർക്കും ശ്രദ്ധ ഉണ്ടാകണം. ദൈവവിളികൾ തിരിച്ചറിയാൻ അവരെ ശക്തിപ്പെടുത്തുന്നതായിരിക്കണം വിശ്വാസപരിശീലന പരിപാടികൾ.

സഭയിൽ അല്മായർ തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന കാലഘട്ടമാണിത്. കാരുണ്യപ്രവർത്തനങ്ങൾ, സാമൂഹികക്ഷേമപ്രവർത്തനങ്ങൾ, എന്നിവയിൽ അല്മായർ നല്കുന്ന സംഭാവനകൾ ഏറെയുണ്ട്. ജീസസ് യൂത്ത്, ഫിയാത്ത് മിഷൻ മുതലായ, യുവജനങ്ങൾ തന്നെ തുടങ്ങിയ പ്രസ്ഥാനങ്ങൾ, സഭയുടെ മിഷൻപ്രവർത്തനത്തിനും നവീകരണത്തിനും ഉപകരിക്കുന്നവയാണ്. ഇത്തരം പ്രസ്ഥാനങ്ങളിൽ ഏർപ്പെടു ന്നവർ സഭയിലെ മെത്രാന്മാരുടെ നേതൃത്വത്തെ അംഗീകരിച്ചുകൊണ്ടും വ്യക്തിസഭകളുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ടും പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

എല്ലാവർക്കും ദുക്റാനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

**+കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017-ാം ആണ്ട് ജൂൺ മാസം 2-ാം തീയതി നല്കപ്പെട്ടത്.

NB:

ഈ ഇടയലേഖനം 2017 ജൂലായ് 2-ാം തീയതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3034/K-5/KCBC/OL/DS 17.06.2017

# യുവജനദിനം 2017

## ജൂലൈ 9, ഞായർ

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന

## സർക്കുലർ

കർത്താവിൽ പ്രിയമുള്ള യുവജനങ്ങളേ, സഹോദരീസഹോദരന്മാരേ!

ഒരു യുവജനദിനം കൂടി നാം ആഘോഷിക്കുകയാണ്. ഈ ആചരണം യുവതീ-യുവാക്കളുടെ വിശ്വാസത്തിന്റെ ആഘോഷം തന്നെയാണ്. സ്വാതന്ത്ര്യം അഭിലഷിക്കുന്ന യുവജനം പ്രതീക്ഷകളിൽ നിന്നു യാഥാർത്ഥ്യങ്ങളിലേക്കുള്ള ദീർഘദൂരം ഗതിവേഗതയോടെ താണ്ടുമ്പോൾ അവർക്കു സംഭവിക്കുന്ന സാരമായ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ഇത്തരം യാത്രയ്ക്കിടയിൽ സംഭവിച്ച ചില നഷ്ടങ്ങളുണ്ട്. ഈ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ചില ചിന്തകളാണ് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ 2018 ഒക്ടോബറിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളനത്തിനു വേണ്ടിയുള്ള ഒരുക്കരേഖയിൽ പങ്കുവയ്ക്കുന്നത്.

മൂന്നു തലത്തിലുള്ള നിർദ്ദേശങ്ങളാണ് തയ്യാറെടുപ്പുരേഖയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഒന്നാമതായി യുവജനങ്ങൾ വളരുകയും, അവർ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന ലോകത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ചില സ്വയംചാലകപ്രവർത്തനങ്ങളുടെ സംഗ്രഹം. രണ്ടാമതായി, യുവജനങ്ങൾക്ക് വിശ്വാസത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ സഹായിക്കുന്ന ചില ചുവടുവയ്പുകൾ. അവസാനമായി, യുവജനങ്ങൾക്കുവേണ്ടിയുള്ള അജപാലനപരവും വിളിപരവുമായ പദ്ധതിയുടെ മുഖ്യഘടകങ്ങൾ.

**1. ആധുനിക ലോകത്തിലെ യുവജനങ്ങൾ**

സഭയുടെ യുവത്വം അതിലെ യുവജനങ്ങളാണ്. ക്രിസ്തുവിന്റെ ഹൃദയം സ്വന്തമാക്കിയവർക്കേ ദൈവസ്നേഹത്തിന്റെ യുവജന

സാക്ഷികളായി സഭയുടെ യുവത്വം നിലനിർത്താനാകൂ. യുവജനങ്ങൾ വിശ്വാസതത്പരതയിലും ദൈവസ്നേഹതീക്ഷ്ണതയിലും വളരണം. ധാർമിക സമഗ്രതയുള്ള യുവജനങ്ങൾ സഭയിലും സമൂഹത്തിലും ഉണ്ടാവണം. എന്നാൽ ലോകത്തെ പിടികൂടിയിട്ടുള്ള ആധ്യാത്മികവും, സാംസ്കാരികവും ധാർമികവുമായ ജീർണതയുടെ ആദ്യത്തെ ഇരകൾ ഇന്നത്തെ യുവജനങ്ങളാണ്. ജീവിതത്തെ വളരെ നിസ്സാരമായി കരുതി ജീവിക്കുന്നവരാണ് ഇന്നത്തെ യുവജനങ്ങൾ എന്ന പ്രതീതി ഉണ്ടാകുന്നു. യുവജനങ്ങളുടെ ഇടയിലെ ആത്മീയ നിർജ്ജീവത്വവും മൂല്യശോഷണവും അപകടപൂർണമായി വർധിക്കുന്നു. പണത്തിന്റെ ലഭ്യതയും ആഢംബരജീവിതഭ്രമവും നവമാധ്യമ സ്വാധീനവും ആധുനിക ലോകത്തിലെ യുവജനങ്ങളെ വഴിതെറ്റിക്കുന്നു. തിന്മയിലേക്ക് ചാഞ്ഞിരിക്കുന്ന ലോകത്തെ നന്മയിലേക്ക് നയിക്കാൻ യുവജനങ്ങൾക്ക് കഴിയണം. അതിനായി യുവജനങ്ങൾ യേശു സ്നേഹത്തിന്റെയും കരുണയുടെയും പ്രയോക്താക്കളായി മാറണം.

**2. വിശ്വാസവും വിളിയും**

ക്രിസ്തീയ ജീവിതം വിശ്വാസത്തിലൂന്നിയ ജീവിതമാണ്. യേശു കണ്ടതുപോലെ കാര്യങ്ങളെ കാണുകയെന്നതാണ് വിശ്വാസം (Lumen Fidei 18). വിളിപരമായ വിവേചിച്ചറിയലിന്റെ ഉറവിടം വിശ്വാസമാണ്. അങ്ങനെ വിശ്വാസവും വിളിയും തമ്മിൽ ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. അബ്രഹാമിന്റെ ആഴമായ വിശ്വാസത്തിൽനിന്നാണ് അവന് വിളി ലഭിച്ചത്. ആ വിളിയിൽ ശ്രദ്ധേയമായ ഒരു വാഗ്ദാനം നാം കാണണം. "നിന്നെ ഞാൻ അനുഗ്രഹിക്കും... നീ ഒരനുഗ്രഹമായിരിക്കും" (ഉത്പ 12:2-3). യുവജനങ്ങൾ ദൈവത്തിന്റെ അനുഗ്രഹം പ്രാപിച്ച് സമൂഹത്തിന് അനുഗ്രഹമായി മാറണം.

വിശ്വാസം ഭീരുവിനുള്ള അഭയകേന്ദ്രമല്ല. മറിച്ച് ഹൃദയങ്ങളെ ഉദ്ദീപിപ്പിക്കുന്ന ശക്തിയാണ്. വിശ്വാസം എന്നത് വഴിയും സത്യവും ജീവനുമായ (യോഹ 14:6) ദൈവത്തോട് സംവദിക്കുക എന്നതാണ്. അത് ദൈവവചനത്തിന്റെ സന്തോഷം അനുദിനജീവിതത്തിൽ അനുഭവിച്ചുകൊണ്ട് വിശ്വാസബോധ്യത്തിൽ വളരുന്നതാണ്. ഈ സംവാദം നടക്കുന്ന സ്ഥലം മനസ്സാക്ഷിയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ മനസ്സാക്ഷി മനുഷ്യന്റെ ഏറ്റവും രഹസ്യാത്മകമായ ശ്രീകോവിലാണ്. (Gaudium et Spes-16). ദൈവം വിളിയിലൂടെ നല്കുന്ന സന്തോഷവും ഓരോ വ്യക്തിയും ആഗ്രഹിക്കുന്ന സന്തോഷവും വസ്തുനിഷ്ഠമായ രൂപത്തിൽ

മനസ്സിലാക്കാൻ ഓരോ മനുഷ്യനും സാധിക്കുകയില്ല. നമ്മുടെ ജീവിതത്തിന് മഹത്തരമായ ലക്ഷ്യം നല്കുന്ന വിളികളെ നാം തിരിച്ചറിയുന്നത് ചില ഉൾപ്രചോദനത്തിൽ നിന്നുമാണ്. എല്ലാ വിളികളും പൂർണതയിലേക്കുള്ള വിളിയാണ്. "എന്റെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതു പോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ.5/45) പരിപൂർണ്ണത എന്നു പറയുന്നത് സ്നേഹത്തിന്റെ തികവാണ്. അതായത്, എല്ലാ വിളിയും ദൈവസ്നേഹത്തിലേക്ക് അടുക്കാനുള്ള ക്ഷണമാണ്. ദൈവവും മനുഷ്യനുമായുള്ള സ്നേഹബന്ധം ഒരു വലിയ രഹസ്യമാണ്. ഈ രഹസ്യം ഉൾവിളിയോട് പൂർണമായ വിശ്വസ്തത പുലർത്തി കടലോളം കാരുണ്യമുള്ളവരായി ജീവിക്കാൻ സഹായിക്കുന്നു. രഹസ്യാത്മകത ഉൾക്കൊള്ളുന്ന ഈ സ്നേഹബന്ധമാണ് മദർ തെരേസയെ ലോകത്തിന്റെ അമ്മയും വിശുദ്ധയുമാക്കി മാറ്റിയത്. വിശ്വാസം വിശുദ്ധീകരണത്തിനും വിളി ദൗത്യത്തിനുമാണ്.

യുവജനങ്ങളുടെ ബന്ധങ്ങളും സൗഹൃദങ്ങളും ഓൺലൈൻ ആയിക്കഴിഞ്ഞിരിക്കുന്നു. പരസ്പര സാമീപ്യം ആവശ്യമില്ലാത്ത ഇലക്ട്രോണിക് ബന്ധങ്ങൾ! മറ്റുള്ളവരുടെ ഇഷ്ടങ്ങൾക്കും (Likes) അഭിപ്രായങ്ങൾക്കും (Comments) പ്രാധാന്യം നല്കി സ്വന്തം ജീവിതത്തെ ക്രമീകരിക്കാൻ ബദ്ധപ്പെടുന്ന യുവജനങ്ങളുണ്ട്. സാമൂഹിക മാധ്യമങ്ങൾ തീർക്കുന്ന സ്വപ്നലോകത്ത് അന്യോന്യബന്ധമില്ലാതെ ജീവിക്കാൻ ആഗ്രഹിക്കുന്ന യുവ സുഹൃത്തുക്കൾക്ക് വിശ്വാസത്തെയും വിളിയെയും ഗാഢമായി ബന്ധപ്പെടുത്തി ജീവിക്കാനോ അതിന് പ്രത്യുത്തരം നല്കാനോ പ്രയാസമാണ്, ഇത്തരം യുവജനങ്ങൾ ജീവിതം പാതിവഴിയിൽ വേർപെട്ടവരായി മാറുന്നു. മനുഷ്യൻ ഏറ്റവും മോശമായത് ചെയ്യുവാൻ കഴിവുള്ളനായിരിക്കുമ്പോൾത്തന്നെ നന്മയെ വീണ്ടും തിരഞ്ഞെടുത്തു കൊണ്ടും പുതുതായി തുടങ്ങിക്കൊണ്ടും മാനസികവും സാമൂഹികവുമായ അവരുടെ വ്യവസ്ഥിതികൾക്കെതിരായി അവയ്ക്ക് അതീതമായി ഉയരാൻ കഴിവുള്ളവരാണ് (ലാവുദാത്തൊസി, 205)

**3. വിവേചിച്ചറിയൽ എന്ന ദാനം**

ഒരു വ്യക്തി ദൈവത്തോട് സംവദിച്ചുകൊണ്ടും പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിച്ചുകൊണ്ടും ഒരുവന്റെ ജീവിതാവസ്ഥയെക്കുറിച്ചുള്ള തിരഞ്ഞെടുപ്പിൽ തുടങ്ങി, അടിസ്ഥാനപരമായ തെരഞ്ഞെടുപ്പുകൾ നടത്തുന്ന പ്രകിയയാണത്. അനിശ്ചിത സാഹചര്യങ്ങളിലും

ആന്തരികശക്തികളുടെ സംഘർഷങ്ങളുടെ മുമ്പിലും തീരുമാനങ്ങളെടുക്കുകയും പ്രവൃത്തികളെ നയിക്കുകയും ചെയ്യുന്നിടത്താണ് വിവേചിച്ചറിയൽ പ്രക്രിയ നടക്കുന്നത്. വിവേചിച്ചറിയൽ എന്ന ശ്രേഷ്ഠമായ പ്രയോഗം സഭയുടെ പാരമ്പര്യത്തിലുള്ളതാണ്. നല്ലതിനെ മോശമായതിൽ നിന്ന് തിരിച്ചറിയുക, പ്രലോഭനങ്ങളെ തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുക എന്നിവയെല്ലാം വിവേചിച്ചറിയലിലെ വ്യത്യസ്ത രൂപങ്ങളാണ്. സുവിശേഷത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിവേചിച്ചറിയൽ വിവരിക്കാൻ മൂന്നു വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. അവ തിരിച്ചറിയുക, വ്യാഖ്യാനിക്കുക, തിരഞ്ഞെടുക്കുക എന്നിവയാണ്.

യുവജനങ്ങളെ സ്വയം കണ്ടെത്താൻ സഹായിക്കണം. അതിന് അവരെ മനസ്സിലാക്കണം. അവരുടെ വൈകാരിക പ്രത്യേകതകൾ തിരിച്ചറിയണം. ദൈവത്തോട് അടുത്തുനിൽക്കുന്ന യുവജനങ്ങളിൽ ദൈവീക കൃപ പ്രകടമാകും. അവർക്കേ ദൈവത്തെപ്പോലെ മറ്റുള്ളവരെ ആകർഷിക്കാനാകൂ. മോശയെപ്പോലെ ദൈവത്തിന്റെ മുഖത്ത് നോക്കിക്കൊണ്ട് യാത്രചെയ്യാനും യോഹന്നാൻ ശ്ലീഹായെപ്പോലെ യേശുവിന്റെ മാറിൽ ചാരിക്കിടക്കാനും മഹാപുരോഹിതനായ യേശുവിനെപ്പോലെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാനും തയ്യാറാകുന്നവർക്കു മാത്രമേ വിവേചിച്ചറിയൽ എന്ന ദാനം പൂർണമായി നേടാൻ പറ്റൂ. "ദൈവത്തെ കൂടാതെയുള്ള ധാർമ്മികതയ്ക്കു നിലനില്പില്ല" (ഫുൾട്ടൻ ജെ ഷീൻ). "ധാർമ്മികതയ്ക്ക് നിലനിൽപ്പുണ്ടാകണമെങ്കിൽ ഒരു അടിത്തറ വേണം; നന്മ തിന്മകളെ വിലയിരുത്തുന്ന ഒരു ദൈവം'' (ഇമ്മാനുവേൽ കാന്റ്). സമൂഹത്തിലെ ജീർണതകളിൽ അസ്വസ്ഥരാകുന്ന ഇന്നത്തെ യുവജനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്ന മൂന്നു കാര്യങ്ങളാണ് പരിശുദ്ധ ഫ്രാൻസീസ് പാപ്പ നമ്മെ ഓർമപ്പെടുത്തുന്നത്. വിശ്വാസവും വിളിയും വിവേചിച്ചറിയലുമാണവ.

**ഉപസംഹാരം**

2018 ഒക്ടോബറിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളന ത്തിനുവേണ്ടിയുള്ള ഒരുക്ക രേഖ ഇതിനോടകം എല്ലാ രൂപതകളിലും ലഭ്യമാക്കിയിട്ടുണ്ട്. ഈ ഒരുക്കരേഖയിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും കേരളത്തിലെ 31 രൂപതകളിലെയും യൂത്ത് കമ്മീഷന്റെ നേതൃത്വത്തിലും കെ.സി.വൈ.എം.ന്റെ ആഭിമുഖ്യത്തിലും,

ഇതര യുവജന പ്രസ്ഥാനങ്ങളുടെ കൂട്ടായ്മയിലും പഠനവിധേയമാക്കണമെന്ന് താത്പര്യപ്പെടുന്നു. ഈ പഠനത്തിന്റെ വെളിച്ചത്തിൽ കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ ഒരു യുവജന മാർഗരേഖ തയ്യാറാക്കാൻ ആഗ്രഹിക്കുന്നു. പ്രസ്തുത മാർഗരേഖയ്ക്ക് ആവശ്യമുള്ള കാര്യങ്ങൾ കെ.സി.ബി.സി യുവജന കാര്യാലയത്തിൽ കഴിവതും വേഗം നല്കണമെന്ന് ഓർമിപ്പിക്കുന്നു. കേരളത്തിലെ യുവജനപ്രവർത്തനങ്ങൾക്ക് വ്യക്തിഗതമായും സഭാതലത്തിലും സംസ്ഥാനതലത്തിലും ത്യാഗോജ്ജ്വലമായി പ്രവർത്തിക്കുന്ന ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സ് ആയി ശുശ്രൂഷചെയ്യുന്ന സന്ന്യാസിനിമാരെയും എല്ലാ യുവജനപ്രവർത്തകരെയും വിശ്വാസികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനപൂർവം,

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**N.B.** 2017 ജൂലൈ 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

പി.ഒ.സി., കൊച്ചി - 682 025

Prot. No. 0918/2017

# യുവജനസിനഡ് 2018

## സർക്കുലർ

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദിനാൾ ജോർജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

യുവജനപ്രേഷിതത്വത്തെക്കുറിച്ച് 2018 ഒക്ടോബറിൽ ഒരു സിനഡ് നടത്തുന്നതിനെപ്പറ്റി ഇക്കഴിഞ്ഞ ജനുവരി 13-ാം തീയതി പരി.പിതാവ് ഫ്രാൻസിസ് മാർപാപ്പാ ഒരു കത്തിലൂടെ പ്രഖ്യാപിക്കുകയുണ്ടായല്ലോ. സിനഡിന്റെ പ്രമേയം "Young People, the Faith and Vocational Discernment" എന്നതാണ്. Vocational discernment എന്നത് ദൈവവിളി വിവേചിച്ചറിയൽ അഥവാ തിരിച്ചറിയൽ എന്നു പരിഭാഷപ്പെടുത്താമെങ്കിലും "ജീവിതപാത കണ്ടെത്തൽ" എന്ന മൊഴിമാറ്റമാണ് കൂടുതൽ സാർഥകം. കാരണം എല്ലാ യുവജനങ്ങളും തങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം മനസ്സിലാക്കുക, മനസ്സിലാക്കുവാൻ അവരെ സഹായിക്കുക എന്നതാണ് Vocational Discernment -ൽ ചർച്ച ചെയ്യപ്പെടാൻ മാർപാപ്പാ ആഗ്രഹിക്കുന്നത്. അതിനാൽ, സിനഡിന്റെ പ്രമേയത്തെ "യുവജനങ്ങൾ, വിശ്വാസവും ജീവിതപാത കണ്ടെത്തലും" എന്നു മലയാളത്തിൽ നമുക്കു വിവക്ഷിക്കാം.

സിനഡിന്റെ പ്രാരംഭരേഖയും (Preparatory Document) 2017 ജനുവരി 13-നു തന്നെ സിനഡു സെക്രട്ടറിയേറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. വത്തിക്കാൻ വെബ്സൈറ്റിൽ അതു ലഭ്യമാണ്. മലയാളതർജമ പി.ഒ.സി. യിൽ നിന്നു താമസിയാതെ ലഭിക്കുമെന്നാണ് അറിയുന്നത്. ഈ പ്രാരംഭരേഖയെക്കുറിച്ച് എല്ലാത്തലങ്ങളിലുമുള്ള പഠനങ്ങൾക്കു സഹായകമായ രീതിയിൽ ചില ചിന്തകൾ ഇവിടെ ചേർക്കുന്നു. ഇവയിൽ പലതും പ്രാരംഭരേഖയിൽ നിന്നുതന്നെ എടുത്തിട്ടുള്ളവയാണ്.

1. ***എല്ലാ യുവജനങ്ങളും സഭയുടെ അജപാലനത്തിൽ ഉൾപ്പെടണം.***

യുവജനങ്ങളുടെ ജീവിതം വൈവിധ്യമാർന്ന മേഖലകളിലാണ് നടക്കുന്നത്. കലാലയവിദ്യാഭ്യാസത്തിൽ മാത്രം ശ്രദ്ധവച്ച് ഭാവിയിൽ ഒരു ജോലിയും ഉയർന്ന ജീവിതനിലവാരവും ആഗ്രഹിച്ചുകഴിയുന്നവർ, പരിമിതമായ പഠനം കഴിഞ്ഞ് പലവിധ ജോലികളിൽ വ്യാപൃതരായി കഴിയുന്നവർ, പഠനത്തോടൊപ്പവും പഠനം കഴിഞ്ഞും കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ, പഠനം കഴിഞ്ഞ് സ്വന്തം നാട്ടിൽ ജോലി സമ്പാദിക്കാൻ കഴിയാത്തതുകൊണ്ടോ കൂടുതൽ പുരോഗതി കാംക്ഷിച്ചോ വിദേശത്ത് ജോലി തേടി പോകുന്നവർ എന്നിങ്ങനെ. ഇപ്രകാരം വിവിധ മേഖലകളിൽ കഴിയുന്ന യുവജനങ്ങളുടെ സംഘടനാപ്രവർത്തനങ്ങൾക്കും വൈവിധ്യമുണ്ട്. സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന യുവജനസംഘടനകളിൽ അംഗങ്ങളായി തങ്ങളുടെ നേതൃത്വഗുണങ്ങളും കഴിവുകളും വികസിപ്പിക്കുവാൻ പരിശ്രമിക്കുന്നവരുണ്ട്. അതുവഴി സമൂഹത്തിൽ സാമ്പത്തികമോ, രാഷ്ട്രീയമോ, സാംസ്കാരികമോ ആയ നിലകളിൽ ഉയർന്ന് പ്രശോഭിക്കുവാൻ കഴിയുന്നവരും കുറവല്ല. ഇതിൽനിന്നും വ്യത്യസ്തമായി, തികച്ചും പ്രാർഥനയുടെയും ദൈവവചനാനുഭവത്തിന്റെയും സംഗീതാദികലകളുടെയും അനുഭവം സമ്മാനിക്കുന്ന കരിസ്മാറ്റിക് യുവജനപ്രസ്ഥാനങ്ങളിൽ ചേർന്നു പ്രവർത്തിക്കുന്നവരുമുണ്ട്. ഇനിയൊരു കൂട്ടർ പ്രേഷിതാഭിമുഖ്യമുള്ള പ്രസ്ഥാനങ്ങളിലോ സംഘടനകളിലോ ചേർന്നു പ്രവർത്തിക്കുവാൻ ഇഷ്ടപ്പെടുന്നു.പഠനകാലത്തും പഠനത്തിനു ശേഷവും യാതൊരുവിധ സംഘടനാപ്രവർത്തനങ്ങളിലോ പ്രസ്ഥാനങ്ങളി

ലോ ചേരാതെ ജീവിതായോധനത്തിനുള്ള മാർഗങ്ങൾ കണ്ടെത്തുകയും സഭയുടെ പൊതുവായ അജപാലനത്തോടുമാത്രം ചേർന്നുപ്രവർത്തിക്കുന്നവരായ യുവജനങ്ങളുമുണ്ട്. ഓരോ വിഭാഗത്തിനും യോജിച്ച അജപാലനശൈലി ഇടവകകളുടെയും രൂപതകളുടെയും നേതൃത്വത്തിൽ രൂപപ്പെടുത്തിയെടുക്കണം. എല്ലാ വിഭാഗങ്ങളിലും ഉള്ളവർക്കു അവരുടെ ദൗത്യനിർവഹണത്തിന് ഉപകരിക്കുന്ന രീതിയിൽ അവരെ അജപാലനത്തിൽ ഉൾപ്പെടുത്തുവാൻ കഴിയണം. എല്ലാ വിഭാഗങ്ങളിലും ഉള്ളവരെ ഇടവകാതലത്തിലോ രൂപതാതലത്തിലോ വ്യക്തിസഭയുടെ തലത്തിലോ ദേശീയതലത്തിലോ സംഘടിപ്പിച്ച് യുവജനങ്ങളുടെ കൂട്ടായ്മയെ പരിപോഷിപ്പിക്കുവാൻ വൈദികർക്കും മെത്രാന്മാർക്കും കഴിയണം.

***2.യുവജനപ്രേഷിതത്വം യുവജനങ്ങളുടെതന്നെ ഉത്തരവാദിത്വമാണ്.***

യുവജനപ്രേഷിതത്വം യുവജനങ്ങളുടെതന്നെ ഉത്തരവാദിത്വമായി അജപാലകരും യുവജനങ്ങളും ഒരുപോലെ തിരിച്ചറിയണം. സുവിശേഷദർശനം ഉൾക്കൊള്ളുവാനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും ഓരോ യുവാവിനും യുവതിക്കും വേണ്ട പരിശീനവും അവബോധവും നല്കുകയാണ് അജപാലകരുടെ ധർമം. ഈ പരിശീലനത്തിലും ബോധ്യങ്ങളുടെ സൃഷ്ടിയിലും യുവജനങ്ങൾ സജീവമായി പങ്കുചേരണം. അത് അവരുടെതന്നെ ഒരു ആവശ്യമാണെന്നു മനസ്സിലാക്കിക്കൊണ്ടുവേണം അവർ ഈ പ്രക്രിയയിൽ ഉൾച്ചേരുവാൻ. സഭയിലും സമൂഹത്തിലും നവീകരണത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായി യുവജനങ്ങൾ മാറണം. യുവജനങ്ങളെ അനുയാത്രചെയ്യുകയാണ് അജപാലരുടെ ഉത്തരവാദിത്വം.തങ്ങളെതന്നെ ശാക്തീകരിക്കുവാൻ യുവജനങ്ങളെ സഹായിക്കുക-അതാണ് യുവജനപ്രേഷിതത്വത്തിൽ അജപാലകരുടെ ദൗത്യം. യുവജനങ്ങൾക്കുവേണ്ടിയുള്ള എല്ലാ സഭാശുശ്രൂഷകളും ഈ പുതിയ ആഭിമുഖ്യത്തോടുകൂടി നിർവഹിച്ചാലേ ഇക്കാലഘട്ടത്തിൽ അതു ഫലപ്രദമാകൂ.

സഭയ്ക്കുള്ളിലും സമൂഹത്തിലും സ്വാതന്ത്ര്യത്തോടുകൂടി പ്രവർത്തിക്കുവാനാണ് യുവജനങ്ങൾ ഇഷ്ടപ്പെടുന്നത്. സ്വാതന്ത്ര്യത്തെ ഹനി

ക്കുന്ന അധികാരപ്രയോഗങ്ങളോ കാർക്കശ്യമുള്ള തിരുത്തലുകളോ നിയമങ്ങൾ അനുസരിപ്പിക്കുന്ന ശൈലിയോ ഇന്ന് അവർക്കു സ്വീകാര്യമല്ല. എന്നാൽ ചർച്ചകളിലൂടെയും ആശയവിനിമയത്തിലൂടെയും അവരെക്കൂടി ഉൾപ്പെടുത്തിയെടുക്കുന്ന തീരുമാനങ്ങളുടെയും വെളിച്ചത്തിൽ തങ്ങളെതന്നെ ശാക്തീകരിക്കുവാനും സഭയുടെയും സമൂഹത്തിന്റെയും നവീകരണത്തിനുവേണ്ടി പ്രവർത്തനനിരതരാകാനും യുവജനങ്ങൾ സന്നദ്ധരാകും. അതുതന്നെയാണ് യുവജനങ്ങളോടും യുവജനപ്രസ്ഥാനങ്ങളോടും അജപാലകർ സ്വീകരിക്കേണ്ട സമീപനരീതി.

യുവജനപ്രേഷിതത്വത്തെക്കുറിച്ചുള്ള സിനഡിൽ പരിശുദ്ധപിതാവ് വിശ്വാസം ഒരു പ്രധാനവിഷയമായി ഉന്നയിച്ചിരിക്കുകയാണ്. ക്രിസ്തുവിലുള്ള വിശ്വാസവും സഭാകൂട്ടായ്മയിലുള്ള പങ്കാളിത്തവുമാണ് ഒരോ ക്രൈസ്തവയുവാവിനും യുവതിക്കും ഉണ്ടായിരിക്കേണ്ട അവശ്യഗുണം. ക്രിസ്തുവിനോടുകൂടിയേ സ്വന്തം ജീവിതലക്ഷ്യവും സഭയുടെയും സമൂഹത്തിന്റെയും ജീവിതലക്ഷ്യങ്ങളും നേടിയെടുക്കുവാൻ യുവജനങ്ങൾക്കു കഴിയൂ. അതിനു യുവജനങ്ങൾ തങ്ങളുടെതന്നെ സ്വാർഥതയിൽനിന്നു പുറത്തുവരണം. അബ്രാഹം തന്റെ നാടും പിതാവിന്റെ ഭവനവും ബന്ധുമിത്രാദികളെയുമെല്ലാം ഉപേക്ഷിച്ച് ദൈവം കാണിച്ചുകൊടുത്ത ഭൂമിയിലേക്കു പോയതുപോലെ ലോകത്തിൽ തങ്ങളെ അടിമപ്പെടുത്തുന്ന എല്ലാവിധ അനീതികളെയും കൈവെടിഞ്ഞ് നീതിപൂർവകമായ ഒരു സമൂഹനിർമിതിക്കുവേണ്ടി ഇറങ്ങിത്തിരിക്കുവാൻ ഇന്നത്തെ യുവജനങ്ങൾക്കു കഴിയണം. അതിനാവശ്യമായ പഠനങ്ങളും അധ്വാനവും ക്ലേശങ്ങളും ഏറ്റെടുക്കുവാൻ യുവജനങ്ങൾ ശാക്തീകരിക്കപ്പെടേണ്ടതുണ്ട്.ഹൃദയവിശാലതയോടുകൂടി ഇപ്രകാരം ക്രിസ്തുവിനുവേണ്ടി നിലകൊള്ളുവാനും ക്രൈസ്തവമൂല്യങ്ങളിൽ അടിയുറച്ചു സ യിൽ പ്രവർത്തിക്കുവാനും യുവജനങ്ങൾ മുന്നോട്ടുവരണം.

***3. യുവജനപ്രേഷിതത്വത്തിന് അനുകൂലസാഹചര്യങ്ങൾ സഭയിലുണ്ടാകണം.***

തങ്ങളെ സംബന്ധിക്കുന്ന ദൈവവിളി വിവേചിച്ചറിയുവാൻ അഥവാ

തങ്ങളുടെ ജീവിതപാത കണ്ടെത്തുവാൻ യുവജനങ്ങൾക്കു സാധ്യമാകുന്ന സാഹചര്യങ്ങൾ സഭയിൽ ഉണ്ടാകണം. സ്നാപകയോഹന്നാന്റെ ശിഷ്യന്മാരെപ്പോലെ, 'ഗുരോ, അങ്ങ് എവിടെ താമസിക്കുന്നു' (യോഹ 1:38) എന്നു ചോദിക്കുന്നവരാണ് ഇന്നത്തെ യുവജനങ്ങളും.'വന്നു കാണുക' എന്നായിരിക്കും ഇന്നും ഈശോ അവരോട് പറയുന്നത്. സഭാസമൂഹത്തിൽ, സുവിശേഷങ്ങളിലെ ഈശോയെ കണ്ടെത്തുവാൻ, ആദിമസഭയിലേതുപോലെ ആർജവത്വമുള്ള കൂട്ടായ്മ അനുഭവിക്കുവാൻ, ഇന്നത്തെ യുവജനങ്ങൾക്കു സഭയിൽ സാഹചര്യം ഉണ്ടാകണം. സഭാശുശ്രൂഷകരുടെ അധികാരപ്രയോഗങ്ങളോ, എതിർസാക്ഷ്യങ്ങളോ, കഴിവുകേടുകളോ, ആത്മീയദാരിദ്ര്യമോ, സഭയുടെ നേതൃതലത്തിൽ നിന്നുണ്ടായാൽ യുവജനങ്ങൾ അസംതൃപ്തരാകും. ആത്മീയതയും ജീവിതാനുഭവങ്ങളും തേടി അവർ അന്യമേഖലകളിൽ അഭയം തേടിയെന്നുവരാം. അതിനാൽ സഭ ജാഗ്രതയോടെ നിർവഹിക്കേണ്ട ഒന്നാണ് യുവജനപ്രേഷിതത്വം.

*യുവജനങ്ങളോട് ഒരു വാക്ക്.*

ക്രിസ്തുവിൽ കവിഞ്ഞൊരു സമ്മാനം ലോകത്തിനു നല്കുവാൻ ദൈവത്തിനില്ല. തന്റെ ഏകജാതനെ തന്നെ നല്കിക്കൊണ്ട് ലോകത്തിനു ജീവൻ നല്കുവാൻ അവിടുന്നു തിരുമനസ്സായി എന്നുള്ളതാണ് ദൈവത്തിനു ലോകത്തോടുള്ള സ്നേഹത്തിന്റെ ഏറ്റവും ഉന്നതമായ പ്രകാശനം. ഈശോയുടെ സുവിശേഷത്തിന്റെ സന്തോഷവും ഇതുതന്നെയാണ്. ദൈവം ഈശോയിലൂടെതന്നെ നമ്മെ സ്നേഹിക്കുന്നു. അവിടുത്തെ കാരുണ്യം നമുക്കു നല്കുന്നു. ഈ സ്നേഹവും കാരുണ്യവുമാണ് ക്രൈസ്തവജീവിതത്തെ മഹത്തരമാക്കുന്നത്. 'നമ്മുടെ മതത്തിന്റെ രഹസ്യം ശ്രേഷ്ഠമാണ്' (1 തിമോ. 3:16) എന്നു വി. പൗലോസ് ശ്ലീഹാ തിമോത്തയോസിനോടു പറയുന്നതിന്റെ അർഥവും ഇതുതന്നെ. എല്ലാ മതങ്ങളിലും നന്മകൾ ഉണ്ട്. എല്ലാ നന്മകളും ക്രൈസ്തവർക്കു സ്വീകാര്യവുമാണ്. എല്ലാ നന്മകൾക്കും ഔന്നത്യം പകരുന്ന നന്മയാണ് ക്രിസ്തു നമുക്കു നല്കിയിരിക്കുന്നത്. ആയിരക്കണക്കിനു വിശുദ്ധർക്കു പ്രചോദനവും സന്ദേശവും

സാക്ഷ്യവുമായ കർത്താവായ ക്രിസ്തുവിനെ പൂർണമായും നമ്മുടെ ജീവിതത്തിലേക്കു സ്വീകരിച്ചുകൊണ്ട്, സത്യസന്ധമായി അനുകരിച്ചു കൊണ്ട്, നമുക്കു നമ്മെ അതിനായി സമർപ്പിക്കാം. സഭാജീവിതത്തിൽ ഉൾച്ചേർന്നുകൊണ്ടുമാത്രമേ ഇപ്രകാരം ക്രിസ്തുവിനെ സ്വീകരിക്കു വാനും അനുകരിക്കുവാനും സാധിക്കുകയുള്ളൂ. സഭയുടെ കൂട്ടായ്മ യിൽ നിന്നു ലഭിക്കുന്ന ദൈവവചന അനുഭവവും കൂദാശകളുടെ സ്വീക രണവും പ്രാർഥനാജീവിതവും കൂട്ടായ്മയുടെ പ്രവർത്തനങ്ങളും സംഘടനാപരമായ പരിശ്രമങ്ങളും ക്രിസ്തുവിനെ സ്വന്തം ജീവിത ത്തിൽ സ്വീകരിക്കുവാനും മറ്റുള്ളവരുടെ മുമ്പിൽ സാക്ഷ്യപ്പെടുത്തു വാനും യുവജനങ്ങളെ സഹായിക്കുന്ന ഘടകങ്ങളാണ്. അതുവഴി സഭ യിലെ നവീകരണയത്നങ്ങളിൽ പങ്കുചേരുവാനും സമൂഹത്തിന്റെ സമു ദ്ധാരണത്തിൽ ഭാഗഭാക്കുകളാകുവാനും യുവജനങ്ങൾക്കു കഴിയും. സിനഡിനൊരുക്കമായുള്ള ചർച്ചകളിൽ ഈവക ചിന്തകൾ ഉണ്ടാകു മെന്നു പ്രതീക്ഷിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**+കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017-ാം ആണ്ട് മേയ് മാസം 22 -ാം തിയതി നൽകപ്പെട്ടത്.

---

N.B: 1. ഈ സർക്കുലർ 2017 ജൂലായ് 23 ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.

2. പ്രാരംഭരേഖയെ അടിസ്ഥാനമാക്കി നമ്മുടെ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലും ചർച്ചകൾ നടക്കേണ്ടിയിരിക്കുന്നു. യുവജനസംഘടനകളിലും പ്രസ്ഥാനങ്ങളിലും ഈ രേഖ പഠനവിഷയമാക്കി റിപ്പോർട്ടുകൾ തയ്യാറാക്കണം. ഇടവകകളിലും കലാലയങ്ങളിലുമുള്ള എല്ലാ കത്തോലിക്കായുവജനങ്ങളെയും വിളിച്ചുകൂട്ടി സിനഡിന്റെ പ്രാരംഭരേഖ അവതരിപ്പിച്ച് ചർച്ചകൾ നടത്തി ആശയാവിഷ്ക്കരണം നടത്തുന്നതും നന്നായിരിക്കും. ഒരു രൂപതയിലെ എല്ലാ തലങ്ങളിലും നടക്കുന്ന പഠനങ്ങളുടെ സംയുക്തറിപ്പോർട്ട് രൂപതാമെത്രാന്മാർ 2017 ജൂലൈ 30-നകം അയച്ചുതരണമെന്നു നിർദ്ദേശിക്കുന്നു. രൂപതാ യുവജനഡയറക്ടർമാർ ഇക്കാര്യത്തിൽ മെത്രാന്മാരുടെ മാർഗനിർദ്ദേശമനുസരിച്ച് നേതൃത്വം കൊടുക്കുമല്ലോ. എല്ലാ വൈദികരും ഈ സംരംഭത്തിനു വേണ്ട സഹകരണം നല്കുമെന്നു പ്രത്യാശിക്കുന്നു.

835/2017
——————— C- 5
19.04.2017

# സർക്കുലർ

യേശുവിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

മെയ് മാസത്തിൽ നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തെ പ്രത്യേകമായ വിധത്തിൽ വണങ്ങുന്നതിന് സഭാമാതാവ് നമ്മോട് ആഹ്വാനം ചെയ്യുന്നു. പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയിൽ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. പരിശുദ്ധ അമ്മയ്ക്കായി പ്രതിഷ്ഠിതമായ നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. അതിരൂപതയ്ക്ക് നിങ്ങൾ ചെയ്യുന്ന സേവനങ്ങൾക്ക് ഈയവസരത്തിൽ ഞാൻ പ്രത്യേകം നന്ദി പറയുന്നു. അതിരൂപതയിൽ അടുത്തു നടക്കുവാൻ പോകുന്ന ചില സുപ്രധാനമായ പരിപാടിൾ നിങ്ങളെ അറിയിക്കവാൻ ഞാനാഗ്രഹിക്കുന്നു. പ്രസ്തുത പരിപാടികളുടെ വിജയത്തിന് നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു

**അതിരൂപതാദിനം**

നമ്മുടെ അതിരൂപത സ്ഥാപിതമായിട്ട് ഈ മെയ് 20ന് 130 വർഷം തികയുകയാണ്. അന്നേ ദിവസം അതിരൂപതയ്ക്കുവേണ്ടി നാം പ്രത്യേകം പ്രാർത്ഥിക്കണം. ഈ വർഷത്തെ അതിരൂപതാദിനാഘോഷം പുതുക്കാട് ഫൊറോന പള്ളിയിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചക്ക് 2 മണിവരെ നടത്തപ്പെടുന്നു. അതിരൂപതാദിനാഘോഷ പരിപാടികളിലേക്ക് വൈദികർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സന്യാസഭനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, പുതുക്കാട് ഫൊറോനയിൽ നിന്ന് നിർദ്ദേശിക്കപ്പെട്ട വ്യക്തികൾ തുടങ്ങിയവരെ പ്രത്യേകം ക്ഷണിക്കുന്നു.

**മെഡ്‌ലിക്കോട്ട് പിതാവിന്റെ ചരമശതാബ്ദി**

നമ്മുടെ അതിരൂപതയുടെ പ്രഥമ സാരഥിയും ശില്പിയുമായ മാർ അഡോൾഫ് മെഡ്‌ലിക്കോട്ട് പിതാവിന്റെ ചരമശതാബ്ദി വർഷം അടുത്ത് വരുന്ന മെയ് 4ന് ആരംഭിക്കുകയാണ്. ദീർഘവീക്ഷണത്തോടെ നമ്മുടെ അതിരൂപതയ്ക്ക് രൂപവും ഭാവവും നൽകിയ മെഡ്‌ലിക്കോട്ട് പിതാവിനെ നമുക്ക് നന്ദിയോടെ അനുസ്മരിക്കാം. ചരിത്രപണ്ഡിതനായ ഈ പിതാവിനെക്കുറിച്ചുള്ള ഒരു ചരിത്ര കോൺഫ്രൻസ് മെയ് 8ന് രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 12. 30 വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തുന്നു. പ്രസ്തുത കോൺഫ്രൻസിലേക്ക് എല്ലാ വൈദികരെയും സന്യാസ്ത ഭവനങ്ങളിൽ നിന്നുള്ള പ്രതിനിധികളെയും ഇടവക പ്രതിനിധികളേയും സ്വാഗതം ചെയ്യുന്നു.

**മെയ്ദിനം**

തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളായ മെയ് 1 സമുചിതമായി ആഘോഷിക്കാൻ ഏവരോടും ആഹ്വാനം ചെയ്യുന്നു. മെയ്ദിന പരിപാടികൾ പുതുക്കാട് ഇടവകാർത്തിയിലാണ് ആഘോഷിക്കുന്നത്. മെയ് 1നു തന്നെയാണ് അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവും (1973) ഞാനും (2004) മെത്രാന്മാരായി അഭിഷിക്തരായത്. ഞങ്ങൾക്കുവേണ്ടിയും അന്നേ ദിവസം പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ ജന്മ-ചരമദിനങ്ങൾ**

പാവങ്ങളുടെ പിതാവായ കുണ്ടുകുളം പിതാവ് ജനിച്ചിട്ട് 29.09.2017ന് നൂറ് വർഷം തികയുന്നു. ഏപ്രിൽ 26നാണ് പിതാവിന്റെ ചരമദിനം (1998). പിതാവിനെ ഓർക്കാനും പ്രാർത്ഥിക്കാനുമുള്ള അവസരമാണിത്. ജന്മശതാബ്ദിയെ കുറിച്ചുള്ള വിശദമായ പരിപാടികൾ പിന്നീട് അറിയിക്കുന്നതാണ്.

**അതിരൂപതാ അസംബ്ലി**

അതിരൂപതാ അസംബ്ലിക്ക് ഒരുക്കമായ സർവ്വേ ഫോമുകൾ പൂരിപ്പിച്ചു അയയ്ച്ചു സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി. സർവ്വേ ഫലങ്ങൾ കണക്കിലെടുത്ത് പ്രാദേശിക തലങ്ങളിൽ നവീകരണ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തുകൊണ്ട് സഭയുടെ ശൈലിയും പ്രവർത്തനങ്ങളും കാലാനുസൃതമായ മാറ്റങ്ങൾക്ക് അനരൂപപ്പടുത്തുവാൻ ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു.

**എക്സെൽ**

മേരിമാത സെമിനാരിയിൽ പ്രവർത്തിക്കുന്ന പറോക് എന്ന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിയ സർവ്വേ ഫലങ്ങൾ സാമൂഹ്യതലത്തിലെ പ്രതിസന്ധികളെ കുറിച്ചുള്ള പല മുന്നറിയിപ്പുകളും നമുക്ക് തരുന്നുണ്ട്. കുട്ടികളുടെ (പ്രത്യേകിച്ച് പെൺകുട്ടികളുടെ) എണ്ണത്തിലുള്ള കുറവ്, ഉന്നതവിദ്യാഭ്യാസരംഗത്തിലെ പിന്നോക്കാവസ്ഥ, സർക്കാർ ജോലിക്കാരുടെ എണ്ണത്തിലുള്ള കുറവ്, പൊതുസമൂഹത്തിൽ നിന്നും പിന്തള്ളപ്പെടുന്ന അവസ്ഥ, കുടുംബ തകർച്ച എന്നിവ നമ്മെ ഭയപ്പെടുത്തുന്നു. സമൂഹത്തിന്റെ നേതൃത്വനിരയിലേക്ക് കുട്ടികളെ വളർത്തുന്നതിന് ലക്ഷ്യം വച്ചുകൊണ്ടു ആരംഭിച്ചിരിക്കുന്ന എക്സെൽ പരിപാടി കുട്ടികളെ പങ്കെടുപ്പിക്കുവാൻ ബന്ധപ്പെട്ടവർ നേതൃത്വം കൊടുക്കുമല്ലോ.

**ചർച്ച് ബിൽ - ക്രൈസ്തവർക്കെതിരെയുള്ള നീക്കങ്ങൾ**

ലോകത്തിൽ പല ഭാഗങ്ങളിലും ക്രൈസ്തവർ ഇന്ന് പീഡിപ്പിക്കപ്പെടുന്ന സമൂഹമായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ നാം ഒറ്റക്കെട്ടായ് നില്ക്കുകയും പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവർക്കു വേണ്ടി പ്രാർത്ഥിക്കുകയും വേണം. കേരളത്തിൽ ക്രൈസ്തവരുടെ പള്ളികൾ, സ്ഥാപനങ്ങൾ, മഠങ്ങൾ, ആശു

പത്രികൾ, സെമിനാരികൾ തുടങ്ങിയവയുടെ സ്വത്തുകൾ സർക്കാർ നിശ്ച യിക്കുന്ന സമിതി നിയന്ത്രിക്കുന്നതിനുള്ള ചർച്ച് ബിൽ കൊണ്ടു വരുന്നതിന് ചില നീക്കങ്ങൾ നടക്കുന്നതായി മനസ്സിലാക്കുന്നു. ഇന്ത്യൻ ഭരണഘട നയ്ക്കും മതസ്വാതന്ത്ര്യത്തിനുമെതിരെ നടക്കുന്ന ഇത്തരത്തിലുള്ള നീക്ക ങ്ങൾക്കെതിരെ നാം ജാഗരൂകരായിരിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ചില പുതിയ നീക്കങ്ങളിൽ നാം ജാഗ്രത പാലി ക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും വിദ്യാഭ്യാസപ്രവേശനവുമായി ബന്ധപ്പെ ട്ട ചില നീക്കങ്ങളും നടപടിളും (ഉദാ. മെഡിക്കൽ പ്രവേശനം) ഭരണഘടന ഉറപ്പുവരുത്തിയ ന്യൂനപക്ഷ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നതിനു കാര ണമായിത്തീരുന്നതായി മനസ്സിലാക്കുന്നു.

**സാന്ത്വനം ഇൻഷുറൻസ് പദ്ധതി**

സാധാരണക്കാരും പാവപ്പെട്ടവരുമായിട്ടുള്ളവർക്കുവേണ്ടി സാന്ത്വ നത്തിന്റെ നേതൃത്വത്തിൽ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുന്നു. 4 അംഗ ങ്ങളുള്ള കുടുംബത്തിനു 400+60 (ടാക്സ്) = 460 രൂപയ്ക്ക് ഇൻഷുറൻസ് പ രിരക്ഷ ജൂബിലി മിഷൻ ആശുപത്രിയിൽ ലഭിക്കുന്നതാണ്. ഇതിന്റെ ഫോമു കൾ സ്വാന്തനം ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നതാണ്. സാധിക്കു ന്നത്ര പേരെ അംഗങ്ങളാക്കാൻ വികാരിമാരും സംഘടന-കുടുംബകൂട്ടായ്മ ഭാരവാഹികളും ശ്രമിക്കേണ്ടതാണ്.

ഏവർക്കും അതിരൂപതാദിനത്തിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലർ 2017 മെയ് 7ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങ ളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. +AT

1191/2017 C- 7
09.06.2017

# സർക്കുലർ

## അതിരൂപതാ അസംബ്ലി – 4

### മൂന്നാം അതിരൂപത അസംബ്ലിക്ക് ഒരുക്കമായ ഇടവക അസംബ്ലികൾ

യേശുവിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

മൂന്നാം അതിരൂപതാ അസംബ്ലിക്ക് ഒരുക്കമായ അജപാലന സർവ്വേയോട് ആത്മാർത്ഥമായി സഹകരിച്ചതിന് നിങ്ങളെല്ലാവരോടും പ്രത്യേകിച്ച് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാരോടും കമ്മിറ്റി അംഗങ്ങളോടും നന്ദിയും സ്നേഹവും അറിയിക്കട്ടെ. കുടുംബവും വിശ്വാസജീവിതവും നേരിടുന്ന വെല്ലുവിളികളിലേക്കുള്ള നേർക്കാഴ്ചയായിരുന്നു അജപാലന സർവ്വേ. അതിരൂപതയിലെ കുടുംബങ്ങളിലും വിശ്വാസ ജീവിതത്തിലും നവീകരിക്കേണ്ട മേഖലകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് നിങ്ങൾ നൽകിയ എല്ലാ നിർദ്ദേശങ്ങളും ഏറെ വിലപ്പെട്ടതാണ്. ഒരു വിദഗ്ധ സമിതി അവ പഠിക്കുകയും അതിരൂപതാ അസംബ്ലിക്ക് ഉപയോഗിക്കത്തക്ക വിധത്തിൽ ക്രമീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. പരിശുദ്ധ പിതാവ് പോൾ ആറാമൻ മാർപാപ്പയുടെ വാക്കുകൾ ഇവിടെ ഏറെ സ്മരണീയമാണ്: “സഭ തുളഞ്ഞുകയറുന്ന നോട്ടത്തോടെ തന്നിലേക്ക് തന്നെ നോക്കണം. തന്റെ തന്നെ അസ്തിത്വത്തെക്കുറിച്ച് ചിന്തിക്കുകയും വേണം. സുവ്യക്തവും സജീവവുമായ ഈ ആത്മാവബോധം ഒരു താരതമ്യ പഠനത്തിലേക്ക് നമ്മെ നയിക്കും. ക്രിസ്തു സങ്കൽപ്പിക്കുകയും സ്നേഹിക്കുകയും ചെയ്ത സഭയും, ലോകത്തിന് മുമ്പിൽ സഭ ഇന്ന് അവതരിപ്പിക്കുന്ന യഥാർത്ഥ പ്രതിച്ഛായയും തമ്മിലാണ് താ

രതമ്യം ചെയ്യേണ്ടത്" (cf. Ecclesiam Suam, 9-10). പരിശുദ്ധ പിതാവ് സൂചിപ്പിച്ച ആത്മാവബോധത്തിലേക്ക് നാം വെച്ച ചുവടുവയ്പാണ് അജപാലന സർവ്വേ.

അജപാലന സർവ്വേ നമുക്ക് നൽകിയ വെളിപ്പെടുത്തലുകളും ആത്മാവബോധവും ഫലരഹിതമായിത്തീരാൻ നാം അനുവദിക്കരുത്. അജപാലന സർവ്വേയുടെ ഫലങ്ങളെക്കുറിച്ച് ഓരോ ഇടവകയും ചിന്തിക്കുകയും കുടുംബവും വിശ്വാസ ജീവിതവും നേരിടുന്ന വെല്ലുവിളികൾക്ക് തങ്ങളുടെ പ്രതികരണങ്ങൾ രൂപീകരിക്കുകയും വേണം. നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും നവീകരണത്തിനും ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നതുപോലെ, അജപാലനപരവും പ്രേഷിതത്വപരവുമായ മാനസാന്തരത്തിനും (സുവിശേഷത്തിന്റെ ആനന്ദം, 25–33) എന്തെല്ലാം ചെയ്യാമെന്ന് പര്യാലോചിക്കുന്നതിനും ഉചിതമായ തീരുമാനങ്ങളെടുക്കുന്നതിനും തൃശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിലും നിശ്ചയിക്കപ്പെട്ട സമയക്രമത്തിൽ ഇടവക അസംബ്ലികൾ സമ്മേളിക്കേണ്ടതാണ്. മൂന്നാം അതിരൂപതാ അസംബ്ലിക്ക് ഒരുക്കമായ ഈ സമ്മേളനങ്ങളിൽ അതിരൂപത അസംബ്ലിയുടെ മാർഗ്ഗരേഖയുടെയും (lineamenta) തങ്ങളുടെ ഇടവകയിൽ നടത്തിയ അജപാലന സർവേയുടെയും (ഇടവക റിപ്പോർട്ട്) അടിസ്ഥാനത്തിൽ ഫലപ്രദമായ ചർച്ചകൾ നടത്തണം. മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ഇടവക തലത്തിൽ നടപ്പാക്കേണ്ട കർമ്മ പദ്ധതികൾ തയ്യാറാക്കുകയും ഫൊറോന, അതിരൂപത തലങ്ങളിലേക്കുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യണം. ഇടവകതലത്തിലുള്ള കർമ്മപദ്ധതി ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ നടപ്പാക്കുകയും വേണം. ഇടവക അസംബ്ലിയുടെ നടപടിക്രമം, കർമ്മപദ്ധതികൾ നടപ്പാക്കൽ എന്നിവ അതിരൂപതയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന 'ഇടവക അസംബ്ലിക്കായുള്ള മാർഗ്ഗരേഖ' അനുസരിച്ച് ചെയ്യേണ്ടതാണ്. ഇടവക അസംബ്ലിക്ക് ഒരുമാസം മുമ്പെങ്കിലും ഇടവക മുഴുവനായും പ്രാർത്ഥിച്ചൊരുങ്ങാനും മറക്കരുത്. ജൂലൈ മാസത്തിൽ

ഇടവക അസംബ്ലിക്കുള്ള പ്രതിനിധികളെ 'മാർഗരേഖ' അനുസരിച്ച് തിരഞ്ഞെടുക്കുകയും ആഗസ്റ്റ് മാസത്തിൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അവർ പ്രതിനിധാനം ചെയ്യുന്ന വിഭാഗങ്ങളിൽ 'മൂന്നാം അതിരൂപതാ അസംബ്ലിയുടെ മാർഗ്ഗരേഖ' ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമാഹരിക്കേണ്ടതുമാണ്. സെപ്റ്റംബർ മാസം മുതൽ നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകകളിൽ ബഹു. വികാരിയച്ചന്മാരുടെ അധ്യക്ഷതയിൽ നടക്കുന്ന ഇടവക അസംബ്ലിയെ സഹായിക്കാൻ അതിരൂപതാതലത്തിൽ വിദഗ്ധ സമിതിയുടെ സേവനവും ഉണ്ടായിരിക്കും.

സ്നേഹമുള്ളവരേ, ഏറെ പ്രതീക്ഷയോടും ശുഭാപ്തി വിശ്വാസത്തോടും കൂടെ ഇടവക അസംബ്ലികളുടെ സമ്മേളനങ്ങളെ ഞാൻ നോക്കിക്കാണുകയാണ്. ഇടവകയിലും അതിരൂപതയിലും ഏറെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കാൻ സഹായകമായ ഈ സമ്മേളനങ്ങൾ വിജയകരമായി നടത്താൻ ബഹു. വികാരിയച്ചന്മാരുടെയും സമർപ്പിതരുടെയും അൽമായ നേതാക്കളുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു. പരിശുദ്ധാത്മാവിന്റെ സഹായവും അതിരൂപതയുടെ മധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രാർത്ഥനകളും നിങ്ങളോട് കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2017 ജൂൺ 25-ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT




**1. ഓർമിക്കേണ്ട ദിവസങ്ങൾ**

ജൂലായ്
2 : **ശ്ലീഹ അഞ്ചാം ഞായർ**
3 : മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ
7 : ആദ്യവെള്ളി
9 : **ശ്ലീഹ ആറാം ഞായർ**
11 : വി. ബനഡിക്ട്
15 : വി. കുരിയാക്കോസും വി. ജൂലിറ്റായും
കർമ്മലമാതാവ്
16 : **ശ്ലീഹ ഏഴാം ഞായർ**
15 : പരി. കുർബാനയുടെ തിരുനാൾ
23: **കൈത്താക്കാലം ഒന്നാം ഞായർ**
പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ
25 : വി. യാക്കോബ് ശ്ലീഹാ
26 : വി. യൊവാക്കിമും വി. അന്നയും
28 : വി. അൽഫോൻസ
നിസിബിസിലെ വി. യാക്കോബ്
29 : വി. മർത്താ
30 : **കൈത്താക്കാലം രണ്ടാം ഞായർ**
31 : വി. ഇഗ്നേഷ്യസ് ലെയോള

**2. ജൂലായ് മാസത്തെ പരിപാടികൾ**

ജൂലായ് 05 : 02:30 pm സ്ഥാപനഡയറക്ടർമാരുടെ യോഗം
(വിദ്യാഭ്യാസസ്ഥാപനങ്ങൾ)
07 : 02:30 pm സ്ഥാപനഡയറക്ടർമാരുടെ യോഗം
(സാമൂഹ്യസ്ഥാപനങ്ങൾ)
07:30 pm സാമ്പത്തിക സമിതിയോഗം
10 : 10:00 am വൈദികഏകദിനസമ്മേളനം 2
14 : 02:30 pm സ്ഥാപനഡയറക്ടർമാരുടെ യോഗം
(സെമിനാരികൾ, ഡി. ബി. സി. എൽ. സി., പാസ്റ്ററൽ സെന്ററുകൾ)

| | | | |
|---|---|---|---|
| 18 | : | 11:00 pm | ട്രൈബ്യൂണൽ + കൂരിയ മീറ്റിംഗ് |
| 25 | : | | മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുകതിരുനാൾ |
| 27 | : | 10:00 am | ആലോചനസമിതി യോഗം |

**3. കൈത്താക്കാലം:**

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. സാധാരണയായി ഏഴ് ആഴ്ചകൾ നീണ്ടു നിൽക്കുന്ന ഈ കാലത്തെ കൈത്താക്കാലം എന്നു വിളിക്കുന്നു. 'കൈത്ത' എന്ന പദത്തിന്റെ അർത്ഥം 'വേനൽ' എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. ശ്ലീഹാക്കാലത്തെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാതരു വളർന്നു പന്തലിച്ചു ഫലം പുറപ്പെടുവിക്കുന്നതിനെ ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് സഭയുടെ വളർച്ചയുടെ കാലമായി ഈ കാലം പരിഗണിക്കപ്പെടുന്നു.

സഭയുടെ വളർച്ചയെ നിയന്ത്രിക്കുന്ന മാനദണ്ഡം ഈ ലോകത്തിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന വ്യക്തികളുടെ ജീവിതമാണ്. അതുകൊണ്ട് സഭയുടെ വിശ്വസ്ത സന്താനങ്ങളായ ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ഓർമ്മ ഈ കാലത്തിന്റെ പ്രത്യേകതയാണ്. അവരുടെ ജീവിതചര്യ അനുകരിക്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ടെന്ന വസ്തുതയും ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. യഥാർത്ഥവളർച്ച ആന്തരികനവീകരണത്തിൽ അടങ്ങിയിരിക്കുന്നു. നിയമാനുഷ്ഠാനത്തിലൂടെ മനസ്സിന്റെയും ഹൃദയത്തിന്റെയും നവീകരണം വഴി ഒരു സമൂലപരിവർത്തനം അനിവാര്യമായിരിക്കുന്നു എന്ന് ഈ കാലം ഓർമ്മിപ്പിക്കുന്നു.

കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്ന ഏലിയാ-ശ്ലീവാ-മൂശക്കാലത്തിന്റെ മുന്നോടിയായിട്ടും ഇതിനെ കാണാവുന്നതാണ്. അതുകൊണ്ട് അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആവശ്യകതയിലേക്കും ആ കാലം വിരൽ ചൂണ്ടുന്നു. കർത്താവിന്റെ വരവിനുവേണ്ടി നാം ഒരുങ്ങിയിരിക്കണം. പാപത്തോടു വിടപറഞ്ഞ് ജീവിതവിശുദ്ധീകരണത്തിലൂടെ നമുക്ക് വ്യാപരിക്കാം.

**4. തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ**

ജൂലൈ 25 അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളാണ്. അഭിവന്ദ്യപിതാവിന് അതിരൂപത മുഴുവന്റെയും സ്നേഹാശംസകൾ. അന്നേദിവസം ദിവ്യബലികളിൽ പിതാവിനെ പ്രത്യേകം ഓർത്തു പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**5. സീറോ മലബാർ സഭാദിനം**

ജൂലൈ 3ന് സീറോ മലബാർ സഭാദിനമാണല്ലോ. അന്നേ ദിവസം നമ്മുടെ സഭക്കും മേജർ ആർച്ച്ബിഷപ്പിനും വേണ്ടി പ്രാർത്ഥിക്കണം. അന്നേ ദിവസം കുർബാന മദ്ധ്യേയെടുക്കുന്ന പ്രത്യേക പിരിവ് കാക്കനാട് ശ്രേഷ്ഠ മെത്രാപ്പോലീത്തൻ സാമ്പത്തിക കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കുവാനായി ജൂലൈ 20ന് മുമ്പ് അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്. (ഒരാൾക്ക് 2 രൂപ വീതം).

**6. വൈദിക ഏകദിനസമ്മേളനം**

വൈദിക ഏകദിനസമ്മേളനം ജൂലൈ 10ന് (തിങ്കൾ) രാവിലെ 10 മുതൽ വൈകീട്ട് 4 വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തുന്നു. എല്ലാ വൈദികരും പങ്കെടുക്കുമല്ലോ.

**7. വിയാനി ഡേ**

വിയാനി ഡേയും വൈദികസമ്മേളനവും ആഗസ്റ്റ് 2ന് രാവിലെ 10:30 മണി മുതൽ മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. രജത ജൂബിലിയും സുവർണ്ണജൂബിലിയും ആഘോഷിക്കുന്ന വൈദികരെ ഈ യോഗത്തിൽ പ്രത്യേകം അനുമോദിക്കുന്നതാണ്.

**8. തെരട്ട് :**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് സമർപ്പിക്കൽ **2017 ജൂലായ് 4-ാം തീയതി** മുതൽ ആരംഭിക്കുകയാണ്. ഫൊറോന അടിസ്ഥാനത്തിലാണ് പള്ളികളുടെ തെരട്ട് കൊണ്ടുവരാനുള്ള സമയം ക്രമീകരിച്ചിട്ടുള്ളത്. തെരട്ട് കൊണ്ടു വരേണ്ട ദിവസവും സമയക്രമവും ഈ മാസത്തെ ബുള്ളറ്റിനിൽ സാമ്പത്തികകാര്യാലയ വാർത്തയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം കൃത്യസമയത്തുതന്നെ തെരട്ടുമായി എത്താൻ ശ്രദ്ധിക്കുമല്ലോ.

**9. വൈദികരുടെ വാർഷികധ്യാനം :**

ബഹു. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം സെപ്തംബർ 24 മുതൽ 29 വരെയും ഒക്ടോബർ 1 മുതൽ 6 വരെയും രണ്ടു ബാച്ചുകളിലായി നടത്തുന്നു.

ധ്യാനവേദി : നെസ്റ്റ്, കോതമംഗലം (ഒന്നാംബാച്ച്) &
മേരി മാതാ സെമിനാരി (രണ്ടാം ബാച്ച്)

ധ്യാനഗുരു : മാർ ജോസ് പുളിക്കൻ

- മുഴുവൻ സമയവും താമസിച്ചു ധ്യാനിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും കാലേക്കൂട്ടി ചെയ്യണം.
- ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം, ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തേന്തി, മരണപത്രം (എഴുതാ

ത്തവർ) എന്നിവ കൊണ്ടു വരണം.

- എല്ലാ ബഹു. വൈദികരും പൊതുവാർഷികധ്യാനത്തിൽ പങ്കെടുക്കണമെന്നാണ് അഭിവന്ദ്യപിതാവിന്റെ താത്പര്യം. ഏതെങ്കിലും കാരണവശാൽ പൊതുധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ബഹു. വൈദികർ ഡിസംബർ 31നു മുമ്പ് സ്വന്തമായി വാർഷികധ്യാനം നടത്തി കുമ്പസാരപത്തേന്തിയും കുർബാനകണക്കും അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച് പുതുക്കേണ്ടതാണ്.

- വാർഷികധ്യാനത്തിന്റെ ലിസ്റ്റ് താഴെ കൊടുത്തിട്ടുണ്ട്. ബാച്ചുകൾ മാറുന്നതിനോ (മറ്റു ബാച്ചിലുള്ള വൈദികനുമായി മാറുന്നതിനു ധാരണയായശേഷം) ലീവിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബഹു. വൈദികർക്കാർക്കെങ്കിലും പൊതുധ്യാനത്തിൽ പങ്കെടുക്കുന്നതിനോ ആഗ്രഹമുണ്ടെങ്കിൽ അക്കാര്യം **2017 സെപ്തംബർ 1നു** മുമ്പായി അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

## RETREAT BATCH 1 - NESTT, Kothamangalam

1. Rev. Fr. Adambukulam Joy
2. Rev. Fr. Akkara Raju
3. Rev. Fr. Akkmattathil Raphael
4. Rev. Fr. Alappat Bastin
5. Rev. Fr. Alappatt Paul
6. Rev. Fr. Aloor Francis
7. V. Rev. Fr. Aloor Joju
8. Rev. Fr. Aloor Joshy
9. Rev. Fr. Ammuthan Antony
10. V. Rev. Fr. Anthikkadan Johnson
11. Rev. Fr. Anthikkat Johnson
12. Rev. Fr. Anthikkatt Joseph
13. Rev. Fr. Appadan Babu
14. Rev. Fr. Arackal Paul
15. Rev. Fr. Arangassery Jose
16. Rev. Fr. Arassery Joseph
17. Rev. Fr. Arimboor Johnson
18. V. Rev. Fr. Ayyankanayil John
19. Rev. Fr. Chackalakkal Seejan
20. Rev. Fr. Chakkalackal Davis
21. Rev. Fr. Chelappadan George
22. Rev. Fr. Chembakassery Antony
23. Rev. Fr. Chiramel Able
24. Rev. Fr. Chiramel Christeen
25. Rev. Fr. Chiramel Jolly
26. Rev. Fr. Chirayath Joffy
27. Rev. Fr. Chiriankandath Geo
28. Rev. Fr. Chiriankandath Ginson
29. Rev. Fr. Chiriankandath Prince
30. Rev. Fr. Chiryankandath Joju
31. Rev. Fr. Chittilappilly Aneesh
32. Rev. Fr. Chittilappilly Jaison
33. Rev. Fr. Chittilappilly Jinto
34. Rev. Fr. Chittilappilly Joffy
35. Rev. Fr. Chittilappilly Lijo
36. Rev. Fr. Chittilappilly Paul
37. V. Rev. Fr. Choondal Thomas
38. Rev. Fr. Edakkalathoor Jimmy

39. V. Rev. Fr. Edakkalathur George
40. Rev. Fr. Edakkalathur Jose
41. Rev. Fr. Edakkalathur Sinson
42. Rev. Fr. Edakkalathur Varghese
43. Rev. Fr. Edathuruthy Jojo
44. Rev. Fr. Eluvathingal Antos
45. Rev. Fr. Emmatty Jomon
46. Rev. Fr. Inchodikkaran James
47. Rev. Fr. Kachappilly Jose
48. Rev. Fr. Kadavi Geo
49. Rev. Fr. Kaipulliparamban Benny
50. Rev. Fr. Kallikkadan Paul
51. Rev. Fr. Kanimangalathukkaran Vincent
52. Rev. Fr. Kanjirathingal Anto
53. Rev. Fr. Kanjirathingal Baiju
54. Rev. Fr. Kanjirathingal Varghese
55. Rev. Fr. Kannampuzaha Davis
56. Rev. Fr. Kannanaickal Wilson
57. Rev. Fr. Karippery Varghese
58. Rev. Fr. Kattukaran Paul
59. Rev. Fr. Kavalakkat Franco
60. Rev. Fr. Kavalakkatt Seby
61. Rev. Fr. Kidangan Benny
62. Rev. Fr. Kidangan Joy
63. Rev. Fr. Kokken Raju
64. Rev. Fr. Kollanoor Joy
65. Msgr. Kombara George
66. Rev. Fr. Konikkara Jose (Jr.)
67. Rev. Fr. Konikkara Jose (Sr.)
68. Rev. Fr. Koonamplackal Jackson
69. Rev. Fr. Koonamplackal Jaison
70. Rev. Fr. Koothur Francis
71. Rev. Fr. Koothur Joy
72. Rev. Fr. Koreth Joyson
73. Rev. Fr. Kundukulam Stishin
74. Rev. Fr. Kurissery Ittiachan
75. Rev. Fr. Kuruthukulangara Antony
76. Rev. Fr. Kuttikkat Jinto
77. Rev. Fr. Kuttikkatt Andrews
78. Rev. Fr. Kuttikkottayil Mathew
79. Rev. Fr. Maliyammavu Paul
80. Rev. Fr. Marocky Dennis
81. Rev. Fr. Marocky Jaison
82. Rev. Fr. Maroky Sajan
83. Rev. Fr. Marottickal Alex
84. Rev. Fr. Mecheripady Antony
85. Rev. Fr. Mooken Joy
86. Rev. Fr. Mookken Roy
87. Rev. Fr. Muringathery Joseph
88. Rev. Fr. Muringathery Joy
89. Rev. Fr. Muringathery Naveen
90. Rev. Fr. Muttath Francis
91. V. Rev. Fr. Neelankavil Pauly
92. Rev. Fr. Nellikkal Aneesh
93. Rev. Fr. Nettikkadan David
94. Rev. Fr. Olakkengil Dunstan
95. Rev. Fr. Olakkengil Johnson
96. Rev. Fr. Olakkengil Lawrance
97. V. Rev. Fr. Palathingal Paulson
98. Rev. Fr. Pallikkunnath Francis
99. Rev. Fr. Panengadan Biju
100. Rev. Fr. Panthallookkaran Devassy
101. Rev. Fr. Parekkattil Johny Antony
102. Rev. Fr. Pavarattikkaran John
103. Rev. Fr. Perinchery Ajeesh
104. Rev. Fr. Perumattil Chirston
105. Rev. Fr. Pindian Prince
106. Rev. Fr. Pindiyan Paul
107. V. Rev. Fr. Poovathukkaran Joseph
108. Rev. Fr. Pulikkan Paul
109. Rev. Fr. Puthiri Frango

110. Rev. Fr. Thacharattil Jacob
111. V. Rev. Fr. Thalakkodan Dominic
112. Rev. Fr. Thalakkottur Francis
113. Rev. Fr. Thaliyaparambil Lyril
114. Rev. Fr. Thalonikkara Tinto
115. Rev. Fr. Thanickal Denny
116. Rev. Fr. Thanickal Manoj
117. V. Rev. Fr. Thanickal Paul
118. Rev. Fr. Tharakan Geo
119. Rev. Fr. Tharakan Varghese
120. Rev. Fr. Thattil Linto
121. Rev. Fr. Thattil Paulson
122. Rev. Fr. Thattil Raphy
123. Rev. Fr. Thattil Soly
124. Rev. Fr. Thazhekkadan Jibin
125. Rev. Fr. Thekkanath Justin
126. Rev. Fr. Thekkanath Paul
127. Rev. Fr. Thekkekakra Davis
128. Rev. Fr. Thekkekara Jose (Jr.)
129. Rev. Fr. Thekkumpuram Jaison
130. Rev. Fr. Thermadam George
131. Rev. Fr. Thermadam Shajan
132. Rev. Fr. Thermadam Simon
133. Rev. Fr. Thorayan Sinto
134. Rev. Fr. Ukken Shaju
135. Rev. Fr. Vadakkan Job
136. Rev. Fr. Vadakkan Sajan
137. Rev. Fr. Vadakkethala Thomas
138. V. Rev. Fr. Vadakkoot James
139. V. Rev. Fr. Vallooran Jose
140. Rev. Fr. Vattanirappel Jaison
141. Rev. Fr. Vazhappilly Bilju
142. Rev. Fr. Vazhappilly Frajo
143. Rev. Fr. Vazhappilly Francis
144. Rev. Fr. Vazhappilly Tony
145. V. Rev. Fr. Vazhappilly Twinkle
146. Rev. Fr. Velukkaran Thomas
147. Rev. Fr. Vennattuparambil Joshy
148. Rev. Fr. Vettath Mathew
149. Rev. Fr. Vettath Sebastian

## RETREAT BATCH II - Mary Matha Seminary

1. V. Rev. Fr. Ainikkal Johnson
2. Rev. Fr. Akkamattathil Shonson
3. Rev. Fr. Alanthanath Nysson
4. Rev. Fr. Alappat Biju
5. Rev. Fr. Alappatt Biju Joseph
6. Rev. Fr. Alappatt Francis
7. Rev. Fr. Alukka Antony
8. Rev. Fr. Ambookan Noby
9. Rev. Fr. Arangassery Saleesh
10. Rev. Fr. Arangassery Sanoj
11. Rev. Fr. Arikkatt Sijo
12. Rev. Fr. Arimboor Jerin
13. Rev. Fr. Chakkery Mathew
14. Rev. Fr. Chalakkal Jackson
15. Rev. Fr. Chalakkal Jose
16. V. Rev. Fr. Chalakkal Thobias
17. Rev. Fr. Chalissery Bijo Jose
18. Rev. Fr. Chalissery Johnson
19. Rev. Fr. Chazhoor Domini
20. Rev. Fr. Chemmannoor John Paul
21. Rev. Fr. Cheradai Geo
22. Rev. Fr. Cherayath Davis
23. Rev. Fr. Cherayath Davis (Jr.)
24. Rev. Fr. Cheruvathoor Chacko

25. Rev. Fr. Cheruvathoor Joyson
26. Rev. Fr. Cheruvathoor Vincent
27. Rev. Fr. Chiramel Chacko
28. Rev. Fr. Chiramel Davis (Jr.)
29. Rev. Fr. Chiramel Simson
30. Rev. Fr. Chirayath Anto
31. Rev. Fr. Chirayath Shaju
32. Rev. Fr. Chiriankandath Lijo
33. Rev. Fr. Chittattukara Seby
34. Rev. Fr. Chittilappilly Antony
35. Rev. Fr. Chittilappilly Binoy
36. Rev. Fr. Chittilappilly John
37. Rev. Fr. Chittilappilly Shiju
38. Rev. Fr. Chittilappilly Vincent
39. Rev. Fr. Chullikkadan Joby
40. Rev. Fr. Edakkalathur Anto
41. Rev. Fr. Edakkalathur Louis
42. Rev. Fr. Edakkalathur Thomas
43. Rev. Fr. Edayal Chacko
44. Rev. Fr. Eluvathingal Justin
45. Rev. Fr. Eluvathingal Rojo
46. Rev. Fr. Emmatty Sajeev
47. Rev. Fr. Kakkassery Bestin
48. Msgr. Kakkassery Thomas
49. Rev. Fr. Kakkassery Tony
50. Rev. Fr. Kallarakkal Pratheesh
51. Rev. Fr. Kallikkadan Starzon
52. Rev. Fr. Kallingalkudiyl Jimmy
53. Rev. Fr. Kanjirathingal Prinson
54. Rev. Fr. Kanjirathingal Seby
55. Rev. Fr. Kappilanirappel Jijo
56. Rev. Fr. Karerakkattil Aljo
57. Rev. Fr. Kariattil Varghese
58. Rev. Fr. Kidangan John
59. Rev. Fr. Kizhakkoodan Sony
60. Rev. Fr. Kochupurakkal Kuriakose
61. Rev. Fr. Kolambrath Martin
62. Rev. Fr. Kollannur Royson
63. Rev. Fr. Koola Ditto
64. Rev. Fr. Koothur Febin
65. V. Rev. Fr. Koothur Varghese
66. Rev. Fr. Koothur Vellattukara Anish
67. Rev. Fr. Kulangara Printo
68. Rev. Fr. Kundukulangara Jovy
69. Rev. Fr. Kunnappilly Teds
70. Rev. Fr. Kunnappilly Tens
71. Rev. Fr. Kuzhikkattumyalil Sijon
72. Rev. Fr. Malokkaran Jickson
73. Msgr. Manadan George
74. Rev. Fr. Mandumpal Taison
75. Rev. Fr. Manjaly Francis
76. Rev. Fr. Mapranathukkaran Pradeep
77. Rev. Fr. Mapranathukkaran Shijo
78. Rev. Fr. Marottickal Majo
79. Rev. Fr. Mekkattukulam Jiphy
80. Rev. Fr. Menachery Antony
81. Rev. Fr. Moolan John
82. Rev. Fr. Mullakakra Tijo
83. Rev. Fr. Mundopuram Daison
84. Rev. Fr. Muringathery Jijo
85. Rev. Fr. Muringathery Jomon
86. Rev. Fr. Muringathery Sijo
87. Rev. Fr. Muthupeedika Raphael
88. Rev. Fr. Nadakkeveliyil Chacko
89. Rev. Fr. Nandikkara Ignatius
90. Rev. Fr. Neelamkavil Francis
91. V. Rev. Fr. Neelankavil Tony
92. Rev. Fr. Neelankavil Anson
93. Rev. Fr. Nirappukalayil George
94. Rev. Fr. Olapurakkal Rinjo
95. Rev. Fr. Ollukkaran Anto
96. Rev. Fr. Padayattil Job

97. Rev. Fr. Paikkat Sobin
98. Rev. Fr. Palathingal Varghese
99. Rev. Fr. Panakkal Joju
100. Rev. Fr. Panamkulam Davis
101. Rev. Fr. Panattuparambil Babu
102. Rev. Fr. Panengadan Anto
103. Rev. Fr. Parakkal Cherian
104. Rev. Fr. Parayil Shinto
105. Rev. Fr. Payyappilly Paul
106. Rev. Fr. Peramangalath Paul
107. Rev. Fr. Pereppadan Jinto
108. Rev. Fr. Peruttil Sebastian
109. Rev. Fr. Pidiyath Wilson
110. Rev. Fr. Pindiyan Sajan
111. Rev. Fr. Ponthekkan Sinto
112. Rev. Fr. Poopady Thomas
113. Rev. Fr. Poovathingal Prince
114. Rev. Fr. Poozhikkunnel Justin
115. Rev. Fr. Porathur Joju
116. Rev. Fr. Pulikkottil Davis
117. Rev. Fr. Pulikkottil Jose
118. Rev. Fr. Pullokkaran Raphael
119. Rev. Fr. Punnassery Jaison
120. Rev. Fr. Punnoliparambil Bastin
121. V. Rev. Fr. Punnoliparambil Jos
122. Rev. Fr. Puthur Joby
123. Rev. Fr. Puthur Joy
124. Rev. Fr. Puthur Seby
125. Rev. Fr. Puthur Sijo
126. Rev. Fr. Thadathil Justin
127. Rev. Fr. Thaikakattil Saijo
128. Rev. Fr. Thaikkattil Sonjai
129. Rev. Fr. Thaliyath Nibin
130. Rev. Fr. Thanickal Lazar
131. V. Rev. Fr. Thanissery Raphael
132. V. Rev. Fr. Tharakan Francis
133. Rev. Fr. Tharayil Demin
134. Rev. Fr. Thathrathil Jose
135. Rev. Fr. Thattil Bernard
136. Rev. Fr. Thattil Jense
137. Rev. Fr. Thayyalakkal Flergin
138. Rev. Fr. Thazhath Jickson
139. Rev. Fr. Thekkiniath Geo
140. Rev. Fr. Ukken Johnson
141. Rev. Fr. Ukken Varghese
142. Rev. Fr. Vadakkan Raphael
143. Rev. Fr. Vadakkan Roy Joseph
144. Rev. Fr. Vadakkethala Jaison
145. Rev. Fr. Vadakkethala Saju
146. Rev. Fr. Valloopara Jeejo
147. Rev. Fr. Vazhappilly Jiby
148. Rev. Fr. Velakombil Roy
149. Rev. Fr. Vezhaparambil Clement
150. Rev. Fr. Vithayathil Daveed

## LEAVE

1. Rev. Fr. Achandy Johnson
2. Rev. Fr. Alappadan Fijo
3. Rev. Fr. Arackal Francis
4. Rev. Fr. Arimboor Tony
5. Rev. Fr. Chakkumpeedika Thomas
6. Rev. Fr. Chalakkal Sebastian
7. Rev. Fr. Chalissery Cyriac
8. Rev. Fr. Chalissery Lijo
9. Rev. Fr. Chalissery Paul
10. Rev. Fr. Chelappadan Babu
11. Rev. Fr. Cheeramban Shajan
12. Rev. Fr. Cheruvathoor George

13. Rev. Fr. Cheruvathoor Sijo
14. Rev. Fr. Cheruvathur Douglas Peter
15. Rev. Fr. Chiramel Davis (Sr.)
16. Rev. Fr. Chiramel George
17. Rev. Fr. Chirayath Denny
18. Rev. Fr. Chiriankandath Anto
19. Rev. Fr. Chiriankandath Sunil
20. Rev. Fr. Chirankandath Shijo
21. Rev. Fr. Chittilappilly Johnson
22. Rev. Fr. Chittilappilly Joy (Jr.)
23. Rev. Fr. Chittilappilly Joy (Sr.)
24. Rev. Fr. Chittilappilly Seby
25. Rev. Fr. Choondal Jinto
26. Rev. Fr. Chungath John
27. Rev. Fr. Edaakkalathur Jacob
28. Rev. Fr. Eluvathingal Frederick
29. Rev. Fr. Kadappuran Joby
30. Rev. Fr. Kaitharath Justin
31. Rev. Fr. Kalleri Geomon
32. Rev. Fr. Kannanaickal Franklin
33. Rev. Fr. Kareparamban Sinto
34. Rev. Fr. Kattukkaran Sijo
35. Rev. Fr. Keeticka Finosh
36. Rev. Fr. Keezhoormuttikkal Manoj
37. Rev. Fr. Kollannur John
38. Rev. Fr. Koothoor Fexin
39. Rev. Fr. Koreth Mejo
40. Rev. Fr. Kundukulam Johnson
41. Rev. Fr. Kundukulam Vincent
42. Rev. Fr. Malieckal Sanal
43. Rev. Fr. Melit Palathingl Verghese
44. Rev. Fr. Mulakkal John
45. Rev. Fr. Mullakkara Terin
46. Rev. Fr. Mundenkurian Renny
47. Rev. Fr. Nayankara Prince
48. Rev. Fr. Olakkengil Dijo
49. Rev. Fr. Pallipurathukkaran Geo
50. Rev. Fr. Parokkaran Joshy
51. Rev. Fr. Parrokkaran Binu
52. Rev. Fr. Pidiyath Jijo
53. Rev. Fr. Porathur Sinto
54. Rev. Fr. Poruthur Daijo
55. Rev. Fr. Pulikkottil Paul
56. Rev. Fr. Pulikkottil Jaison
57. Rev. Fr. Thachoth Ajith
58. Rev. Fr. Thaikkadan John Paul
59. Rev. Fr. Thaikkattil Lawrance
60. Rev. Fr. Thaivalappil Rejoy
61. Rev. Fr. Thalakkottoor Shanto
62. Rev. Fr. Thattil Linson
63. Rev. Fr. Vadakoot Thomas
64. Rev. Fr. Vaikkadan Joseph
65. Rev. Fr. Vattakuzhy Jose
66. Rev. Fr. Vazhappilly Saijan
67. Rev. Fr. Vellara John Ansil
68. Rev. Fr. Vithayathil Kozhukkullikaran Rijo

## RETREAT AT PRIESTS' HOME

1. Msgr. Akkara George
2. Msgr. Kakkassery Joseph
3. Rev. Fr. Ainikkal Antony
4. Rev. Fr. Ainikkal Jose
5. Rev. Fr. Arackal Sebastian
6. Rev. Fr. Chalackal Louis
7. Rev. Fr. Chemmanoor John
8. Rev. Fr. Cherayath Jacob
9. Rev. Fr. Chettupuzhakkaran Giles
10. Rev. Fr. Chittilappilly Jose T.

11. Rev. Fr. Chittilappilly Raphael
12. Rev. Fr. Edakkalathur Francis
13. Rev. Fr. Kannampuzha Antony
14. Rev. Fr. Kappany Paul
15. Rev. Fr. Karippery Francis
16. Rev. Fr. Kollannur Sebastian
17. Rev. Fr. Mangalam Augustine
18. Rev. Fr. Maroky Paul
19. Rev. Fr. Mechery Antony
20. Rev. Fr. Panengadan Xavier
21. Rev. Fr. Parayil Chacko
22. Rev. Fr. Peramangalath Mathew
23. Rev. Fr. Porathur Nicholas
24. Rev. Fr. Pulicken Joseph
25. Rev. Fr. Pulikkottil Johnson
26. Rev. Fr. Thatikkattil Jacob
27. Rev. Fr. Thekinieth Antony
28. Rev. Fr. Thekkanath Antony
29. Rev. Fr. Thekkekara Jose (Sr.)
30. Rev. Fr. Therattil George
31. Rev. Fr. Thottan Antony
32. Rev. Fr. Vadakkethala George
33. Rev. Fr. Vadakkethala Joseph

**9. വൈദികനിയമനം :**

1. ഫാ. ആന്റണി പറമ്പൻ CMI – പ്രീസ്റ്റ്-ഇൻ-ചാർജ്ജ് ചിയ്യാരം ഗലീലി & കപ്ലോൻ ക്വീൻ മേരി സി. എം. സി.; വികാരി വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി; സാധുത 2017 മെയ് 20 മുതൽ.
2. ഫാ. ജോസ് ചിറപ്പണത്ത് CMI – പ്രീസ്റ്റ്-ഇൻ-ചാർജ്ജ് ചിയ്യാരം ഗലീലി & കപ്ലോൻ ക്വീൻ മേരി സി. എം. സി. ഒഴിവായി; സാധുത 2017 മെയ് 20 മുതൽ.
3. ഫാ. ബേബി ഷെപ്പേർഡ് എടക്കളത്തൂർ CMI – വികാരി വരന്തരപ്പിള്ളി കിഴക്ക്; സാധുത 2017 മെയ് 20 മുതൽ.
4. ഫാ. തങ്കച്ചൻ ഞാളിയത്ത് O'Carm – വികാരി ചേറ്റുപുഴ & കപ്ലോൻ എസ്. എ. ബി. എസ്. ഒഴിവായി; സാധുത 2017 മെയ് 22 മുതൽ.
5. ഫാ. ബോബി തറക്കുന്നേൽ O'Carm – വികാരി ചേറ്റുപുഴ & കപ്ലോൻ എസ്. എ. ബി. എസ്.; സാധുത 2017 മെയ് 22 മുതൽ.
6. ഫാ. അബിൻ കല്ലറക്കൽ CMI – സഹവികാരി മുല്ലശ്ശേരി ഒഴിവായി; സാധുത 2017 മെയ് 22 മുതൽ.
7. ഫാ. ജെറിഷ് അറക്കൽ CMI – സഹവികാരി മരിയാപുരം ഒഴിവായി; സാധുത 2017 മെയ് 22 മുതൽ.
8. ഫാ. ഡൊമിനിക് തലക്കോടൻ – അതിർത്തി നിർണ്ണയകമ്മറ്റി അംഗത്വം ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ.

9. ഫാ. സിജോ ചെറുവത്തൂർ - ഐ. ടി. സെൽ അംഗത്വം ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ.

10. ഫാ. ടെൻസ് കുന്നപ്പിള്ളി - ഐ. ടി. സെൽ അംഗത്വം ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ.

11. ഫാ. ജോസ് ചാലക്കൽ - കൺസ്ട്രക്ഷൻ കമ്മറ്റി അംഗത്വം ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ.

12. ഫാ. പോളി നീലങ്കാവിൽ - കൺസ്ട്രക്ഷൻ കമ്മറ്റി അംഗത്വം ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ.

13. ഫാ. സിജോ തയ്യാലക്കൽ CMI - സഹവികാരി അമ്മാടം ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ.

14. ഫാ. ആൽബിൻ ജോസഫ് പാറയിൽ O'Carm - സഹവികാരി മുല്ലശ്ശേരി; സാധുത 2017 ജൂൺ 1 മുതൽ.

15. ഫാ. നോബി മുളന്തറവയലിൽ SDV - സഹവികാരി മുല്ലശ്ശേരി; സാധുത 2017 ജൂൺ 1 മുതൽ.

16. ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ - സഹവികാരി ഒല്ലൂർ മേരിമാത ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ.

17. ഫാ. ജോബിൻ കൊളപ്പിൽ SDV - സഹായി മറ്റം ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ.

18. ഫാ. ഫെക്സിൻ കൂത്തൂർ - പഠനാവധി; നടത്തുവികാരി കോനിക്കര & നോട്ടറി മെത്രാപ്പോലീത്തൻ കോടതി ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ.

19. ഫാ. സെബാസ്റ്റ്യൻ പാലത്തിങ്കൽ CMI - സഹവികാരി അമ്മാടം; സാധുത 2017 ജൂൺ 1 മുതൽ.

20. ഫാ. സജു വടക്കേത്തല - വികാരി കോനിക്കര കൂടി; സാധുത 2017 ജൂൺ 1 മുതൽ.

21. ഫാ. ജോസ് കോനിക്കര സീനിയർ - വികാരി ആളൂർ ഒഴിവായി, താമസം വിയാനിഭവൻ; സാധുത 2017 ജൂൺ 1 മുതൽ.

22. ഫാ. ജോസ് വള്ളൂരാൻ - നടത്തുവികാരി ആളൂർ ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ.

23. ഫാ. ലിറിൽ തളിയപറമ്പിൽ - വികാരി ആളൂർ; സാധുത 2017 ജൂൺ 1 മുതൽ.

24. ഫാ. ജസ്റ്റിൻ കൈതാരത്ത് - പഠനാവധി, നടത്തുവികാരി തങ്ങാലൂർ നോർത്ത് ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ.

25. ഫാ. ജീജോ വള്ളൂപ്പാറ - വികാരി തങ്ങാലൂർ നോർത്ത് കൂടി; സാധുത 2017 ജൂൺ 1 മുതൽ.

26. ഫാ. സിറിയക് ചാലിശ്ശേരി - പഠനാവധി; വികാരി കാവീട് ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ.

27. ഫാ. ടോളസ് ആലുക്കൽ SDV - നടത്തുവികാരി കാവീട്; സാധുത 2017 ജൂൺ 1 മുതൽ.

28. ഫാ. ജിബിൻ താഴേക്കാടൻ - ടീച്ചർ മേരിമാത മേജർ സെമിനാരി; സാധുത 2017 ജൂൺ 8 മുതൽ.

29. ഫാ. വിപിൻ കൊള്ളന്നൂർ SDV - സഹവികാരി ഒല്ലൂർ മേരിമാത; സാധുത 2017 ജൂൺ 1 മുതൽ.

30. ഫാ. ഡൊമിനി ചാഴൂർ - ഡയറക്ടർ, പ്രോജക്ട് ഓഫ് ആബാ റിട്രീറ്റ് സെന്റർ മുളയം ഡയറക്ടർ ആബാ റിട്രീറ്റ് സെന്റർ ചേറൂർ ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ.

31. ഫാ. സജീവ് ഇമ്മട്ടി - ഡയറക്ടർ ആബാ റിന്യൂവൽ കൂടി; സാധുത 2017 ജൂൺ 1 മുതൽ.

**10. പ്രത്യേകനിയമനം :**

**സെൻസർ ഓഫ് ബുക്ക്സ്**

ഫാ. ജിഫി മേക്കാട്ടുകുളം
ഫാ. പോൾ പുളിക്കൻ
ഫാ. സൈജോ തൈക്കാട്ടിൽ

**അതിർത്തിനിർണ്ണയകമ്മറ്റി**

ഫാ. പോൾ പേരാമംഗലത്ത്
ഫാ. ജോയ് മൂക്കൻ
ഫാ. നൈസൻ ഏലന്താനത്ത്

**തീർത്ഥകേന്ദ്രകമ്മറ്റി**

ഫാ. പോൾ പേരാമംഗലത്ത്
ഫാ. ജോയ് മൂക്കൻ
ഫാ. നൈസൻ ഏലന്താനത്ത്

**ഐ. ടി. സെൽ**

ഫാ. ഡെമിൻ തറയിൽ (ചെയർമാൻ)
ഫാ. നൈസൻ ഏലന്താനത്ത് (കൺവീനർ)
ഫാ. റോയ് ജോസഫ് വടക്കൻ
ഫാ. ജോൺ പാവറട്ടിക്കാരൻ
ഫാ. ആന്റോ പാണേങ്ങാടൻ
ഫാ. ടിന്റോ തലോണിക്കര
ഫാ. ഡേവിഡ് നെറ്റിക്കാടൻ
ഫാ. റോയ്സൻ കൊള്ളന്നൂർ

ഫാ. സിംസൺ ചിറമ്മൽ
ഫാ. സോബിൻ പായിക്കാട്ട്
ഫാ. പ്രതീഷ് കല്ലറക്കൽ

## Administrative Tribunal for Palliyogam

മോൺ. തോമസ് കാക്കശ്ശേരി (പ്രസിഡന്റ്)
ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി (വൈസ് പ്രസിഡന്റ്)
ഫാ. ജോൺസൻ ഐനിക്കൽ (വൈസ് പ്രസിഡന്റ്)
ഫാ. ഫ്രാൻസിസ് ആളൂർ (സെക്രട്ടറി)
ഫാ. മാത്യു വെട്ടത്ത്
അഡ്വ. ബിജു കുണ്ടുകുളം
അഡ്വ. സോജൻ ജോബ്
ശ്രീ. ജോസ് കല്ലറക്കൽ
അഡ്വ. ജിഫ്സൺ ആന്റണി
അഡ്വ. ബെറ്റി ഡെയ്സൻ

## Appellate Tribunal for Corporate Educational Agency

മോൺ. തോമസ് കാക്കശ്ശേരി (ചെയർമാൻ)
ഫാ. നൈസൻ ഏലന്താനത്ത് (സെക്രട്ടറി)
ഫാ. റാഫേൽ ആക്കാമറ്റത്തിൽ
അഡ്വ. ബിജു കുണ്ടുകുളം
സി. റോസ് അനിത എഫ്. സി. സി.
ഡോ. മേരി റെജീന
ശ്രീ. ടോജോ സൈമൺ

## Construction Committee

മോൺ. തോമസ് കാക്കശ്ശേരി (ചെയർമാൻ)
ഫാ. ജോയ് മൂക്കൻ (സെക്രട്ടറി)
ഫാ. പോൾ പേരാമംഗലത്ത്
ഫാ. ഡിറ്റോ കൂള
ശ്രീ. ജെഫ് ആന്റണി
ശ്രീ. എൻ. ഐ. വർഗ്ഗീസ്
ശ്രീ. പോൾ ചാലക്കൽ

**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

Prot. No : 1613/2017/S/ABP 21/May/2017

## കിഴുപ്പിള്ളിക്കര ഇടവക സ്ഥാപനം

കൽപ്പന നമ്പർ DL : 1/2017 (1049/17 dated 21/05/2017)

**കിഴുപ്പിള്ളിക്കര സെൻ്റ് മേരീസ് പള്ളിയുടെ**
**ബഹു. വികാരിയച്ചനും കൈക്കാരന്മാർക്കും ദൈവജനത്തിനും**
**ആശീർവാദം**

സൂചന:

1. കിഴുപ്പിള്ളിക്കര സെൻ്റ് മേരീസ് പള്ളിയോടനുബന്ധിച്ചുള്ള അജപാലനക്രമീകരണത്തെ സംബന്ധിച്ച 20-11-2004ലെ ഡിക്രി (1618/2004)
2. കിഴുപ്പിള്ളിക്കര സെൻ്റ് മേരീസ് കുരിശുപള്ളി സ്ഥാപനം 31/10/2006
2. കിഴുപ്പിള്ളിക്കര സെൻ്റ് മേരീസ് കുരിശുപള്ളിയുടെ പ്രവർത്തനങ്ങൾക്കായി 22/04/2008 ലെ കമ്മറ്റി രൂപീകരണം (Prot. No : 1493/2008/S/CHA).
3. കിഴുപ്പിള്ളിക്കര കുരിശുപള്ളി ഇടവകയാക്കുന്നതു സംബന്ധിച്ച് പഴുവിൽ വികാരി 12/12/2016ൽ സമർപ്പിച്ച അപേക്ഷ (Prot. No : 3761/2016/S/ABP)
4. പഴുവിൽ വികാരിയുടെ 23 ജനുവരി 2017ലെ റിപ്പോർട്ടു അപേക്ഷയും (Prot. No : 198/2017/R)
5. കിഴുപ്പിള്ളിക്കര സെൻ്റ് മേരീസ് കുരിശുപള്ളി സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കാനുള്ള 20-04-2017 ലെ അപേക്ഷയും പഴുവിൽ ഇടവക വികാരിയുടെ ശിപാർശയും
6. അതിരൂപതാ വൈദിക സമിതിയുടെ 06/03/2017ലെ ശിപാർശ.
7. അതിരൂപതാ ആലോചനസമിതിയുടെ ശിപാർശ (18/04/2017).
8. കിഴുപ്പിള്ളിക്കര ഇടവകാതിർത്തി നിർണ്ണയ കമ്മീഷൻ്റെ 18/05/2017 ലെ റിപ്പോർട്ട്

Prot. No : 1613/2017/S/ABP 21/May/2017

## കിഴുപ്പിള്ളിക്കര സെന്റ് മേരീസ് പള്ളിയെ, മേൽസൂചനകളുടെ വെളിച്ചത്തിൽ, 2017 മെയ് 22–ാം തീയതി മുതൽ ഒരു ഇടവകയായി ഞാൻ ഉയർത്തുന്നു.

താഴെ പറയുന്നവിധമായിരിക്കും ഈ ഇടവകയുടെ അതിർത്തികൾ:

**കിഴക്ക്:** ഹെർബർട്ട് കനാലിൽ, വലിയകുളത്തിൽ നിന്നു വരുന്ന കോൾ കനാൽ എത്തിചേരുന്നിടത്തുനിന്നു, ഹെർബർട്ട് കനാലിലൂടെ തെക്കോട്ട് പോയി, കിഴുപ്പിള്ളിക്കര പാലം വരെയും, തുടർന്ന് തെക്കോട്ട് കരുവന്നൂർ പുഴ.

**തെക്ക്:** കരുവന്നൂർ പുഴ (തൃശ്ശൂർ - ഇരിഞ്ഞാലക്കുട രൂപത അതിർത്തി).

**പടിഞ്ഞാറ്:** കരുവന്നൂർ പുഴ അഴിമാവ് കടവിൽ നിന്നും വടക്കോട്ട് കല്ലിൻകടവ് റോഡിൽ എത്തുന്നതുവരെ പുഴയുടെ കിഴക്കേ ഭാഗവും, കല്ലിൻകടവ് റോഡിൽ നിന്ന് താന്ന്യം റോഡിലൂടെ വടക്കോട്ടുപോയി ഇരുവശവും ഉൾപ്പെടുത്തി തോട്ടൻച്ചിറയിൽ എത്തിചേരുന്നു.

**വടക്ക്:** താന്ന്യം റോഡിലെ തോട്ടൻച്ചിറയിൽ നിന്നും കൊളപ്പാടം റോഡിലൂടെ കിഴക്കോട്ട്, ഇരുവശവും ഉൾപ്പെടുത്തി, അഴിമാവ്-പെരിങ്ങോട്ടുകര റോഡിലെത്തി, ടി. റോഡിലൂടെ വടക്കോട്ട് ഇരുവശവും ഉൾപ്പെടുത്തി വലിയകുളത്തിലെത്തി, അവിടെനിന്നും കോൾ കനാലിലൂടെ കിഴക്കോട്ട് കനാലിന്റെ തെക്കുഭാഗം ഉൾപ്പെടുത്തി ഹെർബർട്ട് കനാലിൽ എത്തി ചേരുന്നു.

ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന സീറോ മലബാർ കത്തോലിക്കർ അതിനാൽതന്നെ കിഴുപ്പിള്ളിക്കര സെന്റ് മേരീസ് ഇടവകയുടെ അംഗങ്ങളായിരിക്കുന്നതും, കത്തോലിക്കരല്ലാത്തവർ ഇടവകയുടെ പ്രത്യേക പരിലാളനയ്ക്കും പ്രേഷിതവേലയ്ക്കും അർഹരായിത്തീരുന്നതുമാണ്. ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന ഇതര ഇടവകക്കാരായിരുന്നവരുടെ കണക്കുകൾ എടുത്ത് നിങ്ങളുടെ ഇടവകലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും വിവരം അവരേയും, അവരുടെ പൂർവ്വ ഇടവകകളെയും അറിയിക്കേണ്ടതുമാണ്. ഇടവകാതിർത്തി കാണി

ക്കുന്ന ഭൂപടത്തിന്റെ മൂന്നു കോപ്പികൾ ഉണ്ടാക്കി ഈ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി അതിരൂപതാ കാര്യാലയത്തിലും, കിഴുപ്പിള്ളിക്കര ഇടവക കാര്യലയത്തിലും, പഴുവിൽ ഫൊറോന കാര്യാലയത്തിലും സൂക്ഷിക്കേണ്ടതുമാണ്.

കിഴുപ്പിള്ളിക്കര ഇടവകയുമായി ബന്ധപ്പെട്ട പ്രത്യേക തീരുമാനങ്ങൾ ഇതോടൊപ്പമുള്ള കല്പനയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

തൃശ്ശൂർ അതിരൂപതാ കാര്യാലയത്തിൽ നിന്ന്

2017 മെയ് മാസം 21 ാം തീയതി നൽകപ്പെടുന്നത്

Order No. 1049/2017

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

**ഫാ.മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

**കോപ്പികൾ:**

1. ബഹു. വികാരി, പഴുവിൽ പള്ളി
2. ബഹു. വികാരി, താന്ന്യം പള്ളി
3. ബഹു. വികാരി, വലപ്പാട് പള്ളി

Prot. No : 1613/2017/S/ABP 21/May/2017

**കിഴുപ്പിള്ളിക്കര സെന്റ് മേരീസ്, പഴുവിൽ സെന്റ് ആന്റണീസ് ഇടവകളുടെ ബഹു. വികാരിയച്ചന്മാർക്കും കൈക്കാരന്മാർക്കും ദൈവജനത്തിനും ആശീർവാദം**

കിഴുപ്പിള്ളിക്കര സെന്റ് മേരീസ് പള്ളിയെ കേന്ദ്രീകരിച്ചുള്ള സീറോ മലബാർ കത്തോലിക്കസമൂഹത്തെ 2017 മെയ് മാസം 22ാം തീയതി മുതൽ ഒരു സ്വതന്ത്ര ഇടവകയായി ഉയർത്തുന്നതോടനുബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾക്കൂടി നിങ്ങളെ ഞാൻ അറിയിക്കുന്നു.

1. കിഴുപ്പിള്ളിക്കര ഇടവക പഴുവിൽ ഫൊറോനയുടെ ഭാഗമായിരിക്കും.
2. കിഴുപ്പിള്ളിക്കര ഇടവയിൽ ഉൾപ്പെടുന്നവർക്ക് സ്വന്തമായ സിമിത്തേരിയുണ്ടാകുന്നതുവരെ മാതൃ ഇടവകയായ പഴുവിൽ പള്ളിയുടെ സെമിത്തേരിയിൽ സാധാരണ കല്ലറയ്ക്കും സ്ഥിരം കല്ലറ, കുടുംബക്കല്ലറ എന്നിവയുണ്ടെങ്കിൽ അവയ്ക്കും പഴുവിൽ ഇടവകാംഗങ്ങൾക്കുള്ളതുപോലെയുള്ള അവകാശം അതിരൂപതാ നിയമാവലി പ്രകാരം തുടർന്നും ഉണ്ടായിരിക്കും.
3. കിഴുപ്പിള്ളിക്കര ഇടവക തിരിയുമ്പോൾ മാതൃ ഇടവകയായ പഴുവിൽ നി് നൽകേണ്ട വിഹിതമായി അതിരൂപതാകാര്യാലയത്തിൽ നിന്നും നിശ്ചയിക്കുന്ന രൂപ ഇടവകപ്രഖ്യാപനത്തിനുശേഷം നിശ്ചിത സമയത്തിനുള്ളിൽ അതിരൂപതാസാമ്പത്തികകാര്യാലയം വഴി നൽകേണ്ടതാണ്. ടി. സംഖ്യ നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ കൊടുത്തുതീർത്ത് അതിരൂപതാകാര്യാലയത്തിലേക്ക് റിപ്പോർട്ടുനൽകേണ്ടതാണ്.
6. പഴുവിൽ ഇടവകയിൽ നിന്ന് കിഴുപ്പിള്ളിക്കര ഇടവകയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളവർക്ക് കിഴുപ്പിള്ളിക്കര ഇടവകതിരിഞ്ഞ് ഇരുപത്തഞ്ചുവർഷത്തേക്ക് മുൻ ഇടവകയിലെ (പഴുവിൽ) സ്കൂളിലും, ത്യാഗരാജ പോളി ടെക്നിക്കിലെ പഴുവിൽ ഇടവകയ്ക്കുള്ള അവകാശത്തിലും പഴുവിൽ ഇടവകക്കാരെപ്പോലെ നിയമനത്തിനും പ്രവേശനത്തിനും അവകാശമുണ്ടായിരിക്കും.
7. പുതിയ കിഴുപ്പിള്ളിക്കര സെന്റ് മേരീസ് ഇടവകയുടെ പ്രഥമ വികാരി താണിക്കൽ ബഹു. മനോജ് അച്ചനായിരിക്കും.
8. മേല്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 22-05-2017 മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.

തൃശ്ശൂർ അതിരൂപതാ കാര്യാലയത്തിൽ നിന്ന് 2017 മെയ് മാസം 21 ാം തീയതി നൽകപ്പെടുന്നത്

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

**ഫാ.മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

Prot. No : 1794/2017/S/ABP 10/Jun/2017

## ഒല്ലൂർ മേരിമാത ഇടവക സ്ഥാപനം

കൽപ്പന നമ്പർ DL: 2/2017 (1200/17 dated 10/06/2017)

ഒല്ലൂർ സെന്റ് ആന്റണീസ്, ഒല്ലൂർ മേരിമാത എന്നീ ഇടവകകളുടെ ബഹു. വികാരിമാർക്കും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം

**സൂചന:**

1. ഒല്ലൂർ മേരിമാത ഇടവകയെ ക്വാസി ഇടവകയായി പ്രഖ്യാപിച്ചു കൊണ്ടുള്ള അതിരൂപതാധ്യക്ഷന്റെ 19.03.2009 ലെ കല്പന (874/2009)
2. ഒല്ലൂർ മേരിമാത ക്വാസി ഇടവകയെ സ്വതന്ത്ര ഇടവകയാക്കുന്നതിന് യോഗതീരുമാനപ്രകാരമുള്ള ബഹു. പ്രോ-വികാരിയുടെ 03.05.2017ലെ അപേക്ഷയും ബഹു. ഒല്ലൂർ ഫൊറോന വികാരിയുടെ ശുപാർശയും
3. ഒല്ലൂർ മേരിമാത ഇടവകരൂപീകരണത്തെസംബന്ധിച്ച് കൂരിയാ മീറ്റിങ്ങിലെ 09-05-2017 തീരുമാനം
4. അതിരൂപതാ ആലോചന സമിതിയുടെയും വൈദികസമിതിയുടേയും ശുപാർശ.
5. ഒല്ലൂർ മേരിമാതാ ഇടവകാതിർത്തിയെ സംബന്ധിച്ച് അതിരൂപത കാര്യാലയത്തിൽ നിന്നും ചോദിച്ച റിപ്പോർട്ടിന് ഒല്ലൂർ ഫൊറോന വികാരിയും തലോർ വികാരിയും അനുകൂലമായ നല്കിയ മറുപടി
6. ഒല്ലൂർ മേരിമാതാ ഇടവകാതിർത്തിയെ സംബന്ധിച്ച് മരത്താക്കര വികാരിയുടെ 05-06-2017ലെ കത്ത്.
7. ഒല്ലൂർ മേരിമാതാ ഇടവകാതിർത്തിയെ സംബന്ധിച്ച് ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ 06-06-2017 ലെ സന്ദർശന റിപ്പോർട്ട്

മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ 2009 മുതൽ ക്വാസി ഇടവകയായിരുന്ന ഒല്ലൂർ ഏയ്ഞ്ചൽ നഗർ മേരിമാതാ പള്ളിയെ 2017 ജൂൺ മാസം 11–ാം തിയതി മുതൽ ഒല്ലൂർ മേരിമാത പള്ളി എന്ന പേരിൽ ഒരു സ്വതന്ത്ര ഇടവകയായി ഉയർത്തിയിരിക്കുന്നു. ഒല്ലൂർ മേരി മാത പള്ളിയെ ടി. ഇടവകയുടെ ഇടവകപ്പള്ളിയായും ഇതിനാൽ ഉയർത്തിയിരിക്കുന്നു.

**ഒല്ലൂർ മേരിമാത ഇടവകയുടെ അതിർത്തികൾ**

**കിഴക്ക് :** ഒല്ലൂർ പടവരാട് റോഡിന് വടക്കുഭാഗത്തുള്ള ശിവന്റെ അമ്പലം മുതൽ പടിഞ്ഞാറുഭാഗം മാത്രം ഉൾപ്പെടുത്തി തെക്കോട്ടു പോയി ഒല്ലൂർ പടവരാട് റോഡിലെത്തി ടി. റോഡിലൂടെ പടിഞ്ഞാറോട്ട് പോയി റോഡിന്റെ വടക്കുഭാഗം ഉൾപ്പെടുത്തി വില്ലേജ് ഓഫീസ് റോഡ് ജംഗ്ഷനിലെത്തി വില്ലേജ് ഓഫീസ് റോഡിന്റെ ഇരുവശവും ഇപ്പോൾ ഉള്ള ഉപവഴികളും ഉൾപ്പെടുത്തി (എടക്കുന്നി വില്ലേജ് സർവ്വെ നമ്പർ 23/13, 23/20, 23/24, 23/22, 23/21, 23/15, 43/20 എന്നിവയിലുള്ള ഏഴ് വീടുകളും ഉൾപ്പെടുത്തി) തെക്കോട്ട് പോയി ആനപ്പടി സ്റ്റോപ്പിലെത്തി ഒല്ലൂർ-മരത്താക്കര റോഡിലൂടെ ടി. റോഡിന്റെ വടക്കുഭാഗം മാത്രം ഉൾപ്പെടുത്തി, പടിഞ്ഞാട്ട് പോയി വിയ്യത്ത് ലൈൻ ജംഗ്ഷനിലെത്തി ടി. ലൈനിന്റെ ഇരുവശവും ഉൾപ്പെടുത്തി, തെക്കുകിഴക്കോട്ടുപോയി എടക്കുന്നി പാടത്ത് എത്തി കനാലിലെത്തുമ്പോൾ പാടത്തിന്റെ തെക്ക് -പടിഞ്ഞാറ് ഭാഗം മാത്രം ഉൾപ്പെടുത്തി, പാടത്തുനിന്ന് തലോർ കായ ലിൽനിന്നുള്ള കനാലിലൂടെ, കനാലിന്റെ പടിഞ്ഞാറ് ഭാഗം മാത്രം ഉൾപ്പെടുത്തി തൃശൂർ-എറണാകുളം റോഡിൽനിന്ന് ആരംഭിക്കുന്ന പുത്തൻകുളം കനാലിൽ എത്തിചേരുന്നു.

**തെക്ക് :** തലോർ കായൽ കനാലിൽ പുത്തൻകുളം കനാൽ ചേരുന്ന പോയന്റിൽനിന്ന്, പുത്തൻകുളം കനാലിലൂടെ വടക്കേഭാഗം മാത്രം ഉൾപ്പെടുത്തി തൃശൂർ-എറണാകുളം റോഡിലെത്തി ടി. റോഡിലൂടെ കിഴക്കുവശം മാത്രം ഉൾപ്പെടുത്തി വടക്കോട്ട് പോയി, ഇ.എസ്.ഐ. സ്റ്റോപ്പിലെത്തി ഈ.എസ്.ഐ. ആശുപത്രി, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവയുടെ തെക്കുഭാഗത്തുള്ള റോഡിലൂടെ വടക്കുഭാഗം മാത്രം ഉൾപ്പെടുത്തി പടിഞ്ഞാട്ട് പോയി റെയിൽപാളത്തിൽ എത്തിച്ചേരുന്നു.

**പടിഞ്ഞാറ് :** ഇ.എസ്.ഐ. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു തെക്കുഭാഗ ത്തുള്ള റോഡ് റെയിൽപാളത്തിൽ ചെന്നുമുട്ടുന്ന പോയന്റുമുതൽ

റെയിൽപാളത്തിന്റെ കിഴക്കേഭാഗം മാത്രം ഉൾപ്പെടുത്തി ഒല്ലൂർ ആന ക്കല്ല് റോഡിലുള്ള റെയിൽവെ ഗേയ്റ്റ് വരെ എത്തി, ടി. റോഡിലൂടെ പടിഞ്ഞാട്ടുപോയി സെന്റ് റാഫേൽ കപ്പേളക്ക് അടുത്തുള്ള തിരുവാ ഞ്ചിറകുളം റോഡിലൂടെ ഇരുവശവും ഉൾപ്പെടുത്തി കുളത്തിൽനിന്നാ രംഭിക്കുന്ന കാനാൽ തേമാലി പാടത്തുകൂടി ഏഴുകമ്പനി റോഡ് വന്നു ചേരുന്ന പോയന്റുവരെ കനാലിന്റെ വടക്കേ ഭാഗം മാത്രം ഉൾപ്പെടു ത്തിയും, ടി. ഏഴുകമ്പനി റോഡിലൂടെ വടക്കോട്ടുപോയി ടി. റോഡിൽനിന്ന് അവണിശ്ശേരി മേഖല ആവേ മരിയ യൂണിറ്റ് ആരംഭി ക്കുന്നുവരെയുള്ള റോഡിന്റെ ഇരുവശവും ഉൾപ്പെടുത്തി, അവിടെനിന്ന് ഒല്ലൂർ-ആനക്കല്ല് റോഡ് ജംഗ്ഷൻവരെ കിഴക്കേഭാഗം മാത്രം ഉൾപ്പെ ടുത്തി, ഏഴുകമ്പനി റോഡ് ജംഗ്ഷൻമുതൽ കിഴക്കോട്ട് റെയിൽവെ ഗേയ്റ്റുവരെ റോഡിന്റെ ഇരുവശവും ഉൾപ്പെടുത്തി, റെയിൽവേ ഗേയ്റ്റു മുതൽ പാളത്തിലൂടെ കിഴക്കുഭാഗം മാത്രം ഉൾപ്പെടുത്തി, വടക്കോട്ടു പോയി റെയിൽവേ അടിപ്പാത എത്തുതിനുമുമ്പ് ചർച്ച് അവന്യു റോഡ് റെയിൽപാളത്തിൽ ചെന്നുചേരുന്ന പോയന്റുവരെ എത്തിചേരുന്നു.

**വടക്ക് :** ചർച്ച് അവന്യുറോഡ് റെയിൽപാളത്തിൽ ചെന്നുമുട്ടു പോയന്റിൽനിന്ന് ചർച്ച് അവന്യു റോഡിലൂടെ കിഴക്കോട്ട് പോയി ഇരു ഭാഗവും ഉൾപ്പെടുത്തി, ചർച്ച് അവന്യു റോഡിൽനിന്ന് വടക്കോട്ട് ആരം ഭിക്കുന്ന പുതിയ റോഡിലൂടെ മുന്നോട്ടുപോയി ഇരുവശവും ഉൾപ്പെ ടുത്തി (ടി. റോഡിൽനിന്ന് റെയിൽവേ അടിപാതയിലേക്കുള്ള പുതിയ റോഡ് ഉൾപ്പെടുത്താതെ) ടി. റോഡ് ഇരുഭാഗവും ഉൾപ്പെടുത്തി കോൺവെന്റ് റോഡിലെത്തി, കോൺവെന്റ് റോഡിലൂടെ കിഴക്കോട്ടു തിരിഞ്ഞ് കനാൽപാലം കഴിഞ്ഞ് പ്രൈമറി ഹെൽത്ത് സെന്ററിന്റെ തെക്കുഭാഗത്തുനിന്ന് വന്നുചേരുന്ന റോഡുവരെ കോൺവെന്റ് റോഡിന്റെ തെക്കേ ഭാഗം മാത്രം ഉൾപ്പെടുത്തിയും, ടി. കനാൽ പാല ത്തിൽനിന്ന് തെക്കോട്ടുതിരിഞ്ഞുള്ള റോഡിൽ താമസിക്കുന്ന കരിങ്ങൻ മാത്യു ചാക്കോ, പാണഞ്ചേരി റാഫേൽ ഭാര്യ പുഷ്പം, കരിങ്ങൻ കുഞ്ഞിപ്പാവു ജോസൻ എന്നിവരെ ഒഴിവാക്കിയും കോൺവെന്റ് റോഡിൽനിന്നാരംഭിക്കു പ്രൈമറി ഹെൽത്ത് സെന്റർ റോഡിന്റെ ഇരു വശവും ഉൾപ്പെടുത്തിയും, ടി. റോഡിന്റെ ഉപവഴികൾ ഇരുവശവും ഉൾപ്പെടുത്തിയും തൃശൂർ-എറണാകുളം റോഡിൽ എത്തിച്ചേരുന്നതു വരെ ഇരുവശവും ഉൾപ്പെടുത്തിയും, ടി. ജംഗ്ഷനിൽനിന്ന് വി. എവു പ്രാസ്യമ്മ തീർത്ഥകേന്ദ്രം-പള്ളി ഗേയ്റ്റ് വരെ മെയിൻ റോഡിന്റെ ഇരു

വശവും ഗേയ്റ്റുമുതൽ തീർത്ഥകേന്ദ്രം, സെന്റ് മേരീസ് മഠം സ്ഥലം ഉൾപ്പെടെ റോഡിന്റെ കിഴക്കേ ഭാഗം മാത്രവും, അവിടെനിന്ന് മെയിൻ റോഡിലൂടെ ഇരുഭാഗം ഉൾപ്പെടുത്താതെ പനംകുറ്റിച്ചിറ-പെരുവാംകുളങ്ങര റോഡ് ജംഗ്ഷനിലെത്തി, ടി. റോഡിലൂടെ ഇരുഭാഗവും ഉൾപ്പെടുത്താതെ, സെന്റ് മേരീസ് എൽ.പി. സ്കൂൾ കഴിഞ്ഞ്‌വരുന്ന കിഴക്കോട്ടുള്ള റോഡ് ജംഗ്ഷനിൽനിന്നാരംഭിച്ച് തെക്കുഭാഗം ഉൾപ്പെടുത്തി കനാൽപാലത്തിലെത്തി കിഴക്കോട്ടുതിരിഞ്ഞ് കനാലിലൂടെ തെക്കേ ഭാഗം മാത്രം ഉൾപ്പെടുത്തി കനാലിലൂടെ ഫെതേഴ്സ് ക്ലബ്ബ് മുമ്പിലെത്തി ശിവന്റെ അമ്പലത്തിന് അരികെ എത്തുന്നു.

മേൽപറഞ്ഞ അതിർത്തികൾക്കുള്ളിലുള്ള സീറോ മലബാർ കത്തോലിക്കർ ഈ കല്പനയാൽ തന്നെ 2017 ജൂൺ മാസം 11 മുതൽ ഒല്ലൂർ മേരിമാതാ ഇടവകയുടെ അംഗങ്ങളായിരിക്കുന്നതും കത്തോലിക്കരല്ലാത്തവർ ഇടവകയുടെ പ്രത്യേക പരിലാളനയ്ക്കും പ്രേഷിതവേലയ്ക്കും അർഹരായി തീരുന്നതുമാണ്. ഈ അതിർത്തികൾക്കുള്ളിൽ താമസിക്കുന്ന ഇതര ഇടവകക്കാരായിരുന്നവരുടെ (ഉണ്ടെങ്കിൽ) കണക്കുകൾ എടുത്ത് നിങ്ങളുടെ ഇടവക ലിസ്റ്റിൽ ചേർക്കേണ്ടതും വിവരം അവരെയും അവരുടെ പൂർവ്വഇടവകകളെയും അറിയിക്കേണ്ടതുമാണ്. ഈ കല്പന പള്ളിയിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇടവകയുടെ അതിർത്തി കാണിക്കുന്ന മേപ്പിന്റെ (ഭൂപടം) മൂന്ന് കോപ്പികൾ ഉണ്ടാക്കി അതിരൂപതാ കച്ചേരിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിക്കേണ്ടതും, ഒന്ന് ഇവിടുത്തെ കച്ചേരിയിലും, ഒന്ന് ഇടവക ഫയലിലും, മറ്റൊന്ന് ഫൊറോന ഫയലിലും സൂക്ഷിക്കേണ്ടതുമാണ്. അതിർത്തികൾ വ്യക്തമായി അടയാളപ്പെടുത്തിയ മേപ്പ് ഇടവക കാര്യാലയത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

ഇതോടൊപ്പം ഇടവകസ്ഥാപനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ കല്പനയായി നല്കുന്നു.

മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും 2017 ജൂൺ 11-ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.

ആദിമക്രൈസ്തവസഭയുടെ ചൈതന്യത്തിൽ (അപ്പ. 2-4) കത്തോലിക്കാസഭാനിയമങ്ങളും പാരമ്പര്യങ്ങളും അനുസരിച്ച് (CCEO, സീറോ

മലബാർസഭയുടെ പ്രത്യേക നിയമം, തൃശ്ശൂർ അതിരൂപതാ നിയമാവലി) ക്രസ്തുവിശ്വാസികളുടെ സ്നേഹസമൂഹമാക്കി ഇടവകയെ പരിപോഷിപ്പിക്കുവാൻ ഏവരോടും ആഹ്വനം ചെയ്യുന്നു.

അതിരൂപതാ കാര്യാലയത്തിൽ നിന്ന്
2017 ജൂൺ മാസം 10-ാം തിയതി നൽകപ്പെടുന്നത്.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

കോപ്പി:
പെ. ബഹു. വികാരി, ഒല്ലൂർ
ബഹു. പടവരാട് ഇടവക വികാരി
ബഹു. മരത്താക്കര ഇടവക വികാരി
ബഹു. തലോർ ഇടവക വികാരി
ബഹു. തൈക്കാട്ടുശ്ശേരി ഇടവക വികാരി

ബഹു. പ്രീസ്റ്റ്-ഇൻ-ചാർജ്ജ് അവിണിശ്ശേരി മേഖല

Prot. No : 1794/2017/S/ABP 10/Jun/2017

കൽപ്പന നമ്പർ : 1200/2017 (DL 2/2017), തിയ്യതി 10.06.2017

ഒല്ലൂർ, ഒല്ലൂർ മേരിമാതാ എന്നീ ഇടവകകളുടെ ബഹു. വികാരിമാർക്കും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം. ഒല്ലൂർ മേരിമാതാ ഇടവകസ്ഥാപനത്തോടനുബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾക്കൂടി നിങ്ങളെ ഞാൻ അറിയിക്കുന്നു:

1. ഇടവകയുടെ ഔദ്യോഗികനാമം ഒല്ലൂർ മേരിമാതാ ഇടവക എന്നായിരിക്കും. ഒല്ലൂർ മേരിമാതാ ഇടവക ഒല്ലൂർ ഫൊറോനയുടെ ഭാഗമായിരിക്കും.

2. ഒല്ലൂർ മേരിമാതാ ഇടവകയ്ക്ക് മാതൃ ഇടവകയായ ഒല്ലൂർ ഇടവകയിൽനിന്നു നല്കേണ്ട വിഹിതത്തെ സംബന്ധിച്ച് ബഹു. ഒല്ലൂർ വികാരിയും കൈക്കാരന്മാരും ചേർന്ന് അഭിവന്ദ്യപിതാവിന്റെ അധ്യക്ഷതയിൽ ഒരു മാസത്തിനുള്ളിൽ യോഗം ചേർന്ന് തീരുമാനമെടുക്കേണ്ടതാണ്.

3. ഒല്ലൂർ ഇടവകയ്ക്ക് അളഗപ്പനഗർ ത്യാഗരാജാർ പോളിടെക്നിക്കിലുള്ള നിയമനം, പ്രവേശനം എന്നീ അവകാശങ്ങളിൽ അടുത്ത 25 വർഷത്തേക്ക് ഒല്ലൂർ മേരിമാതാ ഇടവകക്കാർക്കും ഒല്ലൂർ ഇടവകക്കാരെപ്പോലെ തുല്യ പരിഗണന നൽക്കേണ്ടതാണ്.

4. ഒല്ലൂർ മേരിമാത ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരിയുണ്ടാകുതുവരെ, ടി. ഇടവകാംഗങ്ങളുടെ മൃതസംസ്കാരത്തിന് മാതൃഇടവകയായ ഒല്ലൂർ ഇടവക സെമിത്തേരി ഉപയോഗിക്കാൻ ഒല്ലൂർ മേരിമാത ഇടവകയ്ക്ക് അവകാശം ഉണ്ടായിരിക്കും. ഒല്ലൂർ മേരിമാത ഇടവകാംഗങ്ങളുടെ മൃതസംസ്കാരം ഒല്ലൂർ പള്ളിസെമിത്തേരിയിൽ നടത്തുമ്പോൾ മൃതശരീരം പള്ളിയിൽ കയറ്റി നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷ ബന്ധപ്പെട്ടവരുടെ സൗകര്യാർത്ഥം ഒല്ലൂർ മേരിമാത പള്ളിയിലോ, ഒല്ലൂർ പള്ളിയിലോ നടത്താവുതാണ് (ഒല്ലൂർ മേരിമാത ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതുവരെയാണ് ഇതിന്

പ്രാബല്യം)

5. വി. എവുപ്രാസ്യാ അതിരൂപതാതീർത്ഥകേന്ദ്രം ഒല്ലൂർ മേരിമാത ഇടവകയുടെ അതിർത്തിയിലായിരിക്കും.

6. ഒല്ലൂർ മേരിമാത ഇടവകാതിർത്തിക്കുള്ളിൽ വരുന്ന കപ്പേളകൾ ടി. ഇടവകയുടെ കീഴിലായിരിക്കും.

7. തെക്കേക്കര ബഹു. ജോസ് ജൂനിയർ അച്ചനെ 2017 ജൂ 11 മുതൽ ഒല്ലൂർ മേരിമാതാ ഇടവകയുടെ വികാരിയായി നിയമിക്കുന്നു.

8. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും 2017 ജൂൺ 11-ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.

അതിരൂപതാ കാര്യാലയത്തിൽ നിന്ന്
2017 ജൂ മാസം 10-ാം തിയതി നൽകപ്പെടുന്നത്.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

# JULY




## മെത്രാപ്പോലീത്തായുടെ പരിപാടികൾ

| Date | Day | Time | Programme |
|---|---|---|---|
| 1 | Sat | Morning | Jubilee Holy Mass at Olarikara |
| | | Afternoon | Excel Academy Convocation |
| 2 | Sun | Morning | Pastoral Visit |
| 3 | Mon | Morning | Holy Mass at Palayur |
| | | Evening | Ecumenical meeting inauguration at |
| | | | Minor Seminary |
| 4 | Tue | Morning | For the People |
| 5 | Wed | Morning | For Priest and Religious |
| | | Evening | Institution director's meet |
| 6 | Thu | Morning | Talk at Retreat Center, Pazhuvil |
| 7 | Fri | Morning | Holy Mass at Alagappa Marriage |
| | | | Preparation Center |
| | | Afternoon | Social Institution director's meet |
| 8 | Sat | Morning | *Karuna Trust* Ruby Jubilee meet at DBCLC |
| 9 | Sun | Morning | Pastoral Visit |
| 10 | Mon | Morning | Priest's One Day Seminar |
| 11 | Tue | | engaged |
| 12 | Wed | Morning | Blessing of old age home at Pagarapilly |
| 13 | Thu | Morning | Hoy Mass at Marymatha |
| 14 | Fri | Morning | Hoy Mass at Minor Seminary |
| | | Evening | Institution director's Seminar |

| | | | |
|---|---|---|---|
| 15 | Sat | Morning | Holy Mass at Puthanchira |
| 16 | Sun | | Pastoral visit |
| 17- 22 | | | Asian Bishop's Conference |
| 23 | Sun | | Pastoral visit |
| 24 | Mon | Morning | For Priest and Religious |
| | | Evening | Palliative Care Meeting at varadharapilly |
| 25 | Tue | | For the People |
| | | Morning | 60th death anniversary of |
| | | | **Servant of God** Rev. Sr. Celin at Kundanoor |
| 26 | Wed | Morning | Seminar Inauguration at Calicut university |
| 27 | Thu | Morning | Archdiocese Consulter's meet |
| 28 | Fri | | Engaged |
| 29 | Sat | Morning | Golden Jubilee Holy Mass at Christina Home |
| 30 | Sun | | Pastoral visit |
| 31 | Mon | Morning | Academic inauguration at Jyothi |



# സഹായമെത്രാന്റെ പരിപാടികൾ




| Date | Day | Time | Description |
|---|---|---|---|
| 01 | Sat | | Erumeli |
| 02 | Sun | Morning | Holy Mass at Villadam |
| 03 | Mon | Morning | Holy Mass at Kokkamangalam |
| 04 | Tue | | Engaged |
| 05 | Wed | Morning | Holy Mass at Marathakkara |
| 06 | Mon | Morning | Holy Mass at Madona |
| | | | - St Mary's Minor Seminary |
| 07 | Fri | Morning | Holy Mass at Marymatha Major Seminary |
| 08 | Sat | | Hyderabad |
| 09 | Sun | | Hyderabad |
| 10 | Mon | | Hyderabad |
| 11 | Tue | | Hyderabad |
| 12 | Wed | | Hyderabad |
| 13 | Thu | | Hyderabad |
| 14 | Fri | Moring | Hyderabad |
| 15 | Sat | Morning | Convocation UG-St. Thomas Collage |
| | | Evening | Holy Mass at Changaloor |
| 16 | Sun | | Hyderabad |
| 17 | Mon | | Hyderabad |
| 18 | Tue | | Hyderabad |
| 19 | Wed | | Hyderabad |

| | | | |
|---|---|---|---|
| 20 | Thu | | Hyderabad |
| 21 | Fri | | Hyderabad |
| 22 | Sat | Morning | Holy Mass at Bharananganam |
| 23 | Sun | | Retreat- Kannur |
| 24 | Mon | | Retreat- Kannur |
| 25 | Tue | | Retreat- Kannur |
| 26 | Wed | | Retreat- Kannur |
| 27 | Thu | | Retreat- Kannur |
| 28 | Fri | | Retreat- Kannur |
| 29 | Sat | Morning | Holy Mass at Kattoor |
| | | Evening | Holy Mass at West Fort (TCR) |
| 30 | Sun | Evening | Parapur- CLC St. Ignatius Day celebration |
| 31 | Mon | | |




## മെയ് 2017

01. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുതുക്കാട് ഇടവകയിൽ കെ. എൽ. എം. ന്റെ നേതൃത്വത്തിൽ തൊഴിലാളിദിനം ഉദ്ഘാടനം ചെയ്യുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. വൈകിട്ട് തങ്ങാലൂർ നോർത്ത് ഇടവകയിൽ ഇടവകപ്രഖ്യാപനത്തിന്റെ പത്താം വാർഷികം ആഘോഷിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് മാണ്ഡ്യ രൂപതയുടെ മൈനർ സെമിനാരിയുടെ ഉദ്ഘാടനചടങ്ങുകളിൽ പങ്കെടുത്തു. എം. എസ്. ടി. സന്യാസസമൂഹം മാണ്ഡ്യ റീജിയന്റെ വാർഷികധ്യാനത്തിന് നേതൃത്വം നൽകി.

02. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ നെന്മണിക്കര ഇടവകയിൽ പുനരുദ്ധരിച്ച ദൈവാലയത്തിന്റെ ആശീർവാദകർമ്മം നടത്തി. ഉച്ചകഴിഞ്ഞ് മണ്ണംപേട്ടയിൽ സെന്റ് മർത്ത സന്യാസിനീ സമൂഹാംഗങ്ങളുടെ സന്യാസവസ്ത്രസ്വീകരണചടങ്ങുകളിൽ പങ്കെടുത്തു.

03. അഭിവന്ദ്യ താഴത്ത് പിതാവ് സി. ബി. സി. ഐ. മീറ്റിംഗിൽ പങ്കെടുക്കാൻ ബാംഗ്ലൂരിലേക്ക് പോയി.

06. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ പ്രോ-ലൈഫ് സംഘടനയുടെ ആഭിമുഖ്യത്തിൽ നടന്ന 'ലെഹിം മീറ്റ്' ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് അമലനഗർ ഇടവകയിൽ ആദ്യകുർബാനസ്വീ

കരണചടങ്ങുകൾക്കും തിരുനാൾ കൂടുതുറക്കൽ ചടങ്ങുകൾക്കും മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് പാവറട്ടി തീർത്ഥകേന്ദ്രത്തിലെ തിരുനാൾ ചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

07. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ അവധിക്കാല സഹവാസക്യാമ്പ് ഫാമിലി അപ്പസ്തോലേറ്റിൽ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് എരനെല്ലൂർ ഇടവകയിൽ സാന്തോം മിഷനെ പരിചയപ്പെടുത്തുകയും വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. ശേഷം പള്ളിയുടെ റോഡ് പഞ്ചായത്തിനു വിട്ടുകൊടുക്കുന്ന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് ചെട്ടിക്കാട് വി. അന്തോണീസിന്റെ തീർത്ഥകേന്ദ്രത്തിൽ വി. ബലിയർപ്പിച്ചു. ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിലെ ഇടവകദിനത്തിൽ പങ്കെടുത്തു.

08. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ബിഷപ് മാർ മെഡ്ലിക്കോട്ട് അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകിട്ട് ചൂണ്ടൽ സി. എം. സി. സിസ്റ്റേഴ്സിന്റെ ആശുപത്രിയിൽ വി. ബലിയർപ്പിക്കുകയും ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് വെഞ്ചരിക്കുകയും ചെയ്യുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ ബെനഫാക്ടേഴ്സ് ഡേയിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് പുല്ലൂർ ആശുപത്രിയുടെ സുവർണ്ണജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു. വൈകിട്ടി കുരിയച്ചിറ ഇടവകയിൽ ഇടവകദിനം ഉദ്ഘാടനം ചെയ്തു.

09. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് ഇടവകയിൽ അതിരൂപതാദിനത്തിന്റെ ഒരുക്കമീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് പീച്ചി എസ്. എസ്. ജെ. ഡബ്ല്യു. മഠത്തിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് സി. എം. ഐ. സാഗർ ഭവൻ സന്ദർശിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പഴുവിൽ ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് തലോർ ഇടവകയിലെ

വൈദികമന്ദിരം വെഞ്ചരിക്കുകയും ശേഷം ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിലെ ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് വരന്തരപ്പിള്ളി പള്ളിക്കുന്ന് ഇടവകയിൽ വച്ച് ഡീ. സിന്റോ ചിറമ്മലിന് (ഔറംഗബാദ് രൂപത) തിരുപട്ടം നൽകി. ഉച്ചകഴിഞ്ഞ് ഫാ. ജെയ്സൻ മാറോക്കിയുടെ നേതൃത്വത്തിൽ നടക്കുന്ന ഫെലോഷിപ്പ് മിനിസ്ട്രി പ്രവർത്തകരുമായി കൂടികാഴ്ച നടത്തി. വൈകിട്ട് ആബാ ധ്യാന കേന്ദ്രത്തിൽ വചനസന്ദേശം നൽകി.

11. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ മേജർ സെമിനാരി കോൺഫ്രൻസ് ഉദ്ഘാടനം ചെയ്യുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മേജർ സെമിനാരി കോൺഫ്രൻസിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മുളയം എസ്. ഡി. വി. സന്യാസസമൂഹത്തിന്റെ നിത്യവ്രതവാഗ്ദാനചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

12. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ ബസിലിക്കയിൽ മാർ ഫ്രാൻസിസ് വാഴപ്പിള്ളി പിതാവിന്റെ അനുസ്മരണ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് മേജർ സെമിനാരി കോൺഫ്രൻസിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ബഹു. ഫ്രാൻസിസ് അറക്കലച്ചന്റെ സഹോദരന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് വെള്ളാറ്റഞ്ഞൂർ ഇടവകയിൽ ഫാത്തിമാ ശതാബ്ദിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

13. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തലോർ ഇടവകയിൽ എഫ്. എസ്. എസ്. എച്ച്. സിസ്റ്റേഴ്സിന്റെ സന്യാസവസ്ത്ര സ്വീകരണചടങ്ങുകളിലും വ്രതവാഗ്ദാനചടങ്ങുകളിലും മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികളുടെ വൈദികവസ്ത്രസ്വീകരണചടങ്ങുകളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് വെള്ളാറ്റഞ്ഞൂർ ഇടവകയിലെ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്തു. തുടർന്ന് കൊട്ടേക്കാട് ഫാത്തിമാമാത

കപ്പേളയിലെ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുത്തു. കാത്തലിക് കോൺഗ്രസ്സിന്റെ ട്രെയിംനിംഗ് പ്രോഗ്രാം 'കില' യിൽ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് വേലൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് കൊട്ടേക്കാട് ഇടവകയിൽ ഫാത്തിമാമാത ശതാബ്ദിയോടനുബന്ധിച്ച് നടത്തിയ യുവജനസമ്മേളനത്തിൽ സംബന്ധിച്ചു. ശേഷം പേരകം സി. എസ്. എം. സിസ്റ്റേഴ്സിന്റെ ഹോം മിഷൻ ഭവനം ആശീർവദിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഇടവകകൾ സന്ദർശിച്ചു. വൈകിട്ട് എൽത്തുരുത്ത് ഇടവകവാർഷികത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പുതുശ്ശേരിയിലും പഴുന്നാനയിലും സാന്തോം മിഷൻ പരിചയപ്പെടുത്തുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. തുടർന്ന് മണ്ണുത്തിയിൽ ഹോളി ഫാമിലി സന്യാസിനീ സമൂഹത്തിന്റെ നിത്യവ്രതവാഗ്ദാന ചടങ്ങുകളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജ് മാനേജ്മെന്റ് കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് പനമുക്ക് ഇടവകയിൽ വി. ബലിയർപ്പിച്ചു. രാത്രി ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നടന്ന അഖിലേന്ത്യ യൂത്ത് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വേലൂർ FATRIയിൽ വി. ബലിയർപ്പിക്കുകയും അൾത്താരയുടെ ആശീർവാദകർമ്മം നടത്തുകയും ചെയ്തു. വൈകിട്ട് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ചേരിയിലെ കുട്ടികൾക്ക് പഠനസാമഗ്രികൾ നൽകുന്ന പരിപാടിയിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ചിറക്കൽ ഇടവകയിൽ വി. ബലിയർപ്പിച്ചു.

16. മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സിൽവാസയിലുള്ള 17 കുടുംബങ്ങളുമായി ഫാ. ഷാജൻ ചീരമ്പന്റെ നേതൃത്തിൽ അഭിവന്ദ്യ തട്ടിൽ പിതാവ് കൂടിക്കാഴ്ച നടത്തി.

17. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് കുരിയച്ചിറ ഇടവകയിൽ സി. എസ്. സി. സിസ്റ്റേഴ്സിന്റെ സന്യാസവസ്ത്രസ്വീകരണചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

18. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് വാടാനപ്പിള്ളി ഇടവകയിൽ ഡീ. ജോയ് തോമസ് മാളിയേക്കലിന് തിരുപട്ടം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് ഒല്ലൂർ ഫൊറോനപള്ളിയിൽ വി. ബലിയർപ്പിച്ചു.

19. അഭിവന്ദ്യ തട്ടിൽ പിതാവ് എസ്. എം. ഐ. അഖിലേന്ത്യ യൂത്ത് കോൺഫ്രൻസ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തു.

20. അഭിവന്ദ്യ പിതാക്കന്മാരൻ പുതുക്കാട് ഇടവകയിൽ വച്ചു നടത്തിയ അതിരൂപതാദിനപരിപാടികളിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് തൃശ്ശൂർ ബസിലിക്കയുടെ ജൂബിലിയാഘോഷപരിപാടികളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജ് മാനേജ്മെന്റ് കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് തൃശ്ശൂർ ബസിലിക്കയിൽ ബസിലക്കാസ്ഥാപനത്തിന്റെ സിൽവർ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

21. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അമ്മാടം ഇടവകയിൽ വി. ബലിയർപ്പിക്കുകയും ഇടവകയുടെ കീഴിലുള്ള സ്കൂൾ കെട്ടിടത്തിന്റെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. തുടർന്ന് വല്ലച്ചിറ ഇടവകയിൽ യുവജനസംഗമം ഉദ്ഘാടനം ചെയ്തു. ഡി. ബി. സി. എൽ. സി. യിൽ മതബോധന ഡിപ്പാർട്ടുമെന്റിന്റെ സോഫ്റ്റ്വെയർ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഉച്ചകഴിഞ്ഞ് കുരിയച്ചിറ സെന്റ് ജോസഫ്സ് സ്കൂളിൽ ഏയ്ഞ്ചലോസ് 2017' ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ കാക്കനാട് എസ്. എം. ഐ. അഖിലേന്ത്യ യുവജന കോൺഫ്രൻസിൽ പങ്കെടുത്തു. തുടർന്ന് കൊടുങ്ങല്ലൂരിൽ അഴിക്കോട് മാർതോമ തീർത്ഥകേന്ദ്രത്തിലും ഉച്ചകഴിഞ്ഞ് ഇരിങ്ങാലക്കുട കത്തീഡ്രൽ ദൈവാലയത്തിലും വി. ബലിയർപ്പിച്ചു. വൈകിട്ട് അമ്മാടം സ്കൂളിന്റെ ഉദ്ഘാടനം നിർവഹിച്ചു.

22. അഭിവന്ദ്യ താഴത്ത് പിതാവ് കിഴ്പ്പുള്ളിക്കര ഇടവകയുടെ ഇടവകപ്രഖ്യാപനം നടത്തി. ഫാ. ആന്റണി തെക്കിനിയത്തിന്റെ ജൂബിലി ആഘോഷങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടു

ത്തു. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ആബാ ധ്യാനകേന്ദ്രത്തിൽ ധ്യാനസന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് മൗണ്ട് സെന്റ് തോമസിൽ വൈകിട്ട് ദളിത് ഫോറത്തിന്റെ ആലോചനസമിതിയിൽ പങ്കെടുത്തു.

23. അഭിവന്ദ്യ തട്ടിൽ പിതാവ് യാക്കോബായ ഭദ്രാസനത്തിന്റെ സുവിശേഷ കൺവെൻഷനിൽ സംസാരിച്ചു. വൈകിട്ട് പല്ലിശ്ശേരിയിൽ എസ്. എം. ഐ. വൈദികവിദ്യാർത്ഥികൾക്കായി വി. ബലിയർപ്പിച്ചു.

24. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഒളരി ഇടവകയിൽ സെന്റ് ആൻസ് സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ വി. ബലിയർപ്പിക്കുകയും ഹോസ്റ്റലിന്റെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. വൈകിട്ട് ചേലക്കോട്ടുകര ലിറ്റിൽ ഫ്ളവർ കോൺവെന്റിലെ അൾത്താരയുടെ കൂദാശകർമ്മവും നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് താമരശ്ശേരി രൂപതയിൽ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിനെ സന്ദർശിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ എഫ്. സി. സി. അസ്സീസി പ്രോവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് മാനന്തവാടി രൂപത സന്ദർശിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആനിമേഷൻ സെന്ററിൽ വിവാഹഒരുക്ക കോഴ്സ് കൂടുന്നവർക്കായി ദിവ്യബലിയർപ്പിച്ചു. വൈകിട്ട് നോർത്ത് നന്തിപുലം ഇടവകയിൽ പോപ്പുലർ മിഷൻ ധ്യാനത്തിൽ സമാപനസന്ദേശം നൽകി. കെ. സി. വൈ. എം. ന്റെ നേതൃത്വത്തിലുള്ള ഫോർമേഷൻ ക്യാമ്പ് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ അസ്സീസി സമൂഹത്തിന്റെ സിനാക്സിസിൽ പങ്കെടുത്തു. വൈകിട്ട് ഹൈദ്രാബാദിലേക്കു പോയി.

27. അഭിവന്ദ്യ താഴത്ത് പിതാവ് കല്ലേറ്റുംകരയിൽ പാവനാത്മ പ്രോവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് മുളയം ഇടവകയിൽ നിർമ്മലദാസി സിസ്റ്റേഴ്സിന്റെ ജൂബിലി യാഘോഷങ്ങളിലും നിത്യവ്രതവാഗ്ദാന ചടങ്ങുകളിലും പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ഹൈദ്രാബാദിൽ ബാലപൂർ പള്ളിയിൽ വി. ബലിയർപ്പിച്ചു.

28. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഇടവകകൾ സന്ദർശിക്കുകയും വൈകിട്ട് ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ ബധിര-മൂകർക്കുള്ള ധ്യാനത്തിൽ സമാപനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് പുല്ലഴി ക്രിസ്റ്റീന ഹോമിന്റെ ജൂബിലിയോടനുബന്ധിച്ച് നടത്തിയ മെഗാഷോ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മണ്ണുത്തി ഡോൺ ബോസ്കോയിൽ നടന്ന ഷെക്കെയ്ന മിനിസ്ട്രിയുടെ ഫാമിലി കൂട്ടായ്മയിൽ സംസാരിച്ചു. വൈകിട്ട് ദൈവശബ്ദം മീറ്റ് ദി ജീസസ് പ്രയർ ടീമിന്റെ നേതൃത്വത്തിൽ നടത്തിയ സമൂഹവിവാഹ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് പല്ലിശ്ശേരി എൽ. പി. സ്കൂൾ ആശീർവദിക്കുകയും പൊതുയോഗത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

29. അഭിവന്ദ്യ താഴത്ത് പിതാവ് അമല ആശുപത്രിയിൽ ഫാ. ഗബ്രിയേൽ സി. എം. ഐ. അച്ചന്റെ അനുസ്മരണയോഗം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് എറണാകുളം തോട്ടുവ സെന്റ് തോമസ് പള്ളിയിൽ വി. ബലിയർപ്പിച്ചു.

30. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ സെന്റ് മേരീസ് കോളേജ് കോൺവെന്റിൽ വി. ബലിയർപ്പിച്ചു. അതിരൂപത ആലോചന സമിതിയോഗത്തിൽ പങ്കെടുത്തു.

31. അഭിവന്ദ്യ താഴത്ത് പിതാവ് സ്നേഹപുരം ഇടവകയിൽ ഡീ. ജസ്റ്റിൻ മരോട്ടിക്കലിന് തിരുപട്ടശുശ്രൂകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് മണലൂർ കിഴക്ക് ഇടവകയിൽ വൈദികമന്ദിരത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് എളവള്ളി ഇടവകയിലും ചെവ്വൂർ ഇടവകയിലും വി. ബലിയർപ്പിച്ചു.

# നാമകരണ നടപടികൾ

## ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**2017 മെയ് – രണ്ടാം ശനി ആചരണം**



സി.എസ്. സി. സാൻതോം പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. ബ. സിസ്റ്റർ അനഹ സി. എസ്. സി. പ്രഭാഷണം നടത്തി. 'ഊക്കനച്ചൻ – തിരുഹൃദയഭക്തൻ' എന്ന ആശയത്തെ മുൻനിറുത്തി ബ. സിസ്റ്റർ തന്റെ ചിന്തകൾ പങ്കുവച്ചു. 10.30ന് അനുസ്മരണ ബലി, കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, നേർച്ച, ഊട്ട് വെഞ്ചരിപ്പ് എന്നിവക്ക് കാർമ്മികത്വം വഹിച്ചത് റവ. ഫാ. ജെയ്സൺ വടക്കേൽ ആണ്. ജീവിച്ചിരിക്കുന്ന കാലം തല കുനിച്ച് ജീവിച്ചാലെ നമുക്ക് വിലയുണ്ടാകു. സ്നേഹം കൊണ്ട് ലോകത്തെ സ്വന്തമാക്കിയ ഊക്കനച്ചന്റെ ജീവിതശൈലി നമുക്ക് അനുകരിക്കാമെന്ന് ആശംസിച്ചുകൊണ്ട് തന്റെ സന്ദേശം അവസാനിപ്പിച്ചു.

## ദൈവദാസൻ ഫാ. ആന്റണി തച്ചുപറമ്പിൽ



ദൈവസ്നേഹത്തിന്റെ അനശ്വര പ്രവാചകനായ അന്തോണിയച്ചൻ തന്റെ എല്ലാ ജീവകാരുണ്യപ്രവർത്തനങ്ങളും ചെയ്തത് ദൈവസ്നേഹത്തെ പ്രതിയാണെന്ന് അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പ്രസ്താവിച്ചു. ദൈവദാസൻ അന്തോണി തച്ചുപറമ്പിലച്ചന്റെ 54–ാം ശ്രാദ്ധാചരണപരിപാടികൾക്കും ദിവ്യബലിക്കും ചേലക്കര സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ നേതൃത്വം കൊടുത്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. "സർവ്വനന്മകളുടേയും നിറകുടമായ ദൈവം സർവ്വദാ സ്നേഹയോഗ്യനാണെന്നും നമ്മെ തന്റെ ഹൃദയത്തിൽ അനാദികാലം മുതലേ സംഗ്രഹിച്ചിരുന്ന യേശുവിന്റെ സ്നേഹം നാം നിരന്തരം ഓർക്കണമെന്നുള്ള ദൈവദാസന്റെ വാക്കുകൾ അഭിവന്ദ്യപിതാവ് അനുസ്മരിച്ചു. ദിവ്യബലിക്കും ഒപ്പീസിനും ശേഷം നടന്ന ശ്രാദ്ധ ഊട്ടിൽ ആയിരക്കണക്കിനു പേർ പങ്കെടുത്തു. ദൈവദാസന്റെ ജന്മസ്ഥലമായ കോടാറ്റു നിന്ന് വികാരി ഫാ. ജോയ് ചാലിശ്ശേരിയുടെ നേതൃത്വത്തിൽ നിരവധി പേർ പങ്കെടുത്തു. 04.06.2017 ന് നടന്ന തീർത്ഥാടന പദയാത്ര സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു.

**ഫാ. പോൾ പുളിക്കൻ,**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം

**1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ**

2017 ജൂലൈ 4 മുതൽ ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ അതിരൂപത കച്ചേരിയിൽ ആരംഭിക്കുന്നു. ഫൊറോന അടിസ്ഥാനത്തിലാണ് ഇടവകകൾ തെരട്ട് സമർപ്പിക്കുന്നത്. ജൂൺ മാസത്തെ അതിരൂപതാ ബുള്ളറ്റിനിൽ (പേജ് 36) ഓരോ ഇടവകയും തെരട്ടു സമർപ്പിക്കുന്നതിനുള്ള തിയ്യതിയും സമയവും കൊടുത്തിട്ടുണ്ട്. തെരട്ടുകൊണ്ടുവരുമ്പോൾ നൽകേണ്ട രേഖകളെപ്പറ്റിയും മറ്റു കാര്യങ്ങളെ സംബന്ധിച്ചും 2017 ജൂൺ മാസത്തെ ബുള്ളറ്റിനിൽ(പേജ് 18, 19) വിശദമായി കൊടുത്തിട്ടുള്ളത് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സാമ്പത്തിക കാര്യലയത്തിലേക്ക് അതിരൂപതയുടെ കമ്പ്യൂട്ടർ പ്രോഗ്രാമിൽ ചെയ്ത കണക്കിന്റെ സി.ഡി. യും മറ്റും തെരട്ട് രേഖകളോടൊപ്പം കൊണ്ടുവരണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. കമ്പ്യൂട്ടർ പ്രോഗ്രാം സംബന്ധിച്ച സംശങ്ങൾക്ക് അതിരൂപത ഐ.ടി. സെല്ലുമായി ബന്ധപ്പെടുക.

**2. ഇന്റേണൽ ഓഡിറ്റ് സ്ഥാപനങ്ങൾ, സംഘടനകൾ**

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കുകൾ ഇന്റേണൽ ഓഡിറ്റിന് ചുമതലപ്പെടുത്തിയവരുടെ പേരുകൾ താഴെ കൊടുക്കുന്നുണ്ട്. ബ. ഡയറക്ടറച്ചന്മാർ ഇക്കാര്യവും ശ്രദ്ധിക്കുമല്ലോ. 2017 സെപ്തംബർ മാസം മുതലാണ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കൽ ആരംഭിക്കുന്നത്. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കു തിയ്യതിയും സമയവും 2017 ആഗസ്റ്റ് മാസത്തെ ബുളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**1. ഫാ. മാത്യു ചാക്കേരി (9495465401) ശ്രീ. തോമസ് അഗസ്റ്റിൻ(9947470256)**

1. ജൂബിലി മിഷൻ ഹോസ്പിറ്റൽ
2. ജൂബിലി മിഷൻ മെഡിക്കൽ കോളേജ്
3. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ്
4. ജൂബിലി മിഷൻ കോളേജ് ഓഫ് ബി. എസ്.സി. നേഴ്സിംഗ്
5. കെ.സി.എസ്.എൽ
6. മാതൃസംഘം

**2. ഫാ.ജിക്സൺ താഴത്ത് (9048374050) ശ്രീ.സി.ജെ.പോൾ (2420508,9446370508)**

1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ
2. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്,വെസ്റ്റ് ഫോർട്ട്, ലിലിയൻ ഫോണ്ടസ്
3. സെന്റ് ആൻസ് വെസ്റ്റ് ഫോർട്ട്
4. സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ദി വർക്കർ(എസ്. എസ്. ജെ.ഡബ്ല്യൂ)
5. ഹോളി ചൈൽഡ്ഹുഡ്
6. ഫ്രാൻസിസ്കൻ അസോസിയേഷൻ
7. കുടുംബസമ്മേളനം
8. ചൈതന്യക്ലീനിക്
9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം
10. ഡാമിയൻ എസ്റ്റേറ്റ് മുളയം
11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം

**3. ഫാ.പോൾസൺ തട്ടിൽ (9446533069) ശ്രീ. ഇ. കെ. ഫ്രാൻസിസ് (2695065)**

1. ബൈബിൾ അപ്പസ്തോലേറ്റ്
2. തൊഴിൽ അഭ്യസന പീഠം
3. സി.എൽ.എ. സാക്രിസ്റ്റ്യൻസ്
4. സെന്റ് മേരീസ് ഓർഫനേജ് പ്രൈവറ്റ് ഐ.ടി.ഐ
5. പോളിടെക്നിക് മാനേജ്മെന്റ് അക്കൗണ്ട് അളഗപ്പനഗർ
6. സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ
7. കാത്തലിക് ആർച്ച്ബിഷപ്പ്സ് ഹൗസ്
8. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

**4. ഫാ. ജോജു ആളൂർ (9446620881) ശ്രീ. ടി. ജെ. സോമൻ (9645340515)**

1. മദ്യവിരുദ്ധ സമിതി (ടെമ്പറൻസ് മൂവ്മെന്റ്)
2. നെസ്റ്റ്, രാമവർമ്മപുരം
3. പഴുവിൽ ധ്യാനകേന്ദ്രം
4. സെന്റ് ജോർജ് ഹോസ്റ്റൽ
5. സെന്റ് തോമസ് ഹോസ്റ്റൽ
6. സെന്റ് തോമസ് കോളേജ്
7. സെന്റ് തോമസ് എജ്യുക്കേഷൻ സെന്റർ

8. കരിസ്മാറ്റിക് മൂവ്മെന്റ്
9. ക്രൈസ്റ്റ് വില്ല പൂവർ ഹോം, രാമവർമ്മപുരം
10. ആബാ റിന്യൂവൽ സെന്റർ

**5. ഫാ. ജോർജ്ജ് ചെറുവത്തൂർ (9447468387) ശ്രീ. ആന്റോ നെല്ലിശ്ശേരി (8547411138)**

1. മഹാജൂബിലി ട്രെയ്നിംഗ് കോളേജ്, മുള്ളൂർക്കര
2. റീജിണൽ പാസ്റ്ററൽ സെന്റർ, ചേലക്കര
3. ഫാ. തച്ചുപറമ്പിൽ ഓർഫനേജ്, ചേലക്കര
4. സെന്റ് ക്രിസ്റ്റിന ഹോം, പുല്ലഴി
5. സെന്റ് ജോസഫ്സ് ഹോം പുല്ലഴി
6. സെന്റ് ജോസഫ്സ് ഭവൻ പുല്ലഴി
7. നസ്രത്ത് സെന്റർ, മുള്ളൂർക്കര
8. സെന്റ് പോൾസ് ഗുരുകുലം, തിരുവില്വാമല

**6. ഫാ. വർഗ്ഗീസ് തരകൻ (9447350189) ശ്രീ. ആന്റണി തോമസ് എം.(9447739870)**

1 പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ
2. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് & റീഹാബിലിറ്റേഷൻ സെന്റർ
3.പോപ്പ് പോൾ പീസ് ഹോം. പെരിങ്ങണ്ടൂർ
4. കലാസദൻ
5. കാത്തലിക് നേഴ്സസ് ഗിൽഡ്
6. കാത്തലിക് സെന്റർ
7. പാസ്റ്ററൽ സെന്റർ
8. സാവിയോ ഹോം, മനക്കൊടി
9. പബ്ലിക് റിലേഷൻസ് & ഡായോമീഡിയ
10. ടിംഹാൻസ്, പെരിങ്ങണ്ടൂർ
11. കത്തോലിക്കാസഭ മാഗസിൻ

**7. ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട്, (9446723006) ശ്രീ റ്റി.ജെ ഡേവീസ് (9446561347)**

1. കേറ്റീസം
2. കേറ്റീസം - ടെക്സ്റ്റ് ബുക്ക് അക്കൗണ്ട്
3. കേറ്റീസം- ബുക്ക് സ്റ്റാൾ
4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

5. ഡി.ബി.സി.എൽ.സി
6. ഡി.ബി.സി.എൽ.സി ലൈബ്രറി അക്കൗണ്ട്
7. സെന്റ് ജോസഫ് ബാലസദൻ, അവണ്ണിശ്ശേരി
8. കാത്തലിക് ഇൻഫർമേഷൻ സെന്റർ
9. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്
10. സി.എൽ.സി
11. അൾത്താര സംഘം

**8. ഫാ. ജോഷി ആളൂർ (9495337733) ശ്രീ. ഇഗ്നേഷ്യസ് നെറ്റിക്കാടൻ (9447724000)**

1. എം . ഐ. ബോയ്സ് ടൗൺ, ഏങ്ങണ്ടിയൂർ
2. എം. ഐ. ഹോസ്പ്പിറ്റൽ ഏങ്ങണ്ടിയൂർ
3. എം. ഐ. ഹോസ്പ്പിറ്റൽ നഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ
4. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ
5. ടി.ടി.ഐ. കുരിയച്ചിറ
6. ഐ.സി.എസ്. ഇ. സ്കൂൾ കുരിയച്ചിറ
7. ഹോളിക്രോസ് സി.ബി.എസ്.ഇ സ്കൂൾ. ആർത്താറ്റ്

**9. ഫാ.ജോഷി വെണ്ണാട്ടുപറമ്പിൽ (9447617926) പ്രൊഫ. സി.പി.ഡേവിസ് (9447224533)**

1 കെ.സി.വൈ.എം. & കാത്തലിക് യൂണിയൻ
2. ലേ ലീഡർഷിപ്പ്
3. ലീജിയൻ ഓഫ് മേരി
4. സോഷ്യൽ ആക്ഷൻ
5. സോഷ്യൽ വെൽഫെയർ സെന്റർ
6. സോഷ്യൽ ഹൗസിംഗ് സെന്റർ
7. സേവ് എ ഫാമിലി പ്ലാൻ
8. സ്ലം സർവ്വീസ്
9. സാന്ത്വനം

**10. ജിയോ കടവി (9387109575) ശ്രീ. സി.പി. ജോസ്(9249898575)**

1. മേരിമാത മേജർ സെമിനാരി
2. ഹോം ഓഫ് ലവ്, മുളയം
3. മാർ കുണ്ടുകുളം ട്രസ്റ്റ്, കാത്തലിക് ബിഷപ്സ് ഹൗസ്

4. കരുണട്രസ്റ്റ്, കാത്തലിക് ബിഷപ്സ് ഹൗസ്
5. സെന്റ് മേരീസ് മൈനർ സെമിനാരി
6. കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി

## 3. Pan Card - Adhar Card Linking

Goverment of India യുടെ പുതിയ നിർദ്ദേശം അനുസരിച്ച് പാൻകാർഡും ആധാർ കാർഡും ജൂലൈ 31ന് ഉള്ളിൽ ലിങ്ക് ചെയ്യേണ്ടതാണ്. ഇനി മുതൽ 50,000 രൂപയ്ക്ക് മുകളിലുള്ള എല്ലാ ബാങ്ക് ഇടപാടുകൾക്കും ഇത് നിർബ ന്ധമാണ്. പള്ളികൾക്ക് ഇപ്പോൾ ആധാർ കാർഡുകൾ ഇല്ല. പള്ളികളുടെ അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യുന്ന വികാരി അച്ചന്റെയും കൈക്കാരന്റെയും ആധാർ കാർഡുകളാണ് ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യേണ്ടത്. ഇനിയും പാൻകാർഡും ആധാർ കാർഡും എടുക്കാത്ത വൈദികർ ഉണ്ടെങ്കിൽ ഉടനെ തന്നെ അപേക്ഷിക്കേണ്ടതാണ്. ഇതിന് അതാത് ചാർട്ടേഡ് അക്കൗണ്ട്മാരെ യോ, മറ്റ് ഏജൻസികളെയോ സമീപിക്കേണ്ടതാണ്. ആധാർ കാർഡും പാൻകാർഡും ലിങ്ക് ചെയ്യണമെങ്കിൽ https://incometaxindiafiling എന്ന ലിങ്കിൽ കൂടി ചെയ്യാം. ആധാർ കാർഡിലെയും പാൻ കാർഡിലെയും പേരു കൾ തമ്മിൽ വ്യത്യാസം ഉണ്ടെങ്കിൽ അക്ഷയകേന്ദ്രങ്ങൾ വഴി തിരുത്താവു ന്നതാണ്.

**4. അതിരൂപത സഹായ ഫണ്ട്**

| | | |
|---|---|---|
| 1. വിവാഹം | – | 131500 |
| 2. ചികിത്സ | – | 37500 |

**5. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

| | | | | | |
|---|---|---|---|---|---|
| 1. വടൂക്കര | – | 5000 | 2. തിരൂർ | – | 5000 |
| 3. പുതുശ്ശേരി | – | 5000 | 4. തയ്യൂർ | – | 5000 |
| 5. എളവള്ളി | – | 5000 | | | |

**6. സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

| | | |
|---|---|---|
| ആളൂർ ഈസ്റ്റ് | – | 50000 |

**ദുഃഖവെള്ളി, പെസഹാവ്യാഴം, മിഷൻ ഞായർ, സഭാദിനം, ഞായർ പിരിവ്, പ്രത്യേക പിരിവ്**

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
|---|---|---|---|---|---|---|---|
| 1 | ആറംമ്പിള്ളി | 4735 | 21325 | | | | |
| 2 | അരിമ്പൂർ | | 117530 | | | | |
| 3 | അവണൂർ | | 7050 | | | | |
| 4 | ചെങ്ങാലൂർ | 8000 | 40000 | | | | |
| 5 | ചിറക്കൽ | 5866 | 18404 | | | | |
| 6 | എൽത്തുരുത്ത് | | 51823 | | | | |
| 7 | എരനെല്ലൂർ | 12830 | 70925 | | | | |
| 8 | കാഞ്ഞാണി | | 45165 | | | | |
| 9 | കൊളങ്ങാട്ടുകര | 6635 | | | | | |
| 10 | കോനിക്കര | 5000 | 29593 | | | | |
| 11 | കൂനംമൂച്ചി | | 53500 | | | | |
| 12 | കോ്പടി | 20850 | 81602 | 388316 | | | |
| 13 | കുരിയച്ചിറ | 31210 | 57900 | | | | |
| 14 | മണലൂർ വെസ്റ്റ് | | 28365 | | | | |
| 15 | മുണ്ടൂർ | 10048 | 80146 | | | | |
| 16 | നന്തിപുലം | 5510 | 14610 | | | | |
| 17 | നെടുപുഴ | 8912 | 40915 | | | | |
| 18 | നല്ലങ്കര | 8940 | 51210 | | | | |
| 19 | നെല്ലിക്കുന്ന് | 25635 | 81385 | | | | |
| 20 | ഒല്ലൂക്കര | 12353 | | | | | |
| 21 | പടവരാട് | 5595 | 14755 | | | | |
| 22 | പാലക്കൽ | 18870 | 66070 | | | | |
| 23 | പഞ്ചാരപ്പിള്ളി | 3500 | 5500 | | | | |
| 24 | പീക്കാട് | 16297 | 103007 | | | | |
| 25 | പഴുവിൽ | 13235 | 56391 | | | | |
| 26 | പേരാമംഗലം | | 90000 | | | | |
| 27 | പെരിഞ്ചേരി | 9390 | 63350 | | | | |
| 28 | പെരുവല്ലൂർ | 1530 | 10320 | | | | |
| 29 | പുതുക്കാട് നോർത്ത് | | 43500 | | | | |

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
|---|---|---|---|---|---|---|---|
| 30 | പുതുശ്ശേരി | 13000 | 15000 | | | | |
| 31 | പുത്തൻപീടിക | 22560 | 74000 | | | | |
| 32 | സരിതപുരം | 3100 | 4130 | | | | |
| 33 | തൃക്കൂർ | | 12730 | 8000 | | | |
| 34 | തങ്ങാല്ലൂർ | 5407 | 12795 | | | | |
| 35 | വാടാനപ്പിള്ളി | | 38900 | | | | |
| 36 | വടൂക്കര | 8336 | 46195 | | | | |
| 37 | വലപ്പാട് | | 62160 | | | | |
| 38 | വരാക്കര | 12203 | 40175 | | | | |
| 39 | വാരന്തരപ്പിള്ളി | 12350 | 16905 | 10500 | | | |

# വൈദികർ

## ജന്മദിനങ്ങൾ – ജൂലായ് 2017

| | |
|---|---|
| ഫാ. സീജൻ ചക്കാലക്കൽ | 02 |
| ഫാ. സിജോ ചെറുവത്തൂർ | 02 |
| ഫാ. ടോണി വാഴപ്പിള്ളി | 06 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 08 |
| ഫാ. പോൾ പുലിക്കോട്ടിൽ | 08 |
| ഫാ. ജസ്റ്റിൻ തേക്കാനത്ത് | 09 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 10 |
| ഫാ. ഫിനോഷ് കീറ്റിക്ക | 11 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 12 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 12 |
| ഫാ. ഫ്രേജോ വാഴപ്പിള്ളി | 12 |
| ഫാ. സജു വടക്കേത്തല | 13 |
| ഫാ. ജോസ് വട്ടക്കുഴി | 13 |
| ഫാ. ജോഫി ചിറയത്ത് | 16 |
| ഫാ. ആന്റണി മേച്ചേരിപ്പിടി | 16 |
| ഫാ. പോൾസൺ പാലത്തിങ്കൽ | 16 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 19 |

| | |
|---|---|
| ഫാ. പോൾ പുളിക്കൻ | 19 |
| ഫാ. ആന്റണി തേക്കാനത്ത് | 19 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 20 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജിയോമോൻ കല്ലേരി | 21 |
| ഫാ. ജോൺ കിടങ്ങൻ | 22 |
| ഫാ. ഷാജൻ തേർമഠം | 22 |
| ഫാ. ടോണി നീലങ്കാവിൽ | 23 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 24 |
| ഫാ. ജിന്റോ കുറ്റിക്കാട്ട് | 25 |
| ഫാ. ആന്റണി ചെമ്പകശ്ശേരി | 26 |
| മോൺ. തോമസ് കാക്കശ്ശേരി | 27 |
| ഫാ. ബിജു ആലപ്പാട്ട് | 28 |
| ഫാ. ജോസ് ചിറ്റിലപ്പിള്ളി | 28 |




## നാമഹേതുകതിരുനാൾ – ജൂലായ് 2017

| | |
|---|---|
| ഫാ. തോമസ് ചൂണ്ടൽ | 03 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. തോമസ് ചക്കുംപീടിക | 03 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ടിജോ മുള്ളക്കര | 03 |

| | |
|---|---|
| ഫാ. തോമസ് വേലൂക്കാരൻ | 03 |
| ഫാ. തോമസ് വടക്കേത്തല | 03 |
| ഫാ. ക്രിസ്റ്റീൻ ചിറമ്മൽ | 03 |
| ഫാ. ജോബ് പടയാട്ടിൽ | 03 |
| ഫാ. മേജോ മരോട്ടിക്കൽ | 03 |
| ഫാ. തോമസ് എടക്കളത്തൂർ | 03 |

| | |
|---|---|
| ഫാ. തോമസ് പൂപ്പാടി | 03 |
| ഫാ. ടോണി തോമസ് കാക്കശ്ശേരി | 03 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 03 |
| ഫാ. ഫിനോഷ് കീറ്റിക്ക | 03 |
| ഫാ. ജിയോമോൻ കല്ലേരി | 03 |
| മോൺ. തോമസ് കാക്കശ്ശേരി | 03 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. ബിജോ ജോസ് ചാലിശ്ശേരി | 03 |
| ഫാ. റോയ് വേളക്കൊമ്പിൽ | 03 |
| ഫാ. ബെന്നി കിടങ്ങൻ | 03 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 18 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 25 |
| ഫാ. ജെയിംസ് വടക്കൂട്ട് | 25 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 25 |
| ഫാ. ജോയി അടമ്പുകുളം | 25 |

| | |
|---|---|
| ഫാ. സിൻസൺ എടക്കളത്തൂർ | 25 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 25 |
| ഫാ. സിന്റോ തൊറയൻ | 25 |
| ഫാ. സൈജോ തൈക്കാട്ടിൽ | 25 |
| ഫാ. ജിമ്മി കള്ളിങ്കൽക്കുടിയിൽ | 25 |
| ഫാ. ജേക്കബ് എടക്കളത്തൂർ | 25 |
| ഫാ. സജു വടക്കേത്തല | 25 |
| ഫാ. ചാക്കോ ചെറുവത്തൂർ | 25 |
| ഫാ. ജേക്കബ് തൈക്കാട്ടിൽ | 25 |
| ഫാ. ചാക്കോ ചിറമ്മൽ | 25 |
| ഫാ. ചാക്കോ പാറയിൽ | 25 |
| ഫാ. അനീഷ് കൂത്തൂർ വെള്ളാട്ടുകര | 25 |
| ഫാ. ജാക്സൻ ചാലക്കൽ | 25 |
| ഫാ. ചാക്കോ എടയാൽ | 25 |
| ഫാ. സഞ്ജയ് തൈക്കാട്ടിൽ | 29 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 31 |
| ഫാ. സീജൻ ചക്കാലക്കൽ | 31 |



**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പോൾ ചിറപ്പണത്ത് | 05 - 07 - 1915 |
| ഫാ. ജോസഫ് പുത്തൂർ | 18 - 07 - 1944 |
| ഫാ. ജോർജ്ജ് എളംകുന്നപ്പുഴ | 23 - 07 - 1945 |
| ഫാ. ഗ്രൂസ് പാനികുളം | 09 - 07 - 1948 |
| ഫാ. കുര്യൻ വാഴപ്പിള്ളി | 08 - 07 - 1950 |
| ഫാ. ജോസഫ് തെക്കൂടൻ | 11 - 07 - 1953 |
| ഫാ. ജോസഫ് പറമ്പൻ | 27 - 07 - 1961 |
| ഫാ. ആന്റണി അക്കര | 16 - 07 - 1971 |
| ഫാ. ജോർജ്ജ് തട്ടിൽ | 22 - 07 - 1971 |
| ഫാ. പോൾ അരിക്കാട്ട് | 07 - 07 - 1973 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 12 - 07 - 1974 |
| ഫാ. ആന്റണി തേലപ്പിള്ളി | 07 - 06 - 1934 |
| ഫാ. ലൂവീസ് കണ്ണാത്ത് | 13 - 07 - 1975 |
| മോൺ. ജോർജ്ജ് തെക്കേക്കര | 28 - 07 - 1983 |
| ഫാ. ആന്റണി വെള്ളാനിക്കാരൻ | 31 - 07 - 1985 |
| ഫാ. ജോസഫ് ചാലക്കൽ | 22 - 07 - 1993 |
| ഫാ. ജോൺ ആലപ്പാട്ട് | 09 - 07 - 1995 |
| ഫാ. ജോസഫ് വടക്കൂട്ട് | 18 - 07 - 1997 |
| ഫാ. ആന്റണി അന്തിക്കാട്ട് | 14 - 07 - 2000 |
| ഫാ. ജോസഫ് ചുങ്കത്ത് (ജൂനിയർ) | 18 - 07 - 2000 |
| ഫാ. സൈമൺ എടക്കളത്തൂർ | 31 - 07 - 2005 |
| ഫാ. ചാൾസ് ചുങ്കത്ത് | 05 - 07 - 2010 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.05.2017 എസ്.എൻ.ഡി.എസ് നിർമ്മലദാസി സിസ്റ്റേഴ്സിന്റെ സുപ്പീരിയർ ജനറലും ജനറൽ കൗൺസിൽ അംഗങ്ങളും രാമനാഥപുരം രൂപതിയിൽ പ്രവർത്തിക്കുന്ന മദർ തെരേസ പീസ്ഹോമിന്റെ പുതുതായി പണികഴിച്ച മദർതെരേസ പീസ്ഹോമിന്റെ ആശീർവാദകർമ്മത്തിൽ സംബന്ധിച്ചു.

സി.എം.സി. തൊഴിലാളി മദ്ധ്യസ്ഥനായ വി.യൗസേപിതാവിന്റെ തിരുനാൾ ദിനമായ ഇന്ന് 6 Aspirants പോസ്റ്റുലൻസിയിലേക്കും 5 Candidates ആസ്പിരൻസിയിലേക്കും പ്രവേശിച്ചു.

എസ്.എ.ബി.എസ്. സാഗർ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി ചിറയത്ത് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

എസ്.എ.ബി.എസ്. ആസ്പിരൻസി കാലഘട്ടം പൂർത്തിയാക്കിയ 4 ആസ്പിരൻസ് പ്രീ പോസ്റ്റുലൻസിയിലേക്ക് പ്രവേശിച്ചു.

സി.എസ്.എം. തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മണ്ണംപേട്ട അമലോത്ഭവ മാതാവിന്റെ പള്ളിയിൽ വച്ച് 4 നോവീസസ് ആദ്യവ്രതവാഗ്ദാനം നടത്തി.

എസ്.എൻ.ഡി.എസ് മുളയം നിർമ്മലഭവൻ നൊവിഷ്യേറ്റ് ഭവനത്തിൽവച്ച് നിർമ്മലദാസി സിസ്റ്റേഴ്സിന്റെ ഫൗണ്ടേഴ്സ്ഡേ ആഘോഷം നടത്തി.

എസ്.എ.ബി.എസ്. ജൂണിയർ സിസ്റ്റേഴ്സിനായുള്ള 10 ദിവസത്തെ Enrichment Programme പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു. റവ. ഫാ. ബാബു പാണാട്ടുപറമ്പിൽ, മദർ ലിറ്റിൽ മരിയ തെക്കേക്കര, സി. മാർഗരറ്റ് കൊള്ളന്നൂർ, സി. അൽഫോൻസ മൂഞ്ഞേലി, സി. റോസ് മേരി പ്ലാക്കൽ, സി. സുമ തെരേസ് പെരേപ്പാടൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

04.05.2017 സി.എം.സി. ജൂനിയേഴ്സ് കോഴ്സിൽ സംബന്ധിച്ചുകൊണ്ടിരിക്കുന്ന ജൂനിയർ സിസ്റ്റേഴ്സിനെ കാണാൻ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ തൊഴുപ്പാടം മരിയ ഭവൻ മഠത്തിലേക്ക് പോയി.

05.05.2017 എസ്.എ.ബി.എസ്. ആഫ്രിക്കയിൽ നിന്നുള്ള ആദ്യ അംഗങ്ങളായ സി. ജൂണിസ് പോൾ, സി. ഡിവോട്ട മരിയ, സി. ഫൗസ്റ്റ റോസ്, സി. ആൻ തെരേസ് എന്നിവർക്ക് പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകി.

06.05.2017 എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ സാഗർ രൂപതാംഗം റവ. ഫാ. ദേവമിത്ര അർപ്പിച്ച വിശുദ്ധ ബലിയോടെ സി. മേരി കൊടിയൻ, സി. മേരി കാനാടി, സി. മരിയ ഗ്രെയ്സ് ചേർപ്പൂകാരൻ, എന്നിവരുടെ സുവർണ്ണ ജൂബിലി വർഷം ഔദ്യോഗികമായി ആരംഭിച്ചു.

08.05.2017 സി.എം.സി. ചൂണ്ടൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന്റെ ഹോസ്പിറ്റൽ ഡേയോടനുബന്ധിച്ചുള്ള ദിവ്യബലിയിലും മറ്റ് പരിപാടികളിലും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജയും, സിസ്റ്റേഴ്സും പങ്കെടുത്തു.

09.05.2017 സി.എസ്.സി. മരിയ പ്രൊവിൻഷ്യൽ ഹൗസിൽ തൃശൂർഅതിരൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് സന്ദർശിക്കുകയും സഭാവസ്ത്രസ്വീകരണവും ആദ്യവ്രതാർപ്പണവും നടത്തുന്ന സന്യാസാർത്ഥിനികളെ കാണുകയും സാരോപദേശം നൽകുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

സി.എച്ച്.എഫ്. പി.ഒ.സി. യിൽ നടത്തിയ വൊക്കേഷൻ പ്രൊമേട്ടേഴ്സിന്റെ മീറ്റിംഗിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

സി.എസ്.സി. 2017 മെയ് 10, 11, 12 തീയതികളിൽ ഫയർ കോൺഫ്രൻസ് സി.എസ്.സി. മരിയ ഭവൻ ജനറലേറ്റിൽവച്ചു നടന്നു.

സി.എസ്.സി. 2017 മെയ്07 ന് നിത്യവ്രതാർപ്പണംചെയ്യാനൊരുങ്ങുന്ന ജൂനിയർസിസ്റ്റേഴ്സ് ജൂനിയറേറ്റ് കോഴ്സിൽ പ്രവേശിച്ചു. മിസ്ട്രസ് ബ. സി.പൂർണ്ണിമ സിഎസ്സി.

11.05.2017 എസ്.എ.ബി.എസ്. തൃശൂർ നിർമ്മല മാത കോവെന്റ് ചാപ്പയിൻ റവ. ഫാ. വർഗീസ് കൂത്തൂർ അർപ്പിച്ച ദിവ്യബലിയോടുകൂടെ കോൺവെന്റിന്റെ രജതജൂബിലി ഉദ്ഘാടനം ചെയ്യപ്പെട്ടു. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ ലിറ്റിൽ മരിയ തെക്കേക്കര സന്നിഹിതയായിരുന്നു.

13.05.2017 സി.എസ്.എം. പേരകം ഇടവകയിൽ 1 വർഷത്തെ ഹോം മിഷന്റെ ഉദ്ഘാടനത്തിനും ആശീർവാദകർമ്മത്തിനും തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് നേതൃത്വം വഹിച്ചു.

എസ്.എൻ.ഡി.എസ് മുളയം നിർമ്മലഭവൻ നൊവിഷ്യേറ്റ് ഭവനത്തിൽവച്ച് സുപ്പീരിയർ ജനറൽ അർത്ഥിനികളെ പോസ്റ്റുലൻസിലേക്കും നൊവിഷ്യേറ്റിലേക്കും പ്രവേശിപ്പിച്ചു.

എസ്.എ.ബി.എസ്.ജനറലേറ്റിൽ നടന്ന SAF മീറ്റിംഗിൽ സി. ലിസ് തെരേസ് കാളനും GPC യിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ ലിറ്റിൽ മരിയ തെക്കേക്കര, സി. സോഫി പെരേപ്പാടൻ എന്നിവരും സംബന്ധിച്ചു.

സി.എച്ച്.എഫ്. സമൂഹസ്ഥാപന ദിനമായ മെയ് 14 ന് 17 ജൂണിയർ സിസ്റ്റേഴ്സ് ദിവ്യബലി മദ്ധ്യേ വ്രതവാഗ്ദാനം നടത്തി. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

സി.എച്ച്.എഫ്. പനമുക്ക് ഇടവകയിൽ ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ആരംഭിച്ച പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഔദ്യോഗിക ഉദ്ഘാടന മീറ്റിംഗിൽ നവജ്യോതി പ്രൊവിൻഷ്യൽ റവ. സി. മേഴ്സി പോൾ ആശംസകളർപ്പിച്ചു.

24.05.2017 എഫ്.സി.സി.ഏപ്രിൽ 24 മുതൽ 28 വരെ തീയതികളിൽ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന പ്രൊവിൻഷ്യൽ പ്ലീനറി അസംബ്ലിയിൽ 145 അംഗങ്ങൾ സംബന്ധിച്ചു.

സി. എസ്. എം. നെല്ലിക്കുന്ന് ഇടവകയിൽ പുതുതായി പണികഴിപ്പിച്ച ലൂർദ്ദ് നാഥാ പ്രോവിൻസിന്റെ ശാഖാ ഭവനമായ ലിറ്റിൽ ഫ്ളവർ ഹോമിന്റെ ആശീർവാദ കർമ്മവും ഉദ്ഘാടനവും തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.

എസ്.എ.ബി.എസ്. സത്ന പ്രോവിൻസിലെ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ റോസ് തെരേസും ടീമംഗങ്ങളും ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

സി.എസ്.സി. ഈ വർഷംആദ്യവ്രതാർപ്പണവും സഭാവസ്ത്രസ്വീകരണവും

നടത്തിയ ബ. സിസ്റ്റേഴ്സിന് സി.എസ്.സി. മരിയഭവൻ ജനറലേറ്റിൽ ഹൃദ്യമായ സ്വീകരണം നൽകി.

എസ്.എ.ബി.എസ്. കാനോനിക്കൽ നൊവീഷ്യേറ്റ് പൂർത്തിയാക്കിയ 6 നോവീസസിനെ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ ലിറ്റിൽ മരിയ തെക്കേക്കര സന്ദർശിച്ചു. ഇവരുടെ ഡിറക്ട്രസ്സായി സി. ജെസ്‌ലിൻ റോസ് ബ്രഹ്മകുളത്ത് ചുമതലയേറ്റു.

26.05.2017 എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിന്റെചാപ്ലയിനായി ചാർജെടുത്ത റവ. ഫാ. ബോബി തറക്കുന്നേൽ-ലിന് പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരണം നൽകി.

എസ്.എൻ.ഡി.എസ്.മൂന്ന് നിർമ്മലദാസി സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയും രണ്ട് സിസ്റ്റേഴ്സിന്റെ നിത്യസമർപ്പണവും മുളയം സെന്റ് പാട്രിക് ഇടവകയിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി.

28.05.2017 എസ്.എ.ബി.എസ്. പടവാരാട് നൊവീഷ്യറ്റ് ഹൗസിൽ നോവീസസിന്റെ 'Parents' Day' സാഘോഷം നടത്തി.

30.05.2017 സി.എസ്.എം. സുപ്പീരിയർ ജനറൽ മദർ സെബി റോസ് അമേരിക്കയിലുള്ള മഠങ്ങൾ സന്ദർശിക്കുന്നതിനായി പോയി.

എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടത്തി.

എഫ്.സി.സി.മേയ് 30 ാം തീയതി Pre Postulancy Phase I ലെ അർത്ഥിനികൾ ചുവന്നമണ്ണ് ഹോളി ട്രിനിറ്റി കോൺവെന്റിൽ **Pre Postulancy Phase II** ലേക്ക് പ്രവേശിച്ചു. സി. നിവേദിത റോസ് ആണ് ഇവരുടെ മിസ്ട്രസ്സായി ചാർജ്ജെടുത്തിരിക്കുന്നത്.

എഫ്.സി.സി.ഒരു വർഷത്തേക്ക് താൽക്കാലിക ദൈവപരിപാലനാഭവനം തൊറവ് സെന്റ് ആന്റണീസ് ഇടവകയിലും Extension Centre Iq"m-e സെന്റ് തോമസ് ഇടവകയിലും ഒരുമനയൂർ ലിറ്റിൽ ഫ്ളവർ ഇടവകയിലും ആരംഭിച്ചു.



**ആദരാഞ്ജലികൾ**

10.5.2017 എഫ്.സി.സി. 2017 മേയ് 10-ാം തിയതി പഴുവിൽ സെന്റ് ആന്റണീസ് ഭവനാംഗമായ

ബ. സി.പാസ്റ്റർ നിര്യാതയായി. അന്ന് 3 മണിക്ക് തൃശൂർഅതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സിസ്റ്ററിന്റെ മൃതദേഹം പഴുവിൽ സെന്റ് ആന്റണീസ് മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



22.05.2017 സി.എം.സി സി.ഒളിംബിയ നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും പാവറട്ടി മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



24.5.2017 എഫ്.സി.സി. നെല്ലിക്കുന്ന് ഡോൺ ബോസ്കോ ഭവനാംഗമായ ബ. സി. സിസിലി ലീന മേയ് 24-ാം തീയതി 25-ാം തീയതി 2.30 ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സിസ്റ്ററിന്റെ മൃതദേഹം നെല്ലിക്കുന്ന് ഡോൺ ബോസ്കോ മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



29.05.2017 എസ്.എൻ.ഡി.എസ് മുളയം നിർമ്മല ദാസി സമർപ്പിത സമൂഹാംഗം സിസ്റ്റർ ലില്ലി ചക്കാലക്കൽ (63), മെയ് 29-ാം തിയതി നിര്യാതയായി. മൃതസംസ്കാരം മുളയം നോവിഷ്യേറ്റ് ഭവനത്തിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

**സി. ജോസഫൈൻ പാലത്തിങ്കൽ SABS**

സി. ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.in|

### 1. ദുക്റാനതിരുനാളിന്റെ മംഗളങ്ങൾ

ദുക്റാനതിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. "എന്റെ കർത്താവേ, എന്റെ ദൈവമേ"എന്ന് പ്രഘോഷിച്ച് ഉത്ഥിതനായ ക്രിസ്തുവിന് സ്വയം സമർപ്പിച്ച്, അവിടുത്തെ പ്രേഷിതനായി നമ്മുടെ നാട്ടിൽവന്ന് വിശ്വാസദീപം തെളിയിച്ച മാർതോമാശ്ലീഹായുടെ തിരുന്നാളിന്റെ മംഗളങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

### 2. പുതിയ അധ്യയന വർഷം

വിശ്വാസപരിശീലനത്തിനായുള്ള പുതിയ അധ്യയന വർഷം ആരംഭിച്ചുവല്ലോ; ആവശ്യമായ ക്രമീകരണങ്ങളെല്ലാം ഭംഗിയാക്കി വിശ്വാസപരിശീലനം കാര്യക്ഷമമായി ആരംഭിക്കുന്നതിനു നേതൃത്വം കൊടുത്ത ബഹു. വികാരിമാർക്കും അസി. വികാരിമാർക്കും പ്രധാനാധ്യാപകർക്കും എല്ലാ മതബോധന അധ്യാപകർക്കും പി.ടി.എ. ഭാരവാഹികൾക്കും പ്രത്യേകം നന്ദി. അഭിവന്ദ്യ പിതാവിന്റെ കുട്ടികൾക്കുള്ള കത്ത് അധ്യാപകരും വിദ്യാർത്ഥികളും ശ്രദ്ധിക്കുമല്ലോ.

### 3. അഭിനന്ദനങ്ങൾ

കഴിഞ്ഞ അധ്യയനവർഷത്തിൽ നമ്മുടെ അതിരൂപതയിലെ ബ്രഹ്മകുളം സെന്റ് തെരാസസ് സി. ജി. എച്ച്, എസിലെ 10-ാം ക്ലാസ്സിൽ പഠിച്ചിരുന്ന ആർദ്ര ടി. ജി., മമ്മിയൂർ ലിറ്റിൽ ഫ്ളവർ സി. ജി. എച്ച്. എസിൽ 12-ാം ക്ലാസ്സിൽ പഠിച്ചിരുന്ന ചിഞ്ചില എം. എസ് എന്നിവർക്ക് K. C. B. C. വിദ്യാഭ്യാസകമ്മീഷൻ നടത്തിയ മോറൽ സയൻസ് പരീക്ഷയിൽ സമ്മാനം ലഭിച്ചു എന്നത് ഏറെ സന്തോഷകരമാണ്. ഇവർക്കും സ്കൂളുകൾക്കും അഭിനന്ദനങ്ങൾ.

### 4. പ്രബോധന വിഷയവും പ്രവർത്തനമേഖലയും

2017-2018 മതബോധന അധ്യയനവർഷത്തിലെ പ്രത്യേക പ്രബോധന വിഷയവും പ്രവർത്തനമേഖലയുമായി എടുത്തിരിക്കുന്നത്

'വിശ്വാസപരിശീലനം കുടുംബങ്ങളിൽ' എന്നതാണ്. പള്ളികളിലെ മതബോധനക്ലാസ്സുകൾ മാത്രമാകാതെ, കുടുംബത്തിൽത്തന്നെ നല്ല ക്രൈസ്തവ പരിശീലനം കുട്ടികൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഈ വിഷയത്തിന് ഊന്നൽ നല്കുന്നത്. അത് സാധ്യമാകുന്നവിധത്തിൽ മാതാപിതാക്കന്മാർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ ബോധവൽക്കരണക്ലാസ്സുകളും പരിപാടികളും സംഘടിപ്പിക്കേണ്ടതാണ്. ക്ലാസ്സുകളെടുക്കുന്നതിന് റിസോഴ്സ് ടീം പരിശീലനത്തിലൂടെ അധ്യാപകരെ ഒരുക്കുന്നുണ്ട്.

## 5. ACC English Text (YOUCAT)

ACC യുടെ ബേസിക് ടെക്സ്റ്റ് പുസ്തകമായ **YOUCAT** ന്റെ ഇംഗ്ലീഷ് പതിപ്പ് മതബോധന അധ്യാപകർക്കും വിദ്യാർത്ഥികൾക്കും 350 രൂപ നിരക്കിൽ മതബോധനകേന്ദ്രത്തിൽനിന്ന് ലഭ്യമാണ്.

## 6. അധ്യാപകസഹായി

Std. I to X ഞായറാഴ്ച മതബോധന ടെക്സ്റ്റ് പുസ്തകത്തെ ആധാരമാക്കി അധ്യാപകസഹായി മതബോധന ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. യൂണിറ്റുകളിൽ നിന്നും അത് ബന്ധപ്പെട്ട അധ്യാപകർക്ക് വാങ്ങി കൊടുക്കേണ്ടതാണ്. അധ്യാപകർക്ക് വളരെ പ്രയോജനപ്പെടുത്താവുന്ന ഈ പുസ്തകത്തിന്റെ സഹായത്തോടുകൂടി കുട്ടികളെ പഠിപ്പിക്കുന്നതിൽ വളരെയേറെ പ്രയോജനമുണ്ടായിരിക്കും.

## 7. പാഠപുസ്തക വിതരണം.

കുട്ടികൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കേണ്ടത് യൂണിറ്റുകളുടെ ചുമതലയാണ്. യൂണിറ്റുകൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുവാൻ മാത്രമേ മതബോധനകേന്ദ്രത്തിന് സാധ്യമാകുകയുള്ളൂ. കുട്ടികളുടെ മാതാപിതാക്കളേയൊ മറ്റോ പുസ്തകങ്ങൾക്കായി മതബോധനകേന്ദ്രത്തിലേക്ക് പറഞ്ഞയയ്ക്കരുത് എന്ന് പ്രത്യേകം നിഷ്കർഷിക്കുന്നു.

## 8. Contact Class

July 2- ന് ആണ് ആദ്യത്തെ ക്ലാസ്സ്. ആവശ്യമുള്ള കുട്ടികൾ അതിന് മുമ്പ് പേരുകൾ രജിസ്റ്റർ ചെയ്യണം.

## 9. Std. VII & Std. XII പ്രതിഭാപരിശീലനക്യാമ്പ്

മതബോധന ഏഴാം ക്ലാസ്സിലെയും പന്ത്രണ്ടാം ക്ലാസ്സിലെയും വിദ്യാർത്ഥികളിലെ പ്രതിഭാസമ്പന്നരായവരെ കണ്ടെത്തുന്നതിനും

പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പരിശീലനക്യാമ്പ് മതബോധനകേന്ദ്രത്തിൽ സംഘടിപ്പിക്കുന്നു. ഇതിൽ പങ്കെടുക്കാനുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ യൂണിറ്റുകളിലേക്ക് നൽകുന്നതാണ്. ഇവരുടെ ലിസ്റ്റ് ആഗസ്റ്റ് 19ന് മുമ്പ് മതബോധനകേന്ദ്രത്തിൽ നൽകണം. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ താഴെകൊടുത്തിരിക്കുന്ന ദിവസങ്ങളിൽ, മതബോധനകേന്ദ്രത്തിൽ പരിശീലനക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. നിശ്ചിത ദിവസം പങ്കെടുക്കാൻ സാധിക്കില്ലെങ്കിൽ അക്കാര്യം മുൻകൂട്ടി അറിയിക്കണം. ഈ ക്യാമ്പിൽ നിന്നായിരിക്കും SMCC പ്രതിഭാസംഗമത്തിൽ പങ്കെടുക്കാനുള്ളവരെ തെരഞ്ഞെടുക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ആ ദിവസത്തെ ഹാജർ ലഭിക്കുകയും ചെയ്യും.

*ക്യാമ്പ് ദിവസങ്ങൾ :*

Std. **XII** : 2017 ഒക്ടോബർ 22 ഞായർ
(9:30 AM to 4:30 PM; DBCLC)

Std. **VII** : 2017 നവംബർ 12 ഞായർ
(9:30 AM to 4:30 PM; DBCLC)

**10. പി. ടി. എ. ജനറൽ ബോഡി യോഗം യൂണിറ്റുകളിൽ:**

പി. ടി. എ. ജനറൽ ബോഡി യോഗം യൂണിറ്റുകളിൽ നടത്തിക്കാണുമെന്ന് വിചാരിക്കുന്നു. ഇനിയും നടത്താത്ത യൂണിറ്റുകളുണ്ടെങ്കിൽ ഉടനെതന്നെ യോഗം വിളിച്ചുകൂട്ടുകയും വാർഷിക മതബോധന പ്രോഗ്രാം സജ്ജമാക്കുകയും അവ പ്രാവർത്തികമാക്കാൻ വേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. മാതാപിതാക്കളും, പി. ടി. എ. ഭാരവാഹികളും അധ്യാപകരും നിരന്തര സമ്പർക്കത്തിൽ വർത്തിക്കുമ്പോഴാണ് കുട്ടികളുടെ വിശ്വാസപരിശീലനത്തിന് ഇടവകയിൽ കൂടുതൽ ഫലദായകത്വം ലഭിക്കുന്നത്.

പി. ടി. എ. യൂണിറ്റ്-ഫൊറോന-അതിരൂപതാതലങ്ങളത്തിൽ സ്ഥാപിതമായതിന്റെ രജതജൂബിലി വർഷമാണിത്. യൂണിറ്റ് തലത്തിൽ പി. ടി. എ. യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള അവസരമാണിത്. മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ യൂണിറ്റ് മൊത്തമായോ, ക്ലാസ്സടിസ്ഥാനത്തിലോ സൗകര്യപൂർവ്വം നടത്തേണ്ടതാണ്. കുട്ടികളുടെ പാതയിൽ നിരവധി ചതിക്കുഴികളുണ്ട്. അത് തിരിച്ചറിയാനോ മനസ്സിലാക്കാനോ പല മാതാപിതാക്കന്മാർക്കും സാധിക്കുന്നില്ല. അതുകൊണ്ട് അതിരൂപതാ മതബോധനത്തിന്റെ ഈവർഷത്തെ പ്രബോധനവിഷയമായ

'വിശ്വാസപരിശീലനം കുടുംബങ്ങളിൽ' വളരെ പ്രസക്തമാണ്. അതനുസരിച്ച് ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിച്ച് ലക്ഷ്യം സാധിക്കണം. ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ റിസോഴ്സ് പേഴ്സൺസിനെ മതബോധനകേന്ദ്രത്തിൽ പരിശീലിപ്പിക്കുന്നുണ്ട്. അതിനുശേഷം അവരുടെ പേരുവിവരങ്ങൾ Blog-ൽ പ്രസിദ്ധീകരിക്കുന്നതാണ്.

**11. മതാധ്യാപകർക്കുള്ള ഏകദിന സെമിനാറുകൾ :**

മതാധ്യാപകർക്കു ക്ലാസ്സടിസ്ഥാനത്തിൽ നടത്തുന്ന ഏകദിന സെമിനാറിൽ അതതു ക്ലാസ്സിലെ എല്ലാ അധ്യാപകരും പങ്കെടുക്കേണ്ടതാണ്. ഏകദിന സെമിനാറുകൾ എല്ലാം മതബോധനകേന്ദ്രത്തിലായിരിക്കും നടത്തപ്പെടുന്നത്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപ. സെമിനാർ സമയം : 9.30 AM - 4.30 PM. കൃത്യസമയത്തുതന്നെ സെമിനാർ ആരംഭിക്കുന്നതാണ്. സെമിനാറിൽ പങ്കെടുക്കുന്നവർക്ക് DBCLC യിൽ വി. കുർബാന ഉണ്ടായിരിക്കുന്നതാണ്. (വിശദവിവരങ്ങൾക്ക് വാർഷിക പ്രോഗ്രാം പേജ് 60–61 കാണുക)

സെമിനാറിന്റെ തീയതികൾ താഴെകൊടുക്കുന്നു.

| ക്ലാസ്സ് | തീയതി | സമയം |
|---|---|---|
| **VII , VIII & IX** | **2017** ജൂലൈ **2** | 9:30AM–4:30PM |
| **X , X I & XII** | **2017** ജൂലൈ **9** | 9:30AM–4:30PM |

## 12. Resource Team & Animation Course

മതാധ്യാപകരുടെ റിസോഴ്സ് ടീമിനുള്ള പരിശീലനവും ആനിമേഷൻ കോഴ്സും സംയുക്തമായി താഴെപ്പറയുന്ന തിയതികളിൽ നടത്തുന്നു. ഈ വർഷത്തെ വിഷയം 'വിശ്വാസപരിശീലനം കുടുംബങ്ങളിൽ' എന്നതാണ്. താല്പര്യമുള്ളവർ നിശ്ചിതദിവസങ്ങളിലെ പരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതാണ്.

ക്ലാസ്സുകളുടെ സമയം : 2:30PM - 5PM
സ്ഥലം : DBCLC

ആനിമേഷൻ കോഴ്സ് ക്ലാസ്സുകൾ : 2017 ജൂലൈ 23, ആഗസ്റ്റ് 6, ആഗസ്റ്റ് 20

റിസോഴ്സ് ടീം പരിശീലന ക്ലാസ്സുകൾ : 2017 ജൂലൈ 23, ആഗസ്റ്റ് 6, ആഗസ്റ്റ് 20, ആഗസ്റ്റ് 27, സെപ്റ്റംബർ 3

നിശ്ചിത ക്ലാസ്സുകളിൽ മുഴുവനും പങ്കെടുത്തവർക്കേ സർട്ടിഫിക്കറ്റ് നൽകുകയുള്ളു. (വിശദവിവരങ്ങൾക്ക് വാർഷിക പ്രോഗ്രാം പേജ് 62 കാണുക)

**13. അധ്യാപകരുടെ ആപ്റ്റിറ്റ്യൂഡ് പഠനം :**

3 വർഷത്തെ ആപ്റ്റിറ്റ്യൂഡ് പഠനത്തിന് നിശ്ചയിച്ചിരിക്കുന്ന *സീറോമലബാർ സഭയുടെ ആരാധനക്രമവിശ്വാസപരിശീലനം* എന്ന ഗ്രന്ഥം മതബോധനകേന്ദ്രത്തിൽ ലഭ്യമാണ്. അധ്യാപകർക്ക് മതബോധനകേന്ദ്രത്തിന്റെ സബ്സിഡി നിരക്കിലുള്ള വില പുസ്തകത്തിന് 50 രൂപയായിരിക്കും. ഓരോ അധ്യാപകനും സ്വന്തമായി പുസ്തകത്തിന്റെ ഒരു കോപ്പി ഉണ്ടായിരിക്കേണ്ടതാണ്.

**14. വിദ്യാർത്ഥികൾക്കുള്ള പ്രബോധനവിഷയ സെമിനാർ**

12-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിവന്നിരുന്ന ഏകദിനസെമിനാർ, യൂണിറ്റുതലത്തിൽ നടത്തേണ്ടതാണ്. യൂണിറ്റിന്റെ സാഹചര്യം കണക്കിലെടുത്ത് 11, 12, ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഒരുമിച്ചുചേർത്ത് ഇത് നടത്താവുന്നതാണ്. സെമിനാറിന് ഈവർഷത്തെ വിഷയം 'വിശ്വാസപരിശീലനം കുടുംബങ്ങളിൽ' എന്നതാണ്. മതബോധനകേന്ദ്രം ഒരുക്കുന്ന റിസോഴ്സ് ടീമംഗങ്ങളെ ക്ലാസ്സെടുക്കുന്നതിന് നിയോഗിക്കാവുന്നതാണ്. (വാർഷിക പ്രോഗ്രാം പേജ് 47 കാണുക)

**15.യൂണിറ്റ് വിസിറ്റ്**

യൂണിറ്റ് വിസിറ്റിനായുള്ള ഫൊറോന ടീമുകൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ജൂലൈ മാസം 16 മുതൽ യൂണിറ്റ് സന്ദർശനം ആരംഭിക്കുന്നു. വിസിറ്റിനു വരുന്ന ടീമിലെ അംഗങ്ങളുടെ യാത്രാചിലവ് (ഒരാൾക്ക് കൂടിയത് 150 രൂപ എന്ന തോതിൽ) സന്ദർശിക്കപ്പെടുന്ന യൂണിറ്റിൽനിന്ന് നൽകേണ്ടതാണ്.

സസ്നേഹം,

Fr. Tens Kunnappilly
Fr. Jijo Kappilamnirappel
Asst. Directors

Fr. Raphael Akkamattathil
Director

# INSTITUTE OF THEOLOGY, TRICHUR

(Phone : 0091-0487- 2333245)

E-mail: Institute.of.theology@gmail.com

## B.A. in Theology and Religious Studies

ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2017 ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നു. ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9:30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Entrance Exam -ൽ പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office മായി ബന്ധപ്പെടുക.

## Correspondence Theology Course:

**പുതിയ ബാച്ച്** : 24 വിഷയങ്ങളുള്ള ഈ കോഴ്സ് മാസംതോറും ഓരോ ക്ലാസ്സ് എന്ന നിലയിൽ 2 വർഷം കൊണ്ടോ മാസംതോറും രണ്ടുക്ലാസ്സുകൾ എന്ന രീതിയിൽ ഒരുവർഷംകൊണ്ടോ പൂർത്തിയാക്കാവുന്നതാണ്. ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2017 ജൂലൈ 23-ാം തിയ്യതി 2 PM ന് ആരംഭിക്കുന്നു. പ്രതിമാസം രണ്ടാം ഞായർ, നാലാം ഞായർ എന്നീ ദിവസങ്ങളിൽ 2 PM മുതൽ 5 PM വരെയായിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ ജൂലൈ 15-ാം തിയ്യതിക്കുമുമ്പ് Institute of Theology Office പേരുകൾ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office മായി ബന്ധപ്പെടുക.

**വാർഷിക പരീക്ഷകൾ**

Assignments എല്ലാം പൂർത്തീകരിച്ചവർക്കുമാത്രമേ വാർഷിക പരീക്ഷകളിൽ പങ്കെടുക്കുന്നതിന് സാധിക്കുകയുള്ളൂ. അടുത്ത വാർഷിക പരീക്ഷകൾ (One Year & Two Years) ആഗസ്ററ് 28,സെപ്റ്റംബർ 1, 6, 9, 12, 21 എന്നീ ദിവസങ്ങളിൽ 2 PM മുതൽ 4 PM വരെ ആയിരിക്കും.

**ജൂലൈ മാസത്തിലെ ക്ലാസ്സുകൾ**

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ജൂലൈ 9, ജൂലൈ 23 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും.

ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ,**
ഡയറക്ടർ



# പാലയൂർ മാർതോമ അതിരൂപതാ തീർത്ഥകേന്ദ്രം

1). പാലയൂർ മഹാതീർത്ഥാടനത്തിന്റെ അതിരൂപതതല കമ്മറ്റി മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ 10.06.2017 ന് കൂടുകയുണ്ടായി. റിപ്പോർട്ട്, കണക്ക്, അവലോകനം, ഭാവിപരിപാടികളുടെ നിർദ്ദേശങ്ങൾ എന്നിവ നടത്തി. 2018 ലെ പാലയൂർ കൺവെൻഷൻ സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. സേവ്യാർഖാൻ വട്ടായിൽ അച്ചന്റെ നേതൃത്വത്തിൽ ആയിരിക്കും.

2). **കുർബ്ബാന സമയത്തിൽ മാറ്റം** - പാലയൂർ തീർത്ഥകേന്ദ്രത്തിൽ ആഗസ്റ്റ് മാസം മുതൽ ഞായറാഴ്ചകളിലെ രണ്ടാമത്തെ കുർബ്ബാന രാവിലെ 10.30 ന് ആയിരിക്കും. എല്ലാ ദിവസവും രാവിലെ 6.30 ന് വി. കുർബ്ബാന.

മറ്റു കുർബ്ബാനകൾ - ഞായർ വൈകീട്ട് 5.15 നും

ചൊവ്വാഴ്ചകളിൽ - ഉച്ചയ്ക്ക് 12.00 നും, വൈകീട്ട് 5.15 നും

ശനിയാഴ്ചകളിൽ - വൈകീട്ട് 5.15 നും

3). **ദണ്ഡവിമോചനം** - ജൂലൈ 2-ാം തിയ്യതി വൈകീട്ട് 5.00 മണിമുതൽ 17-ാം തിയ്യതി രാത്രിവരെ വിശ്വാസകവാടത്തിങ്കൽ ദണ്ഡവിമോചനം ലഭിക്കുന്ന ദിവസങ്ങളാണ്.

4). **ജൂലൈ 3, ദുക്റാനഊട്ടുതിരുനാൾ**

6.30 am വി. കുർബ്ബാന, 9.00 am ന് കൊടിയേറ്റപ്രദക്ഷിണം.

9.30 am ന് തർപ്പണതിരുനാൾ കൊടിയേറ്റ്

9.40 am ദുക്റാന ഊട്ട് ആശീർവാദം, 10.00 മണിമുതൽ ഉച്ചകഴിഞ്ഞ് 4.00 മണിവരെ സൗജന്യ ഊട്ട് തുടരുന്നതാണ്.

10.00 am ന് പൊന്തിഫിക്കൽ തിരുനാൾ പാട്ടുകുർബ്ബാന, സന്ദേശം മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത

2.30 pm ദിവ്യബലി, 4.00 pm ദിവ്യബലി, 5.15 pm ദിവ്യബലി യും ജൂദൻകുന്നിലേക്ക് പ്രദക്ഷിണവും, നൊവേനയും, തിരുശേഷിപ്പ് വണക്കവും നേർച്ചയും.

5). **ജൂലൈ 4 മുതൽ 15 വരെ നൊവേന ദിവസങ്ങൾ**

നൊവേന ദിവസങ്ങളിൽ 5.15 pm വി.കുർബ്ബാന, തിരുനാൾ കർമ്മങ്ങൾ

ജൂലൈ 4 ചൊവ്വ - 6.45 pm ന് നാടകം

ജൂലൈ 5 ബുധൻ - 6.30 pm ന് സമാദരണസദസ്സ് - മികച്ച വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് പാലയൂർ തീർത്ഥ കേന്ദ്രം പുരസ്കാരം നല്കി ആദരിക്കുന്നു.

ജൂലൈ 8 ശനി - 2.30 pm ന് മാർതോമാമക്കൾ സംഗമം തളിയകുളത്തിൽ മാമ്മോദീസ സ്വീകരിച്ചവരുടെ സംഗമം.
6.30 pm സാംസ്കാരികസദസ്സ്

ജൂലൈ 9 ഞായർ - 2.30 pm ന് അരങ്ങേറ്റമഹോത്സവം

ജൂലൈ 11 ചൊവ്വ - 6.45 pm ന് ബൈബിൾ നാടകം

ജൂലൈ 13 വ്യാഴം - 6.45 pm ന് മിമിക്സ് പരേഡ്

ജൂലൈ 14 വെള്ളി - 6.45 pm ന് ദീപാലങ്കാരം പ്രകാശനകർമ്മം

ജൂലൈ 16 ഞായർ - 6.30 am ന് വി.കുർബ്ബാന,
9.30 am ന് തിരുനാൾ കുർബ്ബാന, സന്ദേശം
2.00 സമൂഹമാമ്മോദീസ (തളിയകുളം),
2.45 pm വി. കുർബ്ബാന,
4.00 pm വി. കുർബ്ബാന, പ്രദക്ഷിണം.

ജൂലൈ 17 തിങ്കൾ - 5.15 pm വി. കുർബ്ബാന, 6.45 pm ഗാനമേള.

6). തീർത്ഥാടകർ ധാരാളമായി പാലയൂർക്ക് വന്നുകൊണ്ടിരിക്കുന്നുണ്ട് അതിൽ കുറേ പേർ വിശ്വാസകവാടവും വചനമണ്ഡപവും ഉപയോഗപ്പെടുത്തിയും അപേക്ഷകളും കൃതജ്ഞതാപ്രകാശനവും നടത്തിയും കൃതാർത്ഥരാകുന്നുമുണ്ട്.

7). തീർത്ഥാടകർക്ക് വിശ്രമിക്കാനും ഭക്ഷണം കഴിക്കാനുമൊക്കെയായി തീർത്ഥാടകർക്കൊരു തണൽ എന്ന പേരിൽ ഒരു മിനിഹാൾ പണി ആരംഭിക്കുന്നു.

8). മാർതോമചൊവ്വാഴ്ചയാചരണം ഭക്തിപൂർവ്വകമായി നടക്കുന്നു. അതിൽ ധാരാളം പേർ അനുഭവമായി പറയുന്നുണ്ട്.

9). ജൂലൈ മാസത്തെ മുപ്പിട്ടുഞായർ തിരുനാളും സമൂഹമാമ്മോദീസായും 15, 16 തിയ്യതികളിൽ തന്നെയാണ് ആചരിക്കുന്നത്. മുപ്പിട്ടു ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2.30 മുതൽ പാലയൂരിൽ പതിവുള്ള കുമ്പസാരസൗകര്യം 16 ന് തിരുനാളായതുകൊണ്ട് ഉണ്ടായിരിക്കുന്നതല്ല.

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
വികാരി/റെക്ടർ

# മേരിമാതാ മേജർ സെമിനാരി

**പുതിയ അദ്ധ്യാപകർക്ക് സ്വാഗതം (മെയ് 31)**

സെമിനാരി കുടുംബത്തിന്റെ കൂട്ടായ്മയിലേക്ക് പുതുതായി കടന്നുവന്ന ബഹു. വിൻസെന്റ് ആലപ്പാട്ടച്ചനെയും ജെയ്സൺ കൂനംപ്ലാക്കൽ അച്ചനെയും ബഹു.റെക്ടറച്ചൻ സ്വാഗതം ചെയ്തു. വിൻസെന്റ് ആലപ്പാട്ടച്ചൻ ദൈവശാസ്ത്ര വിഭാഗത്തിലെ ബൈബിൾ അദ്ധ്യാപകനായും ആദ്ധ്യാത്മിക പിതാവായും ജെയ്സൺ കൂനംപ്ലാക്കൽ അച്ചൻ വൈസ് റെക്ടറായും തത്ത്വശാസ്ത്രവിഭാഗത്തിലെ അദ്ധ്യാപകനായും ചുമതലയേറ്റു.

**അദ്ധ്യയന വർഷാരംഭം (ജൂൺ 1)**

മേരി മാതാ സെമിനാരിയുടെ 20-ാം അദ്ധ്യയനവർഷത്തിന് പ്രാർത്ഥനാനിരതമായ ആരംഭം. ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ പോളികണ്ണൂക്കാടൻ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ സെമിനാരിയിലെ മുഴുവൻ വൈദികരും എസ്.ഡി. വി., എസ്. ജെ. ബി, ഷേൺസ്റ്റാട്ട് സെമിനാരികളിലെ റെക്ടറച്ചന്മാരും സഹകാർമ്മികരായിരുന്നു. തുടർന്ന് നടന്ന സമ്മേളനത്തിൽ ഫാ.ടോണി നീലങ്കാവിൽ (റെക്ടർ) പുതിയ അദ്ധ്യയന വർഷത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്യുകയും എല്ലാവിധ ഭാവുകങ്ങൾ നേരുകയും ചെയ്തു. തുടർന്ന് ഫാ. ജെയ്സൺ കൂനംപ്ലാക്കൽ (വൈസ് റെക്ടർ) സെമിനാരിയുടെ കഴിഞ്ഞ അദ്ധ്യയനവർഷത്തെ പ്രധാനപരിപാടികളുടെയും പരിശീലനപദ്ധതികളും സംബന്ധിച്ച വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു. ഈ വർഷത്തെ അദ്ധ്യയന വർഷം മാർ പോളി കണ്ണൂക്കാടൻ പിതാവ് ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ 2016-2017 അദ്ധ്യയന വർഷത്തിൽ ഉന്നതവിജയം നേടിയ ഫാ. സനീഷ് വടാശ്ശേരിക്ക് ഫാ. റോയ് മുളകുപാടം എം.സി. ബി.എസ്. സ്മാരക എന്റോവ്മെന്റും ഫാ. ബെന്നി കൈപ്പുള്ളിപറമ്പന് കാരമുക്ക് ഇടവകപ്പള്ളിയുടെ എന്റോവ്മെന്റും ക്യാഷ് അവാർഡുകളും നൽകി. തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനം വിജയപൂർവ്വം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകളും നൽകി അഭിനന്ദിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് ഫാ. ഫ്രാൻസീസ് ആളൂർ Canonical Reforms Introduced by Pope Francis എന്ന വിഷയത്തെ കുറിച്ച് Lectio Brevis അവതരിപ്പിച്ചു.

**SMTC ആരംഭിച്ചു (ജൂൺ 1)**

മേരിമാതാ സെമിനാരിയിലെ അക്കാദമിക സൗകര്യങ്ങൾ കൂടുതൽപേർക്ക് പ്രയോജനപ്രദമാക്കുക എന്ന ലക്ഷ്യത്തോടെ സന്ന്യാസിനികൾക്കായി സെമിനാരിയിൽ Six Months Theology Course (SMTC) ആരംഭിച്ചു. പതിനാല് സിസ്റ്റേഴ്സ് വിവിധ സന്ന്യാസ സമൂഹങ്ങളിൽ നിന്നായി ഈ കോഴ്സിൽ പങ്കെടുക്കുന്നു.

**മാസധ്യാനം (ജൂൺ 2)**

വേനൽ അവധി കഴിഞ്ഞ് തിരിച്ചെത്തിയ ഏവർക്കും പ്രചോദനം നൽകി. 2017-18 അദ്ധ്യയന വർഷത്തിലെ ആദ്യത്തെ മാസധ്യാനം ജൂൺ 2, 3 തിയതികളിലായി നടത്തി. മാസധ്യാനം നയിച്ചത് ബഹുമാനപ്പെട്ട വിൻസെന്റ് ആലപ്പാട്ടച്ചനാണ്. വൈദിക വിദ്യാർത്ഥികൾ ഓരോരുത്തരും കണ്ണുകൾ ക്രിസ്തുവിലേക്കും കരങ്ങൾ മനുഷ്യരിലേക്കും നീട്ടി പിടിക്കണമെന്നും നാം ആയിരിക്കുന്ന ഇടങ്ങളിൽ ആത്മാവിലുള്ള തീക്ഷ്ണതയാൽ കത്തിജ്ജ്വലിക്കണമെന്നും അച്ചൻ ഓർമ്മപ്പെടുത്തി. പുതിയ തീരുമാനങ്ങളെടുത്ത് പാപമോചനകൂദാശ സ്വീകരിച്ച് ദിവ്യകാരുണ്യ ആരാധനയോടെ മാസധ്യാനം അവസാനിച്ചു.

**ഞായറാഴ്ച അജപാലന ശുശ്രൂഷ (ജൂൺ 4)**

മേരിമാതാ സെമിനാരിയുടെ അജപാലന പരിശീലനത്തിന്റെ ഭാഗമായുള്ള ഞായറാഴ്ചകളിലെ അജപാലന ശുശ്രൂഷ ജൂൺ 4 ന് ആരംഭിച്ചു. തൃശ്ശൂർ, ഇരിങ്ങാലക്കുട, മുവ്വാറ്റുപുഴ എന്നീ രൂപതകളിലായി 39 ഇടവകകളിലാണ് ഈ വർഷം ശെമ്മാശന്മാർ ശുശ്രൂഷ ചെയ്യുന്നത്. മതബോധനം, കുടുംബയോഗങ്ങൾ, ഭവനസന്ദർശനം, സംഘടനാ പ്രവർത്തനം എന്നീ തലങ്ങളിൽ ബഹു. ശെമ്മാശന്മാർ പരിശീലനം നേടുന്നു. പ്രാർത്ഥനയുടെയും വളർച്ചയുടെയും ഒരുക്കത്തിന്റെയും പാതയിൽ പൗരോഹത്യത്തിലേക്ക് നടന്നടുക്കാൻ ഇത് സഹായിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കാം.

**പരിസ്ഥിതി ദിനാഘോഷം (ജൂൺ 5)**

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 'ഭൂമിക്കൊരു തണൽ' എന്ന പദ്ധതിയൊരുക്കി സെമിനാരിയിലെ മൂന്നാം വർഷ തത്വശാസ്ത്രവിദ്യാർത്ഥികൾ. സെമിനാരി വിദ്യാർത്ഥികളുടെ മനസ്സിൽ പച്ചപ്പെന്നൊരു പുണ്യം പാകുക എന്ന ഉദ്ദേശ്യത്തോടുകൂടെ സെമിനാരി പരിസരത്ത് വിവിധയിനം വൃക്ഷതൈകൾ നടുന്ന പദ്ധതി തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ വൃക്ഷതൈ നട്ട് ഉദ്ഘാടനം ചെയ്തു.

**മേരി മാതാ ബേഴ്സ് സ്ഥാപിച്ചവർ**

## I. Individual Special Patron Membership

റവ. ഫാ. ജോൺ ചുങ്കത്ത്, ബ്രസീൽ

## II. Individual Patron Membership

1. ശ്രീ. വർഗ്ഗീസ് ഫ്രാൻസീസ് ജെ. തച്ചിൽഹൗസ്, ചെമ്പൂക്കാവ്
2. ശ്രീമതി & ശ്രീ. ആന്റണി പി.എ. (കുഞ്ഞന്നം കെ.എ.) C/o. ശ്രീ. ജോസ് ആന്റണി പുത്തൂർ ഹൗസ്, വിയ്യൂർ

### III. Individual Benefactor Membership

1. ശ്രീ. പി.സി. വർഗ്ഗീസ്, ചിന്നൻസ് ഹൗസ്, അരണാട്ടുകര
2. ശ്രീ. ജോഫി ജെരാർദ്ദ്, & ജോൺ ജെരാർദ്ദ്, യു. എസ്.എ.
3. ശ്രീ. തോമസ് ഇ.ഐ. എടക്കളത്തൂർ മുട്ടിക്കൽ വീട്, പുത്തൂർ പി.ഒ.
4. ശ്രീ. അനൂപ് ഇഗ്നേഷ്യസ്, കൊള്ളന്നൂർ ഹൗസ്, അരണാട്ടുകര

### IV. Individual Wellwisher Membership

1. വെ. റവ. ഫാ. തോമസ് വടക്കേത്തല, സെന്റ് മേരീസ് ചർച്ച്, പെരിങ്ങോട്ടുകര

**ഫാ. ടോണി നീലങ്കാവിൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

### സെന്റ് പോൾ ഗുരുകുലം ബാച്ച്

മൈനർ സെമിനാരി പരിശീലനത്തിനുശേഷം 3 വർഷത്തെ ഡിഗ്രി/ ഡിപ്ലോമ പഠനം പൂർത്തിയാക്കിയ 7 പേരും പ്ലസ് ടു കഴിഞ്ഞ് മൈനർ സെമിനാരിയിൽ ചേർന്ന് ഒരു വർഷത്തെ പരിശീലനം പൂർത്തിയാക്കിയ 11 പേരും ഉൾപ്പെടുന്ന ഈ അദ്ധ്യയന വർഷത്തെ സെന്റ് പോൾ ഗുരുകുലം ബാച്ച് മെയ് 31-ാം തിയ്യതി അവിടേക്ക് യാത്രയായി.

### തിരുഹൃദയ പ്രതിഷ്ഠ

ഈശോയുടെ തിരുഹൃദയ തിരുനാൾ ദിനമായ ജൂൺ 23-ാം തിയതി സെമിനാരി കുടുംബത്തെ ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിച്ച് പ്രതിഷ്ഠ നവീകരിക്കുകയും സെമിനാരിയും അനുബന്ധ കെട്ടിടങ്ങളും വെഞ്ചിരിക്കുകയും ചെയ്തു. അന്നത്തെ പ്രാർത്ഥനാ ശുശ്രൂഷ നടത്തിയത് സെമിനാരി കോൺവെന്റ് കെട്ടിടത്തിലായിരുന്നു.

### നവാഗതർക്ക് സ്വീകരണം

ഈ വർഷം സെമിനാരിയിലേക്ക് പ്രവേശനം ലഭിച്ച 27 പേർ ജൂൺ 4-ാം തിയതി ഞായറാഴ്ച പരിശീലനം ആരംഭിക്കുന്നതിനായി ഇവിടെ എത്തിചേർന്നു. അവരെല്ലാവരെയും സെമിനാരി കുടുംബം സസന്തോഷം സ്വീകരിച്ചു. അവർക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും സ്വീകരണ കലാവിരുന്നും ഉണ്ടായിരുന്നു. രൂപതയിലെ 24 ഇടവകകളിൽ നിന്നുള്ളവരാണ് ഈ വർഷത്തെ നവാഗതർ.

### അദ്ധ്യയന വർഷാരംഭം

2017- 2018 അദ്ധ്യയന വർഷം ജൂൺ 5 -ാം തിയതി ഉദ്ഘാടനം ചെയ്യപ്പെ

ട്ടു. അന്നേ ദിവസം രാവിലെ വിശുദ്ധ കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകിയത് മാർ ആൻഡ്രൂസ് താഴത്ത് പിതാവായിരുന്നു. രാവിലെ 11.30ന് ആരംഭിച്ച ഉദ്ഘാടന സമ്മേളനത്തിൽ ബഹു. ഡോ. വിൻസെന്റ് കുണ്ടുകുളം വിശിഷ്ടാതിഥിയായി അദ്ധ്യയന വർഷത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

**Initiation Programme for the New comer**

ജൂൺ 5 മുതൽ 7 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ സെമിനാരിയിൽ പുതുതായി എത്തിയവർക്കായുള്ള Initiation Programme ബഹു. ഡെയ്സൺ മുണ്ടോപുറമച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**അഭിവന്ദ്യപിതാക്കന്മാരുടെ ബലിയർപ്പണങ്ങൾ**

ജൂൺ 7-ാം തിയതി അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവും 20-ാം തിയതി അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവും സെമിനാരി കുടുംബത്തോടൊപ്പം വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

**മാസധ്യാനം**

ഈ അദ്ധ്യയന വർഷത്തെ പ്രഥമ മാസധ്യാനം ജൂൺ 9, 10 തിയതികളിലായി നടന്നു. ബഹു. ഫെക്സിൻ കുത്തൂർ മൈനർ സെമിനാരിക്കാർക്കും റവ. ഫാ. സിൻസൺ എടക്കളത്തൂർ ഡിഗ്രി ചെയ്യുന്ന സെമിനാരിക്കാർക്കും ബഹു. സ്റ്റാർസൺ കള്ളിക്കാടൻ റീജൻസിക്കാർക്കും ധ്യാന ചിന്തകൾ നൽകി. ഒന്നാം വർഷ ഡിഗ്രിക്കാർക്കായി ബഹു. രഞ്ജിത്ത് അത്താണിക്കൽ സി.എം.ഐ. അച്ചന്റെ നേതൃത്വത്തിൽ ജൂൺ 7 മുതൽ 9 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ ധ്യാനം നടന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. മെലീസ റോസ്, പനക്കൽ ഹൗസ്, കാക്കശ്ശേരി, പാവറട്ടി
2. ശ്രീ. മൈക്കിൾ ഫ്രാൻസിസ്, Flat No. 02, Kripanilaya, Tilak Nagar, Mumbai - 400089
3. ശ്രീ. കെ. കെ. ഫ്രാൻസിസ് & ഫാമിലി, കമ്പക്കാരൻ ഹൗസ്, ഒല്ലൂർ
4. ശ്രീ. കെ. എം. ചാക്കുണ്ണി & ശ്രീമതി സിസിലി ചാക്കുണ്ണി, കിടങ്ങൻ ഹൗസ്, പുതുശ്ശേരി
5. ശ്രീമതി ആനി കെ. കെ. മുളക്കൽ ഹൗസ്, മറ്റം.
6. ശ്രീ. ഡേവി തോമസ്, പുത്തൂർ കൈതക്കോട്ട് ഹൗസ്, കടങ്ങോട്.
7. ശ്രീമതി ജെസ്സി ഡേവിസ്, തരകൻ മേലൂട്ട് ഹൗസ്, ചൂണ്ടൽ

അഭിവന്ദ്യ വിദ്യാർത്ഥികളെ സ്വന്തമെന്നപോലെ കരുതി ആത്മാർത്ഥമായി പ്രാർത്ഥിച്ചും സാമ്പത്തികമായി സഹായിച്ചുകൊണ്ടും പിന്തുണ നൽകുന്ന ഏവരേയും അനുഗ്രഹങ്ങളുടെ നാഥനായ ഈശോ ആശീർവ്വദിക്കട്ടെ

**ഫാ. ഡൊമിനിക് തലക്കോടൻ**
(റെക്ടർ)

# മഹാജൂബിലി ട്രെയ്നിംഗ് കോളേജ്

### ക്ലാസ്സുകൾ ആരംഭിച്ചു

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ വേനലവധിയ്ക്കുശേഷം ബി.എഡ്. ക്ലാസ്സുകൾ 22.05.2017ന് പുനരാരംഭിച്ചു

### പ്രീമോഡൽ പരീക്ഷ നടന്നു

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ 2016-2018 അദ്ധ്യയന വർഷ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ പ്രീമോഡൽ പരീക്ഷകൾ നടന്നു. 22.05.2017 തിങ്കളാഴ്ച മുതൽ 26.05.2017 വെള്ളിയാഴ്ചവരെയായിരുന്നു പരീക്ഷകൾ.

### പ്ലാസ്റ്റിക് വിമുക്തമാക്കി.

മുള്ളൂർക്കര: 2015-2017 അദ്ധ്യയന വർഷ ബി.എഡ്. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും നേതൃത്വത്തിലുള്ള SUPW-ടെ ഭാഗമായി പ്ലാസ്റ്റിക് വിമുക്ത പരിപാടികൾ നടന്നു. അതിന്റെ ഭാഗമായി മുള്ളൂർക്കര മുതുവറ ഡാം പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കി . 25.05.2017 ന് നടന്ന പ്ലാസ്റ്റിക് വിമുക്ത പരിപാടിയ്ക്ക് കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ചാക്കോ ചിറമ്മേൽ അദ്ധ്യക്ഷത വഹിച്ചു.

### യൂണിയൻ മീറ്റിംഗ്

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ 2016-2018 അദ്ധ്യയന വർഷ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ യൂണിയൻ മീറ്റിംഗ് നടന്നു. കോളേജിന്റെ തുടർ പ്രവർത്തനവുമായി ബന്ധപ്പെട്ട ചർച്ചകൾ മീറ്റിംഗിൽ നടന്നു. കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ചാക്കോ ചിറമ്മേലും കോളേജ് സ്റ്റാഫ് സെക്രട്ടറി ഡോ. ദീപയും പ്രസ്തുത ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു.

### അഡ്വൈടൈസ്മെന്റ് വർക്ക്ഷോപ്പ്

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ കത്തോലിക്കസഭ പത്രത്തിന്റെ അഡ്വൈടൈസ്മെന്റ് മാർക്കറ്റിംഗ് ഡയറക്ടർ ശ്രീ. ജെറിൻ ഡേവീസിന്റെ നേതൃത്വത്തിൽ അഡ്വൈടൈസ്മെന്റ് വർക്ക്ഷോപ്പ് 1.06.2017ന് നടന്നു. പാഠ്യപദ്ധതിയുടെ ഭാഗമായി വരുന്ന EPC പ്രവർത്തനവുമായി ബന്ധപ്പെട്ടതായിരുന്നു അഡ്വൈടൈസ്മെന്റ് വർക്ക്ഷോപ്പ്.

കോളേജ് പ്രിൻസിപ്പാൾ സ്വാഗതം പറഞ്ഞ ചടങ്ങിൽ കോളേജ് സ്പോർട്സ് ക്യാപ്റ്റൻ സന്ധ്യാവർഗ്ഗീസ് നന്ദി പറയുകയും ചെയ്തു

**അഡ്മിഷൻ ആരംഭിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ ബി.എഡ്., എം.എഡ്. ക്ലാസ്സുകളിലേക്കും മഹാജൂബിലി അഡ്വാൻസ് സ്റ്റഡീസിൽ ബി.കോം, +1 കോഴ്സുകളിലേക്കും അഡ്മിഷൻ ആരംഭിച്ചു.

ഫോൺ : 04884 273999

**പരിസ്ഥിതി ദിനം ആഘോഷിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ ഈ വർഷത്തെ പരിസ്ഥിതി ദിനാഘോഷം അതി പ്രൗഢിയോടെ ആഘോഷിച്ചു. മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അബ്ദുൾ സലാം ഉദ്ഘാടനകർമ്മം നിർവ്വഹിച്ച ചടങ്ങിൽ കോളേജ് അസി. ബർസാർ ഫാ. ബാബു അപ്പാടൻ കോളേജ് അങ്കണത്തിൽ വൃക്ഷതൈ നടുകയും ചെയ്തു. കോളേജ് പ്രിൻസിപ്പാൾ റവ.ഡോ. ചാക്കോ ചിറമ്മേൽ അദ്ധ്യക്ഷത വഹിച്ച ആഘോഷ ചടങ്ങിന് മാറ്റുകൂട്ടുന്നതിനായി ദിനാചരത്തോടനുബന്ധിച്ച സ്കിറ്റും ക്വിസ് മത്സരവും നടന്നു.

**സ്വീകരണം**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ ഫിസിക്കൽ സയൻസ് വിഭാഗം അദ്ധ്യാപകൻ ശ്രീ. പ്രേംചന്ദ്രന് കോളേജ് അസി.ബർസാർ ബാബു അപ്പാടന്റെയും കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ചാക്കോ ചിറമ്മേലും ചേർന്ന് സ്വീകരണം നൽകി

**ക്രിട്ടിസിസം ക്ലാസ്സ് സംഘടിപ്പിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ 2016-2018 അദ്ധ്യയന വർഷ ബി.എഡ്.വിദ്യാർത്ഥികളുടെ ക്രിട്ടിസിസം ക്ലാസ്സുകൾ 15.06.2017ന് നടന്നു. എൻ. എസ്. എസ്. മുള്ളൂർക്കര ഹയർ സെക്കണ്ടറി സ്കൂളിൽ വച്ചായിരുന്നു ക്ലാസ്സുകൾ നടന്നത്.

**കോളേജ് ഡേ**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ കോളേജ് ഡേ 22.06.2017ന് കോളേജ് ഓഡിറ്റോറിയത്തിൽവച്ച് നടന്നു. കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടന കർമ്മം നിർവ്വഹിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ റവ.ഡോ.ചാക്കോ ചിറമ്മേൽ അദ്ധ്യക്ഷത വഹിച്ചു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന കലാപരിപാടികൾ ചടങ്ങിന് മാറ്റുകൂട്ടുന്നതായിരുന്നു.

**ഫീസ്റ്റ് ആഘോഷിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജ് അസി. ബസാർ ഫാ. ബാബു അപ്പാടന്റെ ഫീസ്റ്റ് ആഘോഷം 13.06.2017ന് കോളേജ് ഓഡിറ്റോറിയ ത്തിൽ വച്ച് നടന്നു. കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ചാക്കോ ചിറമ്മേൽ ന്റെ നേതൃത്വത്തിലായിരുന്നു ആഘോഷ ചടങ്ങ് നടന്നത്.

**മോഡൽ പരീക്ഷകൾ സമാപിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജ് 2016–2018 അദ്ധ്യായന വർഷ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ മോഡൽപരീക്ഷയും 2015–2017 അദ്ധ്യയന വർഷത്തിലെ നാലാം സെമസ്റ്റർ മോഡൽ പരീക്ഷയും നടന്നു. 26.06.2017 മുതൽ 30.06.2017 വരെയായിരുന്നു പരീക്ഷകൾ

കോളേജ് പ്രിൻസിപ്പാൾ
**റവ. ഡോ. ചാക്കോ ചിറമ്മേൽ**

അസി. മാനേജർ
**ഫാ. ബാബു അപ്പാടൻ**

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**റോമിൽ പ്രബന്ധാവതരണം നടത്തി.**

മെയ്27, 28, 2017ന് മാത്തമാറ്റിക് ഡിപ്പാർട്ടുമെന്റിലെ അസിസ്റ്റന്റ് പ്രൊഫ സർ ഡോ. സി. ജൂലി ആൻഡ്രൂസ് സി.എം.സി., "ബൗണ്ടറി ലെയർ ഫ്ലോ ഓഫ് നാനോ ഫ്ളൂയിഡ് പാസ്റ്റ് ആൻ ഇൻക്ലൈൻഡ് സ്ട്രച്ചിങ്ങ് ഷീറ്റ്' എന്ന ഗവേഷണ പ്രബന്ധം "അഡ്വാൻസ്ഡ് ഇൻ മെക്കാനിക്കൽ ആന്റ് റോബോ ട്ടിക്സ് എഞ്ചിനീയറിങ്ങിന്റെ അഞ്ചാമത് ഇന്റർനാഷണൽ കോൺഫ്രൻസിൽ (5th International Conference on Advance in Mechanical and Roboties Engineering - AMRE '17) അവതരിപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസേർച്ച് എഞ്ചിനി യേഴ്സ് ആന്റ് ഡോക്ടേഴ്സ്, യു. എസ്. എ. എ. (IRED, U.S.A.) എന്ന സംഘം നേതൃത്വം നൽകിയ കോൺഫ്രൻസിലെ AMRE '17 റോമിൽ വെച്ചാണ് ഈ പ്രബന്ധാവതരണം നടന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങ ളിൽ നിന്ന് 26 രാജ്യങ്ങളിൽ നിന്നും അനേകം ഗവേഷകരും ശാസ്ത്രജ്ഞരും റോമിലെ ഈ കോൺഫ്രൻസിൽ പങ്കെടുത്തു.

**ജി. എസ്.ടി. സെമിനാർ നടന്നു.**

സെന്റ് തോമസ് കോളേജ് കോമേഴ്സ് ഡിപ്പാർട്ടുമെന്റിൽ കെൽട്രോൺ

നോളേജ് സെന്ററും സംയുക്തമായി നടത്തിയ ജി.എസ്.ടി. സെമിനാർ കോളേജ് മാനേജർ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ.പി.ഒ. ജെൻസൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൊമേഴ്സ് ടാക്സ് ഓഫീസർ പി.എം. എ. കരീം ക്ലാസ്സെടുത്തു. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, ഡോ. തോമസ് പോൾ കാട്ടൂക്കാരൻ ശ്രീ. എം.വി. ജെയ്ക്കബ്ബ് എന്നിവൽ പ്രസംഗിച്ചു. മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളായ ജെസിയ മാർട്ടിൻ, ആർ രമ്യ, പ്രബിത പ്രകാശൻ എന്നിവരെ ആദരിച്ചു.

വിരമിച്ച കായിക അദ്ധ്യാപകൻ ഡോ. സെബി ജോസിന് ഗുരുദക്ഷിണയായി സെന്റ് തോമസ് കോളേജിന് സർവ്വകലാശാലതല കായിക നേട്ടം.

2016-17 അക്കാദമി വർഷത്തിലെ കായിക മികവ് കണക്കിലെടുത്ത് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഏർപ്പെടുത്തിയ ബെസ്റ്റ് സ്പോർട്സ് കോളേജ് അവാർഡിൽ 237 പോയിന്റോടെ സെന്റ് തോമസ് കോളേജ് മൂന്നാം സ്ഥാനം കരസ്ഥമാക്കി. കാലിക്കറ്റ് സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജിൽ നിന്നാണ് ഈ നേട്ടം സെന്റ് തോമസ് കോളേജ് കരസ്ഥമാക്കിയത് യൂണിവേഴ്സിറ്റി ഇദംപ്രദമായി നൽകുന്ന വൈസ് ചാൻസിലേഴ്സ് ട്രോഫിയ്ക്ക് സ്വിമ്മിംഗ്, ചെസ്സ് (പുരുഷ വിഭാഗം) ചെസ്സ് (വനിതാവിഭാഗം), ഹോക്കി, ബോക്സിംഗ്, ഫെൻസിങ്ങ്, സൈക്ലിംഗ്, തുടങ്ങി 7 ഇനങ്ങളിൽ കോളേജ് ടീം അർഹമായി. ആറു ഗ്രൂപ്പിനുള്ളിൽ രണ്ടാം സ്ഥാനവും രണ്ടെണ്ണത്തിൽ മൂന്നാം സ്ഥാനവും ലഭിച്ചു. അഖിലേന്ത്യാ ഇന്റർ യൂണിവേഴ്സിറ്റിയിലെ പ്രതിനിധീകരിച്ച് 42 പേരും അഖിലേന്ത്യാ തലത്തിൽ 4 സ്വർണ്ണമെഡൽ ജേതാക്കളുമുണ്ട് (അത്‌ലറ്റിക്സ് - മെയ്മേൻ പൗലോസ് ഫുട്ബോൾ, - ആഷ്ക് എ.സ്, അനൂപ് വി.സി, പവർലിഫ്റ്റിംഗ് - ബിബൻ ജോയ്) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ജൂൺ 2ന് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വെച്ച് കേരള സംസ്ഥാന കായിക വകുപ്പ് മന്ത്രി എ.സി. മൊയ്തീനിൽ നിന്ന് ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റ് മേധാവി ഡോ.ടോയ് തോമസും വിദ്യാർത്ഥികളും ചേർന്ന് പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. വിരമച്ച കായികാദ്ധ്യാപകൻ ഡോ. സെബി ജോസിന് ഗുരുദക്ഷിണയായി വിദ്യാർത്ഥികൾ പുരസ്ക്കാരം സമർപ്പിച്ചു.

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**ജൂൺ - 2017**

**ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ലോക രക്തസമ്മർദ്ദദിനം ആചരിച്ചു.**

മെയ് 17 ലോക രക്തസമ്മർദ്ദദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ആശ്രയ ചാരിറ്റബിൾ സൊസൈറ്റിയുടേയും അവസാനവർഷ എം.ബി.ബി.എസ്. വിദ്യാർത്ഥികളുടേയും നേതൃത്വത്തിൽ സൗജന്യ രക്തസമ്മർദ്ദ പരിശോധന നടന്നു. മെയ് 17, 18 തിയ്യതികളിലായി രണ്ട് ദിവസമായാണ് സൗജന്യ ക്യാമ്പ് നടന്നത്. രക്തസമ്മർദ്ദത്തിലുള്ള വ്യതിയാനങ്ങൾ തിരിച്ചറിയാതെപോകുമ്പോൾ ഉണ്ടാകാവുന്ന രോഗങ്ങൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ക്യാമ്പിൽ ആശുപത്രിയിൽ എത്തിയ അനവധി രോഗികളുടെ രക്തസമ്മർദ്ദ പരിശോധന നടന്നു.

**റോഡപകടങ്ങളിൽ പെടുന്നവർക്ക് മികച്ച പരിചരണം നൽകുന്നതിനായി പുതിയ ഗവേഷണ പദ്ധതി**

റോഡപകടം ഉണ്ടായി ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്നതു വരെയുള്ള 'ഗോൾഡൻ അവറി'ൽ എങ്ങിനെ ഏറ്റവും കാര്യക്ഷമമായ പരിചരണം നൽകാം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പഠനം നടത്തുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ വൈദ്യശാസ്ത്രഗവേഷണ ഏജൻസിയായ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR), ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയെയും ബാംഗ്ലൂരിലെ രാമയ്യ മെഡിക്കൽ കോളേജിനേയും തിരഞ്ഞെടുത്തു. ജൂബിലിയിലെ എമർജൻസി വിഭാഗം മേധാവി ഡോ. ബാബു ഉറുമീസ് പാലാട്ടി മുഖ്യ ഗവേഷകനാണ്. നാഷണൽ ടാസ്ക് ഫോഴ്സിന്റെ (NTF) കീഴിൽ ഇന്ത്യയിൽ 5 കേന്ദ്രങ്ങളിലായി മെയ് ഒന്ന് മുതൽ രണ്ടര വർഷമാണ് ഗവേഷണം നടക്കുക. മെഡിക്കൽ ഓഫീസർ ഉൾപ്പെടെ ആറ് പേർ ഈ പ്രോജക്റ്റിൽ മുഴുവൻസമയം പ്രവർത്തിക്കും. രണ്ടരവർഷത്തെ അഞ്ച് കേന്ദ്രങ്ങളിൽ നിന്നുള്ള പഠനഫലങ്ങൾ ക്രോഡീകരിച്ച് ദേശീയതലത്തിലുള്ള നയപരിപാടികൾ ആവിഷ്ക്കരിക്കുകയാണ് കേന്ദ്രഗവൺമെന്റിന്റെ ഉദ്ദേശ്യം.

**ആറ് പേർക്ക് പുതുജീവൻ നൽകി 14-കാരൻ ഗ്ലാഡ്വിൻ യാത്രയായി**

ഒരു വർഷം മുമ്പ് അവയവദാനത്തിനുള്ള ബോധവത്കരണ ക്ലാസിൽ പങ്കെടുത്തിരുന്നപ്പോൾ ഗ്ലാഡ്വിൻ വിചാരിച്ചിരുന്നില്ല താൻ നാളെ ഒരു അവയവദാതാവ് ആകുമെന്ന്. വരന്തരപ്പിള്ളി കോരേത്ത് വർക്ഷീസിന്റേയും

ബിന്നിയുടേയും മകൻ ഗ്ലാഡ്‌വിൻ തലച്ചോറിലുണ്ടായ രക്തസ്രാവം മൂലമാണ് ജൂബിലി മിഷൻ ആശുപത്രിയിൽ എത്തിയത്. ഞായറാഴ്ച്ച ഉച്ചഭക്ഷണം കഴിഞ്ഞ് കടുത്ത തലവേദന തോന്നിയ ഗ്ലാഡ്‌വിൻ കിടന്നു. വൈകാതെ ഛർദ്ദിക്കുകയും ബോധരഹിതനാകുകയും ചെയ്തു. പെട്ടെന്ന് തന്നെ ആശുപത്രിയിലെത്തിച്ചെങ്കിലും തലയുടെ സ്കാൻ ചെയ്തപ്പോൾ ഗുരുതരാവസ്ഥയിലാണെന്ന് മനസ്സിലായി. ഓപ്പറേഷൻ ചെയ്യാൻ സാധിക്കാത്തവിധമായിരുന്നു രോഗിയുടെ അവസ്ഥ. ഇതേതുടർന്ന് രോഗിയെ വെന്റിലേറ്ററിലേക്ക് മാറ്റി. ന്യൂറോസർജൻ ഡോ. രമേഷും, ഇന്റർവെൻഷനൽ അനസ്തെറ്റിസ്റ്റ് ഡോ. ചെറിഷുമാണ് ഗ്ലാഡ്‌വിനെ ചികിത്സിച്ചത്. രോഗിയുടെ നില മോശമാവുകയും മസ്തിഷ്കമരണം സംഭവിക്കുകയുമാണ് ഉണ്ടായത്. രോഗിയുടെ മാതാപിതാക്കളെ വിവരമറിയിച്ചപ്പോൾ ഗ്ലാഡ്‌വിന്റെ ആഗ്രഹമായ അവയവദാനം ചെയ്യാൻ അവർ തയ്യാറാവുകയായിരുന്നു. തുടർന്ന് ആശുപത്രി അധികൃതർ കെ.എൻ.ഒ.എസ്. (കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിങ്ങ്)-യുമായി ബന്ധപ്പെടുകയും അവയവ സ്വീകർത്താക്കളെ കണ്ടെത്തുകയുമായിരുന്നു. കോട്ടയം മെഡിക്കൽ കോളേജ്, അമൃത മെഡിക്കൽ കോളേജ്- പി.വി.എസ്.-എറണാകുളം എന്നീ ആശുപത്രിയിലെ രോഗികൾക്ക് ഗ്ലാഡ്‌വിന്റെ അവയവങ്ങൾ സ്വീകാര്യമാണെന്ന് കണ്ടെത്തി - വിദഗ്ധ ഡോക്ടർമാർ ആറ് മണിക്കൂർ ഇടവിട്ട് അപ്പ്നിയ ടെസ്റ്റ് നടത്തി ബ്രെയിൻ ഡെത്ത് സ്ഥിതീകരിച്ചു. കോട്ടയം മെഡിക്കൽ കോളേജിലെ ഡോ. ജയകുമാർ, അമൃതയിലെ ഡോ. ബിനോയ്, ഡോ. ബിജു, എറണാകുളം പി. വി. എസ്. ആശുപത്രിയിലെ ഡോ. ഷാജി പൊന്നാമ്പത്തയിൽ, ഡോ. പ്രശാന്ത് ജൂബിലിയിലെ-ഡോ. രവി, ഡോ. സബാസ്റ്റ്യൻ വലിയവീടൻ എന്നിവരടങ്ങുന്ന വിദഗ്ധ സംഘം 5 മണിക്കൂർ കൊണ്ട് ഓരോ അവയവവും വേർതിരിച്ചെടുത്തു. കണ്ണുകൾ, കരൾ, വൃക്കകൾ, പാൻക്രിയാസ് എന്നീ അവയവങ്ങളാണ് ദാനം ചെയ്തത്. ഹൃദയവും, ശ്വാസകോശവും ധാനം ചെയ്യൻ മാതാപിതാക്കൾക്ക് സമ്മതമായിരുന്നവെങ്കിലും അവയ്ക്ക് യോജ്യരായ സ്വീകർത്താക്കളെ ലഭിക്കാത്തതിനാൽ അവ ദാനം ചെയ്യാൻ സാധിച്ചില്ല. കരൾ പി.വി. എസ്. ആശുപത്രിയിലെ രോഗിക്കും, പാൻക്രിയാസും ഒരു കിഡ്നിയും അമൃതയിലെ രോഗിക്കും, ഒരു കിഡ്നി കോട്ടയം മെഡിക്കൽ കോളേജിലെ രോഗിക്കും, കണ്ണുകൾ ജൂബിലി മിഷൻ ആശുപത്രിയിലെ രോഗികൾക്കുമാണ് ദാനം ചെയ്തത്. ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ അവയവങ്ങൾ സ്വീകർത്താക്കളിൽ എത്തിക്കുക എന്ന ഭാരിച്ച കർത്തവ്യം ചെയ്തത് പോലീസ് വിഭാഗമാണ്. തൃശ്ശൂരിലേയും, എറണാകുളത്തേയും പോലീസ് വിഭാഗം ഏറ്റവും തിരക്കുള്ള സമയമായിട്ടും - ഒരു മണിക്കുറിനുള്ളിൽ എറണാകുളത്തും, ഒന്നേമുക്കാൽ മണിക്കൂർ കൊണ്ട് കോട്ടയം മെഡിക്കൽ കോളേജിലും അവയവങ്ങൾ എത്തിക്കാൻ

സഹായിച്ചു. ജൂബിലിയിലെ എം.സി.സി.യു- വിഭാഗത്തിലെ സി. ഏയ്ഞ്ചലയും, സ്റ്റാഫുമാരും ഗ്ലാഡ്വിന്റെ പിതാവിന്റെ സഹോദരപുത്രൻ റോബിനും എല്ലാ കാര്യങ്ങൾക്കും ഒരേ മനസ്സോടെ ആദ്യാവസാനം കൂടെയുണ്ടായിരുന്നു. ഗ്ലാഡ്വിന് ഒരു സഹോദരണാനാണുള്ളത് - ഗോഡ്വിൻ. വരന്തരപ്പിള്ളി സി. ജെ. എം. അസംപ്ഷ്യൻ സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിയാണ് ഗ്ലാഡ്വിൻ

**മെഡിക്കൽ ക്യാമ്പുകൾ**

- സി.എസ്.ഐ. ഓൾ സെയിന്റ്സ് ചർച്ച് പാരീഷ് ഹാൾ, തൃശ്ശൂർ
- ആറാംകല്ല് മുസ്ലീം ചർച്ച്, മുല്ലക്കര
- ലൂർദ്ദ് കത്തീഡ്രൽ ചർച്ച്, തൃശ്ശൂർ

**പുതിയ ഡോക്ടർമാർ**

- ഡോ. ജോൺ മത്തായി പി., പ്രൊഫസർ, സൈക്യാട്രി വിഭാഗം

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. ജോയ്സൺ റാഫേൽ & സൻജു, പുത്തൻവീട്ടിൽ ഹൗസ്, ലൂർദ്ദ് ചർച്ച് റോഡ്, തൃശ്ശൂർ
- ശ്രീ. മിന്റേഷ്, നടുവിൽപീടിക ഹൗസ്, നന്തിപുലം, തൃശ്ശൂർ
- സെന്റ് തോമസ് ചർച്ച്, ആർ. വി. പുരം, വില്ലടം, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- സെന്റ് ജോസഫ് ചർച്ച്, ചേരുംകുഴി, ആശാരിക്കാട് പി. ഒ., തൃശ്ശൂർ (80 ഡയാലിസിസ്)
- ശ്രീ. ഒ. കെ. ദേവസ്സി, ഒലക്കേങ്കിൽ ഹൗസ്, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് ജോസഫ്സ് ചർച്ച്, തിരുത്തിപറമ്പ്, തൃശ്ശൂർ (80 ഡയാലിസിസ്)
- ശ്രീ. റപ്പായ് & ശ്രീമതി സിസിലി, പൂക്കോടൻ ഹൗസ്, ചെങ്ങാലൂർ, തൃശ്ശൂർ (50 ഡയാലിസിസ്)
- സെന്റ് റാഫേൽ ചർച്ച്, കല്ലൂർ ഈസ്റ്റ്, തൃശ്ശൂർ (100 ഡയാലിസിസ്)
- ഏഴരക്കൂട്ടം, മിഷൻ ക്വാർട്ടേഴ്സ്, ഫാത്തിമ നഗർ, തൃശ്ശൂർ (32 ഡയാലിസിസ്)
- ക്രിസ്തുദാസി കോൺവെന്റ്, തോട്ടത്തിൽ ലെയിൻ, തൃശ്ശൂർ (20 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

## തൃശ്ശൂർ അതിരൂപത

# ബൈബിൾ അപ്പസ്തൊലേറ്റ്

Ph: 0487-2320780; E-mail: trichurbibleapostolate@gmail.com

***വെരിത്താസ് ക്വിസ് രജിസ്ട്രേഷൻ***

വെരിത്താസ് ക്വിസ് 2017 രജിസ്ട്രേഷൻ ജൂൺ 20ന് അവസാനിച്ചു. വെരിത്താസ് ക്വിസിൽ നിന്ന് യോഗ്യത നേടുന്നവർക്കു മാത്രമേ ഇത്തവണ ലോഗോസ് ക്വിസിന് പങ്കെടുക്കാനാവൂ. ഇനിയും രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കാത്തവർക്ക് ജൂലൈ 5ന് മുമ്പ് ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഹാൾടിക്കറ്റുകൾ ജൂലൈ 10 മുതൽ 26 വരെ ഓൺലൈനിൽ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബൈബിൾ അപ്പസ്തൊലേറ്റുമായി ബന്ധപ്പെടുക: 0487-2320780, 9745346088, 7558937090, www.veritasquiz.org

***ഇതര വെരിത്താസ് ക്വിസ് മത്സരങ്ങൾ***

അതിരൂപതതലത്തിൽ വിവിധ വിഭാഗങ്ങൾക്കുവേണ്ടി നടത്തപ്പെടുന്ന ഇതര വെരിത്താസ് ക്വിസ് മത്സരങ്ങൾ ജൂൺ 11ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2 മണിയ്ക്ക് അഭിവന്ദ്യ ആർച്ച് ബിഷപ്പ് എമരിറ്റസ് മാർ ജേക്കബ്ബ് തൂങ്കുഴി ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. 6 ഞായറാഴ്ചകളിലായി നടത്തപ്പെടുന്ന സമർപ്പിത, ഫാമിലി, യൂത്ത്, കാറ്റക്കിസം, ടീച്ചേഴ്സ്, വചനമെഴുത്ത് മത്സരങ്ങൾ സെ. തോമസ് കോളേജ് ഹയർ സെക്കന്ററി സ്ക്കൂളിൽ വെച്ചാണ് നടത്തുന്നത്. ബൈബിൾ അപ്പസ്തൊലേറ്റ് ആനിമേറ്റേഴ്സ് വഴിയോ, നേരിട്ട് ഓഫീസിൽ വന്നോ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

**1. സമർപ്പിത വെരിത്താസ് ക്വിസ്: 2017 ജൂൺ 11, ഞായർ**

അതിരൂപതയിലെ വൈദീകർ, സമർപ്പിതർ, വൈദീക-സന്യാസ വിദ്യാർത്ഥികൾ എന്നിവർക്കു പങ്കെടുക്കാം. പരീക്ഷയ്ക്ക് 3 പേരടങ്ങുന്ന ടീമുകളായിരിക്കണം.

**2. ഫാമിലി വെരിത്താസ് ക്വിസ്: 2017 ജൂൺ 18, ഞായർ**

അതിരൂപതയിലെ കുടുംബരജിസ്റ്ററിലുള്ള കുടുംബങ്ങൾക്കു പങ്കെടുക്കാവുന്നതാണ്. ഒരു ഇടവകയിൽ നിന്ന് പങ്കെടുക്കാവുന്ന കുടുംബങ്ങളുടെ എണ്ണത്തിന് പരിധിയില്ല.

**3. യൂത്ത് വെരിത്താസ് ക്വിസ്: 2017 ജൂൺ 25, ഞായർ**

ഓരോ ഇടവകയിലെയും യുവജനങ്ങൾക്കു പങ്കെടുക്കാവുന്ന ഈ മത്സരത്തിൽ 3 അംഗങ്ങൾ ഉൾപ്പെടുന്ന 3 ടീമുകൾക്കു പങ്കെടുക്കാം. പങ്കെടുക്കുന്ന മത്സരാർത്ഥികൾ 18നും 30നും ഇടയ്ക്ക് പ്രായമുള്ള യുവജനങ്ങളായിരിക്കണം.

**4. കാറ്റിക്കിസം വെരിത്താസ് ക്വിസ്: 2017 ജൂലൈ 9, ഞായർ**

അതിരൂപതയിലെ മതബോധന വിദ്യാർത്ഥികളാണ് പങ്കെടുക്കേണ്ടത്. ഒരു ഇടവകയിൽനിന്നും 3 അംഗങ്ങൾ ഉൾപ്പെടുന്ന 3 ടീമുകൾക്കു പങ്കെടുക്കാം.

**5. ടീച്ചേഴ്സ് വെരിത്താസ് ക്വിസ്: 2017 ജൂലൈ 16, ഞായർ**

അതിരൂപതയിലെ മതബോധന അദ്ധ്യാപകരാണ് പങ്കെടുക്കേണ്ടത്. ഒരു ഇടവകയിൽനിന്നും 3 അംഗങ്ങൾ ഉൾപ്പെടുന്ന 3 ടീമുകൾക്കു പങ്കെടുക്കാം.

**6. വചനമെഴുത്ത് മത്സരം: 2017 ജൂലൈ 23, ഞായർ**

ഓരോ ഇടവക/സെന്ററിൽനിന്ന് ആർക്കു വേണമെങ്കിലും വചനമെഴുത്ത് മത്സരത്തിൽ പങ്കെടുക്കാം. വെരിത്താസ് ക്വിസിന്റെ പ്രായവിഭാഗത്തിനനുസരിച്ചായിരിക്കും മത്സരം. വെരിത്താസ് ക്വിസിന്റെ പഠനഭാഗത്തുനിന്നുള്ള വചനങ്ങളാണ് മത്സരത്തിനായി പഠിക്കേണ്ടത്. പരീക്ഷഹാളിൽ നൽകുന്ന ചോദ്യപേപ്പറിനനുസരിച്ചാണ് വചനങ്ങൾ എഴുതേണ്ടത്.

***CD ലൈബ്രറി***

ബൈബിൾ രംഗങ്ങളും വിശുദ്ധരുടെ ജീവചരിത്രങ്ങളും അവതരിപ്പിക്കുന്ന വീഡിയോകളുടെയും, സിനിമകളുടെയും ഒരു കൊച്ചുശേഖരം നവീകരിച്ചൊരുക്കിയിരിക്കുന്നു. മതബോധന വിദ്യാർത്ഥികൾക്കും, സംഘടനകൾക്കും, വിവിധ ഗ്രൂപ്പുകൾക്കും ഇടവക-സ്ക്കൂൾ തലങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കാവുന്ന ഈ CD കൾ മിതമായ നിരക്കിൽ ബൈബിൾ അപ്പസ്തൊലേറ്റ് വാടകയ്ക്ക് നൽകുന്നു. താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ..

***ബൈബിൾ കോഴ്സ്***

ബൈബിൾ ഡിപ്ലോമ കോഴ്സിനും പോസ്റ്റൽ സ്റ്റഡിയ്ക്കും പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.....

***തീർത്ഥാടനങ്ങൾ***

റോം - യൂറോപ്പ് തീർത്ഥാടനം ഒക്ടോബർ 1നും, വിശുദ്ധനാട് തീർത്ഥാടനങ്ങൾ 2017 സെപ്റ്റംബർ 5, ഒക്ടോബർ 3, നവംബർ 7, ഡിസംബർ 20 എന്നീ തിയ്യതികളിലും പുറപ്പെടുന്നു.

പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ..

ഫോൺ: 0487-2320780, 7558937090

**ഫാ. ലിജോ ചിറിയങ്കണ്ടത്ത്**
**അസി. ഡയറക്ടർ**

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
**ഡയറക്ടർ**

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)

പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981

E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org


**അവധിക്കാല ക്യാമ്പ് – മിറർ 2017 സംഘടിപ്പിച്ചു.**

സാന്ത്വനത്തിന്റെ നേതൃത്തിൽ നടത്തിവരുന്ന ഗോഡ്സ് ഓൺ ഫാമിലി, ജെസ്പ് പ്രോജക്റ്റുകളിൽ ഉൾപ്പെട്ട ഗുണഭോക്തൃകുടുംബങ്ങളിലെ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് അവധിക്കാല ക്യാമ്പ് – മിറർ 2017 സംഘടിപ്പിച്ചു. മൂന്ന് ദിവസം നീണ്ടുനിന്ന ക്യാമ്പിന്റെ ഉദ്ഘാടനം വികാരി ജനറാൾ മോൺ.ജോർജ്ജ് കോമ്പാറ നിർവ്വഹിച്ചു. കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുകയെന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ക്യാമ്പിൽ ഫാ. സിജോ മുരിങ്ങാത്തേരി, ഫാ. പോൾ മാളിയമ്മാവ്, ശ്രീമതി റസ്മിയ (Kila Faculty) റവ. സി. ഷെറിൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

ക്യാമ്പിന്റെ സമാപനസമ്മേളനം അതിരൂപതാ മെത്രപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ വെച്ച് S.S.L.C. പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും A+ കരസ്ഥമാക്കിയ ജെസ്പ് പദ്ധതിയിൽ ഉൾപ്പെട്ട മാസ്റ്റർ ഷൈൻ പി.ആർ., കുമാരി. ശ്യാമള കൃഷ്ണപ്രിയ എന്നിവരെയും ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിലെ കുമാരി. നിമിഷയെയും ഉപഹാരങ്ങൾ നല്കി പ്രത്യേകം അനുമോദിച്ചു. പരിപാടിയിൽ കാത്തലിക് സിറിയൻ ബാങ്കിന്റെ ജനറൽ മാനേജർ ശ്രീ.കുരിയൻ ജോർജ്ജ്, കാരിത്താസ് ഇന്ത്യയുടെ പ്രോഗ്രാം ഓഫീസറായ ശ്രീ. അബീഷ് ആന്റണി എന്നിവർ പങ്കെടുക്കുകയും കുട്ടികൾക്കായുള്ള സ്കൂൾ കിറ്റ് വിതരണം ചെയ്യുകയും ചെയ്തു. ക്യാമ്പിന് സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, അസി. ഡയറക്ടർ ഫാ. പോൾ മാളിയമ്മാവ്, സാന്ത്വനം കോ–ഓർഡിനേറ്റേഴ്സ്, ആനിമേറ്റേഴ്സ്, ജെസ്പ് ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നല്കി.

**വിനോദയാത്ര സംഘടിപ്പിച്ചു.**

ഗോഡ്സ് ഓൺ ഫാമിലി, ജെസ്പ് പദ്ധതികളിൽ ഉൾപ്പെട്ട കുട്ടികൾക്കായി ഒരു വിനോദയാത്ര സംഘടിപ്പിച്ചു. അതിരൂപത മെത്രാപ്പോലീത്താ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ആശീർവ്വാദത്തോടെ ആരംഭിച്ച യാത്രയിൽ ഗുരുവായൂർ ആനക്കൊട്ടിൽ, പാലയൂര് പള്ളി, ചേറ്റുവ ബോട്ടിംഗ്, ചാവക്കാട് ബീച്ച് എന്നീ സ്ഥലങ്ങളെല്ലാം സന്ദർശി

ച്ചു. വിനോദയാത്ര എല്ലാവരും വളരെയധികം ആസ്വദിക്കുകയും കുട്ടികൾ, ഇത് വേറിട്ട ഒരു അനുഭവമായെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

**ആശാകിരണം കോർകമ്മിറ്റി മീറ്റിംഗ് നടത്തി.**

ആശാകിരണം പദ്ധതിയുടെ കോർകമ്മിറ്റി മീറ്റിംഗ് സാന്ത്വനം ഓഫീസിൽ വെച്ച് കൂടുകയുണ്ടായി. കാൻസർരോഗത്തിനെതിരെ പോരാടുന്നതിനായി ആരംഭിക്കുന്ന സ്കൂൾ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ "ലാവൻഡർ ആർമി"യുടെ ഉദ്ഘാടനത്തെപ്പറ്റിയും അതിന്റെ പ്രവർത്തനത്തെപ്പറ്റിയും ചർച്ച ചെയ്തു.

**ആശാകിരണം പദ്ധതിയുടെ ക്ലസ്റ്റർ ലെവൽ മീറ്റിംഗിൽ പങ്കെടുത്തു.**

ആശാകിരണം പദ്ധതിയുടെ ക്ലസ്റ്റർ ലെവൽ മീറ്റിംഗ് സുൽത്താൻപേട്ട മൾട്ടിപർപ്പസ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വെച്ച് നടന്നു. യോഗത്തിൽ ഇരിഞ്ഞാലക്കുട, പാലക്കാട്, തൃശൂർ സുൽത്താൻപേട്ട രൂപതകളിലെ സോഷ്യൽ സർവ്വീസ് വിഭാഗത്തിലെ ഡയറക്ടർമാരും പ്രതിനിധികളും കാരിത്താസ് ഇന്ത്യയുടെ സോണൽ മാനേജർ ഡോ. വി. ആർ ഹരിദാസും പ്രോഗ്രാം ഓഫീസർ ശ്രീ. അബീഷ് ആന്റണിയും പങ്കെടുത്തു. തൃശൂർ നിന്നും സാന്ത്വനം ഡയറക്ടർ ഫാ, തോമസ് പൂപ്പാടി, ആശാകിരണം കോ-ഓർഡിനേറ്റർ എന്നിവർ പങ്കെടുക്കുകയും ആശാകിരണം പദ്ധതിയുടെ പ്രവർത്തന റിപ്പോർട്ട് കോ-ഓർഡിനേറ്റർ ശ്രീമതി. ബിനിത രതീഷ് അവതരിപ്പിക്കുകയും ചെയ്തു.

**ഗോഡ്സ് ഓൺ ഫാമിലി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിയിൽ ഉൾപ്പെട്ട കുടുംബങ്ങളെ സഹായിക്കുന്ന ഉപകാരികൾക്കുള്ള കത്തുകൾ അയക്കുകയും പദ്ധതിയിൽ അംഗങ്ങളായ ഗുണഭോക്താക്കൾക്ക് ജാതിമതഭേദമെന്യേ വിവിധ ആവശ്യങ്ങൾക്കായി സഹായങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

അന്തിക്കാട്-Rs.60,000/-, പടവരാട്-Rs.5,000/-,ചേലക്കര-Rs.1,18,461/- വെങ്ങിണിശ്ശേരി-Rs.10,000, ഒല്ലൂർ-Rs.1,00,279/-, എളവള്ളി-Rs.5,000/, നടത്തറ-Rs.10,000/-, വില്ലടം-Rs.20,000/- അയ്യന്തോൾ-Rs.8,000/- വെട്ടുക്കാട്-Rs.5,000/, അരിമ്പൂർ-Rs.10,000/, മരത്താക്കര-Rs.5,000/.

**പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് പുതിയ 10 കുടുബങ്ങളെ തെരഞ്ഞെടുത്തു. Save a Family Plan ന്റെ മാനദണ്ഢപ്രകാരമാണ് ഏനാമാവ്, ഗുരുവായൂർ, പടവരാട്, പെരിഞ്ചേരി, കോളേങ്ങാട്ടുകര, കൊട്ടേക്കാട്, കുറ്റൂർ, വെങ്ങിണിശ്ശേരി എന്നിവിടങ്ങളിൽ നിന്നും അർഹരായ കുടുംബങ്ങളെ കണ്ടെത്തിയത്. ഡയറക്ടർ, കോ-ഓർഡിനേറ്റർ, ആനിമേറ്റർ എന്നിവർ അടങ്ങുന്ന ടീം അംഗങ്ങൾ വീടുകൾ കണ്ടെത്തുന്നതിന് നേതൃത്വം നൽകി.

**പുതിയ അക്കൗണ്ട് തുടങ്ങി.**

ഫാമിലി ഡെവലപ്പ്മെന്റ് പദ്ധതിയിലേക്ക് പുതിയതായി തെരഞ്ഞെടുത്ത കുടുബങ്ങളുടെ പേരിൽ ബാങ്കിൽ അക്കൗണ്ട് തുടങ്ങി. തൃശ്ശൂർ അതിരൂപതയുടെ വ്യത്യസ്ത ഇടവകകളിൽ നിന്നുമുള്ള 28 കുടുംബങ്ങൾക്കാണ് അക്കൗണ്ട് തുടങ്ങിയത്.

FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

നടത്തറ-Rs.35,000/-, മനക്കൊടി-Rs.15,000/-, വില്ലടം- Rs.19000/-,പുതുക്കാട്-Rs.17,000/-, കൂനംമൂച്ചി-Rs.5,000/-, ബസിലിക്ക-Rs.6,500/-, തിരൂർ-Rs.7,000/- നെല്ലിക്കുന്ന്-Rs.21,000/-.

**ഫണ്ട് വിതരണം ചെയ്തു.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലെ 6 വർഷം പൂർത്തിയാക്കിയ 28 കുടുംബങ്ങളുടെ ബാങ്ക് എക്കൗണ്ട് അവസാനിപ്പിക്കുകയും ഫണ്ട് വിതരണം ചെയ്യുകയും ചെയ്തു.

**ഉപകാരികൾക്കുള്ള കത്തുകൾ അയച്ചു.**

ഗുണഭോക്തൃ കുടുംബങ്ങൾ തങ്ങളുടെ ഉപകാരികൾക്കുള്ള കത്തുകൾ അയച്ചു. പദ്ധതി മുഖേന സ്വീകരിച്ച സംഖ്യ കൊണ്ട് അവർ നടത്തിയ പ്രവർത്തനങ്ങളും കുടുംബത്തിലെ അംഗങ്ങളുടെ വിവരങ്ങളും വിശദമായി അറിയിക്കുന്നതാണ് കത്ത്.

**സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു.**

പെരിഞ്ചേരി, അരണാട്ടുകര, പൊന്നൂക്കര എന്നീ യൂണിറ്റുകളിൽ വാർഷിക പൊതുയോഗങ്ങൾ നടന്നു. ഒരു വർഷത്തെ സ്നേഹനിധിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാ

ക്കുകയും ചെയ്തു. യോഗങ്ങളിൽ സാന്ത്വനം-ജൂബിലി ഇൻഷുറൻസ് പദ്ധതിയെക്കുറിച്ച് സ്നേഹനിധി കോ-ഓർഡിനേറ്റർ വിശദീകരിക്കുകയുണ്ടായി. യോഗങ്ങളിൽ സാന്ത്വനം ഡയറക്ടർ, വികാരിമാർ, ആനിമേറ്റർ, സ്നേഹനിധി സെക്രട്ടറി എന്നിവർ സന്നിഹിതരായിരുന്നു.

**സ്നേഹനിധി-സഹായങ്ങൾ വിതരണം ചെയ്തു.**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും മെയ്മാസം വരെ 2,65,000/-രൂപ വിവാഹ സഹായവും 95,000/-രൂപ ചികിത്സാസഹായവും 50,000/-രൂപ മരണാനന്തരസഹായവും നൽകി.

**സ്നേഹനിധി ഫൊറോന വിസിറ്റും ഓഡിറ്റിങ്ങും നടത്തുന്നു.**

ജൂൺ 9 - കണ്ടശ്ശാംകടവ്, ജൂൺ 13 - ബസിലിക്ക,
ജൂൺ 14 - പുതുക്കാട്, ജൂൺ 17- ഒല്ലൂർ, ജൂൺ 20 - ലൂർദ്ദ്,
ജൂൺ 21 - പുത്തൂർ, ജൂൺ 24 -മറ്റം, ജൂൺ 27 - പാലയൂർ.
ജൂലായ് 4 - ചേലക്കര, ജൂലായ് 5 - പറപ്പൂർ,
ജൂലായ് 11 - പട്ടിക്കാട്, ജൂലായ് 12- പഴുവിൽ,
ജൂലായ് 15- വേലൂർ, ജൂലായ് 18 - എരുമപ്പെട്ടി, വടക്കാഞ്ചേരി,
ജൂലായ് 19 - കൊട്ടേക്കാട്.

**ഫാ.പോൾ മാളിയമ്മാവ്** — **ഫാ.തോമസ് പൂപ്പാടി**

അസി.ഡയറക്ടർ — ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

### 1. വിവാഹ ജീവിത തുടർ പരിശീലനം (പോസ്റ്റ് കാനാ കോഴ്സ്)

ഓരോ വർഷം ചെല്ലും തോറും വിവാഹ മോചന കേസുകൾ കൂടി വരുന്നതിനാലും കഴിഞ്ഞ വർഷം ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടന്ന വിവാഹത്തിന്റെ വിവിധ വർഷക്കാർ ഒന്നിച്ചു കൂടിയപ്പോൾ അവർ ആവശ്യപ്പെട്ടതു പ്രകാരവും **വിവാഹത്തിന്റെ തുടർ പരിശീലനം ഇടവക തലത്തിൽ നടത്താൻ ആഗ്രഹിക്കുന്നു**. അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2000 മുതൽ വിവാഹിതരായവർക്കു വേണ്ടി ഇടവക തലത്തിൽ തുടർ പരിശീലനം നടത്താൻ ആഗ്രഹിക്കുന്നത്. ശനി, ഞായർ ദിവസങ്ങളിലായി 6 മുതൽ 9 വരെ സമയത്താണ് നടത്താൻ ആഗ്രഹിക്കുന്നത്. ദിവസവും സമയവും ഓരോ ഇടവകയുടെ സാഹചര്യമനുസരിച്ച് മാറ്റാവുന്നതാണ്.

1-ാം ദിവസം : Marital Relationship & Communication between Husband and Wife, Psycological Differences, Emotional Stability, Couple Sharing, etc..

2-ാം ദിവസം : Family Spirituality, Life Issues, Adoration, etc..

ഒരു വർഷം കൊണ്ട് അതിരൂപതയിലെ എല്ലാ പള്ളികളിലും വിവാഹ ജീവിതത്തിന്റെ തുടർ പരിശീലനത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കണമെന്നതാണ് ആഗ്രഹം. അച്ചന്റെ ഇടവകയിലെ സൗകര്യവും സമയവും നോക്കി നേരത്തെ അറിയിക്കുമല്ലോ.

**NB :** ഈ രണ്ടു ദിവസത്തേക്ക് ആവശ്യമായ Resourse Person നെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ നിന്ന് കൊണ്ടു വരുന്നതായിരിക്കും Resourse Person നുള്ള TA അതാതു ഇടവകയിൽ നിന്ന് കൊടുക്കേണ്ടതാണ്. ബുക്ക് ചെയ്യാനായി വിളിക്കേണ്ട നമ്പർ - **9605043327**

### 2. ഫ്രീ ഫാമിലി കൗൺസിലിങ്ങ്

വർദ്ധിച്ചു വരുന്ന വിവാഹ തകർച്ചകൾക്ക് ഒരു പ്രധാന കാരണം പ്രതിസന്ധികളുണ്ടാകുമ്പോൾ അതിന് സഹായിക്കാൻ പറ്റിയ സംവിധാനങ്ങൾ ഇല്ലാത്തതുകൊണ്ടോ അതുപയോഗിക്കാത്തതു കൊണ്ടോ ആണ്. ആയതുകൊണ്ട് അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ ഫാമിലിക്കു വേണ്ടി ഫ്രീ കൗൺസിലിങ്ങ് ആരംഭിച്ചിരിക്കുകയാണ്. ഈ കൗൺസി

ലിങ്ങ് സെന്റർ മോൺ. തോമസ്സ് കാക്കശ്ശേരി ആശീർവദിക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മെയ് മാസം മുതൽ എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 9.30 മുതൽ 1.00 വരെയും ബുധനാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെയും ഫ്രീ ഫാമിലി കൗൺസിലിങ്ങ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ആരംഭിച്ചു കഴിഞ്ഞു. ഫ്രീ കൗൺസിലിങ്ങ് ആഗ്രഹിക്കുന്നവർ നേരത്തെ ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ : 04872336066, 9605043327.

**ഫാ.ജിയോ തെക്കിനിയത്ത്**
അസോ.ഡയറക്ടർ

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

# മാതൃവേദി

**രക്തദാന മഹാദാനം**

അതിരൂപതയിലെ മാതൃവേദിയുടെ വജ്രജൂബിലി വർഷത്തോടനുബന്ധിച്ച് ഒന്നാം മാസം 60 പേർക്ക് ഡയാലിസിസ് നൽകിയും രണ്ടാം മാസം 100 ൽ കൂടുതൽ അമ്മമാർ മുടി മുറിച്ചു നൽകിക്കൊണ്ടും മൂന്നാം മാസം അതിരൂപതിയിലെ എല്ലാ ഭാരവാഹികൾക്കും വൃക്ഷത്തൈ നൽകിക്കൊണ്ടും നാലാം മാസം രക്തം ദാനം ചെയ്തും കൊണ്ടും വജ്രജൂബിലിയുടെ നാലാമാസം ആഘോഷിക്കുകയുണ്ടായി. തൃശ്ശൂർ ജൂബിലി മിഷ്യൻ ആശുപത്രിയിലേക്ക് രക്തം ദാനം ചെയ്യാനായി വന്ന എല്ലാവർക്കും അതിരൂപത മാതൃവേദിയുടെ നന്ദിയും സ്നേഹവും കടപ്പാടും അറിയിക്കുന്നു.

**വൃക്ഷതൈ വിതരണം ചെയ്തു**

അതിരൂപതയിലെ മാതൃവേദി വജ്രജൂബിലിയുടെ മൂന്നാം മാസം അതിരൂപതയിലെ എല്ലാ യൂണിറ്റിലെ ഭാരവാഹികൾക്ക് വൃക്ഷതൈ നൽകി. വൃക്ഷതൈ വിതരണം ചെയ്തത് അതിരൂപത ചാൻസലർ വെരി.റവ.ഫാ. സണ്ണി കുറ്റിക്കോട്ടയിലച്ചനാണ്.

**ആദരിക്കൽ : ജൂലായ് 18 ചൊവ്വ (രാവിലെ 9.30 മുതൽ 1.00 വരെ)**

അതിരൂപതയിൽ മാതൃവേദി ആരംഭിച്ചിട്ട് വജ്രജൂബിലി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ജൂലായ് മാസത്തെ കർമ്മപരിപാടി മാതൃവേദിയിൽ അംഗങ്ങളായിട്ടുള്ള 60 വയസ്സിനു മുകളിൽ പ്രായമായിട്ടുള്ള അമ്മമാരെ ആദരിക്കുകയാണ്. ഓരോ ഇടവകയിലും മാതൃവേദിയിൽ 60 വയസ്സിനു മേലെ പ്രായമായിട്ടുള്ള അമ്മമാരെ ഈ ആദരിക്കുന്ന ചടങ്ങിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ജ്യൂസ് മെയ്ക്കിങ്ങ് & കേക്ക് മെയ്ക്കിങ്ങ്**

അതിരൂപതയിലെ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ജൂലായ് 18-ാം തിയ്യതി വിവിധങ്ങളായ ജ്യൂസ് കേക്ക് എന്നിവ ഉണ്ടാക്കാൻ പഠിപ്പിക്കുന്നതായിരിക്കും. താൽപര്യമുള്ള അമ്മമാരെ ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**പ്രസംഗ മത്സരം : ജൂലായ് 25 ചൊവ്വ (രാവിലെ 9.30 മുതൽ)**

ജൂലായ് മാസം തോമാസ് ശ്ലീഹായെ പ്രത്യേകമായി ഓർക്കുന്ന അവസരത്തിൽ അതിരൂപത മാതൃവേദി അംഗങ്ങൾക്കു വേണ്ടി തോമാസ് ശ്ലീഹായെക്കുറിച്ചുള്ള പ്രസംഗ മത്സരം സംഘടിപ്പിക്കുന്നു. ഫൊറോന അടിസ്ഥാനത്തിലുള്ള മത്സരത്തിൽ വിജയിച്ച ഒന്നും രണ്ടും വിജയികളെ ക്ഷണിക്കുന്നു. **വിഷയം : സംശയിക്കുന്ന തോമാ.** സ്ഥലം : ഫാമിലി അപ്പൊസ്റ്റൊലേറ്റ്, തൃശ്ശൂർ. ഫൊറോന ഭാരവാഹികൾ അതാത് ഫൊറോനയിൽ വിജിച്ച ഒന്നും രണ്ടും വിജയികളുടെ പേരു വിവരങ്ങൾ നേരത്തെ അറിയിക്കുമല്ലോ.

| | | |
|---|---|---|
| **ശ്രീമതി. ബീന ജോഷി** | **ഫാ. അൽജോ കരേരക്കാട്ടിൽ** | **ഫാ. ഡെന്നി താണിക്കൽ** |
| പ്രസിഡണ്ട് | അസി. ഡയറക്ടർ | ഡയറക്ടർ |

# കുടുംബകൂട്ടായ്മ

**പരിസ്ഥിതിദിനം ആചരിച്ചു**

അതിരൂപതയിലെ കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിൽ നിന്നും സാധിക്കുന്നിടത്തോളം ഭാരവാഹികൾ ഒന്നിച്ചുക്കൂടുകയും പരിസ്ഥിതിദിനത്തിന്റെ സന്ദേശം അതിരൂപത വികാരി ജനറാളച്ചനായ മോൺ. തോമസ്സ് കാക്കശ്ശേരി നൽകുകയും തുടർന്ന് എല്ലാവർക്കും വൃക്ഷതൈ വിതരണം ചെയ്യുകയും ചെയ്തു.

**ചർച്ചാപഠനപരിശീലന ക്യാമ്പ് (29.07.2017)**

ജൂൺ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ആഗസ്റ്റ് മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ജൂലായ് 29-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠന ക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

**കുട്ടി കൂട്ടായ്മ ഉദ്ഘാടനം ചെയ്തു**

ഈ ആധുനിക കാലഘട്ടത്തിൽ ഏതൊരു സമൂഹത്തിന്റെയും അടിസ്ഥാനപരമായ രൂപീകരണത്തിന് വളരുന്ന തലമുറയെ ഒരുക്കിയെടുക്കുന്നത് നാം ഓരോരുത്തരുടെയും കടമയും ദൗത്യവുമായി ഏറ്റെടുക്കണമെന്ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്. തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ പാലയ്ക്കൽ സെന്റ് മാത്യൂസ് ദേവാലയത്തിൽ കുട്ടിക്കൂട്ടായ്മയുടെ അതിരൂപതാതല ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ അധ്യക്ഷത വഹിച്ചു. പാലയ്ക്കൽ പള്ളി വികാരി ഫാ.ജോയ് പുത്തൂർ സ്വാഗതവും അതിരൂപത കുടുംബകൂട്ടായ്മ ജനറൽ കൺവീനർ എ.എ. ആന്റണി ആമുഖപ്രഭാഷണവും നടത്തി.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**എ.എ. ആന്റണി**
ജനറൽ കൺവീനർ

**ഫാ. അൽജോ കരേരക്കാട്ടിൽ**
അസി.ഡയറക്ടർ

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന**

**ജൂലായ് 4 ചൊവ്വ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏകദിന ഉപവാസ ആരാധന : ജൂലായ് 29 ശനി**

**(രാവിലെ 9.30 മുതൽ 4.00 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ജീവനുവേണ്ടി പ്രവർത്തിക്കുന്ന വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും ശക്തി പകരാനും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും ഏകദിന ഉപവാസ ആരാധന ഫാമിലി അപ്പൊസ്റ്റോലേറ്റിൽ നടത്തുന്നു.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, തൃശ്ശൂർ

**1. ആഗോള പുകയില ദിനാചരണം ചെവ്വൂരിൽ**

അതിരൂപ മദ്യവിരുദ്ധ സമിതിയുടെയും ചെവ്വൂർ യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ പുകയില വിരുദ്ധദിനാചരണം അർത്ഥവത്തായും സമുചിതമായും ആചരിച്ചു. അതിരൂപതാ ഡയറക്ടറച്ചൻ കാർമ്മിക്തവം വഹിച്ച ദിവ്യബലിയോടെ പരിപാടികൾ തുടങ്ങി. ചെവ്വൂർ സെന്ററിലെ കപ്പേളയിലായിരുന്നു പൊതുസമ്മേളനം. റാലിക്കുശേഷം അരങ്ങേറിയ ബോധവൽക്കരണ വേദി പ്രൊഫ. ഡെയ്സൺ പാണേങ്ങാടനാണ് ഉദ്ഘാടനം ചെയ്തത്. വികാരി ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖ പ്രസംഗം നടത്തി. അതിരൂപത സെക്രട്ടറി റപ്പായി മേച്ചേരി, സംസ്ഥാന സെക്രട്ടറി ജോസ് ചെമ്പിശശേരി, ട്രഷറർ ഫ്രാൻസീസ് തേർമഠം, തുടങ്ങിയവർ പ്രസംഗിച്ചു. മദ്യവിമുക്ത കുടുംബ സംഗമവും അരങ്ങേറി. മാത്യു ചാലയ്ക്കൽ തുടങ്ങിയവർ നേതൃത്വം കൊടുത്തു. പരിപാടി വിജയിപ്പിക്കാൻ സഹകരിച്ചവർക്ക് പ്രത്യേകം നന്ദി.

**2. മദ്യനയത്തിനെതിരെ പ്രതിഷേധം**

a. പുതിയ മദ്യനയം രൂപപ്പെടുത്തുമ്പോൾ മദ്യത്തിന്റെ ലഭ്യതയും ബാറുകളുടെ എണ്ണവും വർദ്ധിപ്പിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം സെക്രട്ടേറിയറ്റിനു മുമ്പിൽ 8.6.17 ന് സംഘടിപ്പിച്ച പൊതുസമ്മേളനത്തിലും പ്രകടനത്തിലും അതിരൂപതയെ പ്രതിനിധീകരിച്ച് റപ്പായി മേച്ചേരി, ജോസ് ചെമ്പിശ്ശേരി, ഇ. എ. ജോസഫ് തുടങ്ങിയവർ സംബന്ധിച്ചു.

b. കോർപ്പറേഷനു മുമ്പിൽ 7.6.17ന് അതിരൂപത സമിതി സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണ മാർ അപ്രേം മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് സുനീഷ് സ്രാമ്പിക്കൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡയറക്ടറച്ചൻ ആമുഖ പ്രഭാഷണം നടത്തി. സി. സി. സാജനായിരുന്നു മുഖ്യപ്രഭാഷകൻ. ജോസ് ചെമ്പിശ്ശേരി, റപ്പായി മേച്ചേരി, ഇ.എ. ജോസഫ്, പ്രൊഫ. അന്നം ജോൺ, റവ. സി. റോസ്‌ലിൻ എഫ്.സി.സി. തുടങ്ങിയവർ പ്രസംഗിച്ചു.

c. 9.6.17ന് വെള്ളിയാഴ്ച കെ.സി.വൈ.എം.സംഘടിപ്പിച്ച മദ്യനയവിരുദ്ധ പദയാത്രയുടെ (മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു). സമാപന സമ്മേളനം കോർപ്പറേഷനു മുന്നിൽ അതിരൂപത ഡയറക്ടറച്ചനാണ് ഉദ്ഘാടനം ചെയ്തത്.

d. 10.06.17 ശനിയാഴ്ച ഡി.ബി. സി. എൽ.സി. ഹാളിൽ അരങ്ങേറിയ പാസ്റ്ററൽ കൗൺസിലിന്റെ സീറോ അവറിൽ മദ്യനയത്തിനെതിരെ ഡയറക്ടറച്ചൻ സംസാരിക്കുകയുണ്ടായി. അഭിവന്ദ്യപിതാവ് ആവശ്യപ്പെട്ടതനുസരിച്ച് സർക്കാരിന്റെ പുതിയമദ്യനയത്തെ അപലപിച്ചും അത് പുനഃപരിശോധിക്കുകയും തിരുത്തുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടും ഡയറക്ടറച്ചൻ ഒരു പ്രമേയം അവതരിപ്പരിച്ചത് ഏകകണ്ഠമായി പാസ്സാക്കി.

e. സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനപ്രകാരം 16.06.17ന് കളക്ടറേറ്റിന് മുന്നിൽ പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു. തൃശ്ശൂർ, ഇരിങ്ങാലക്കുട രൂപതകൾ സംയുക്തമായി സംഹകരിച്ചുകൊണ്ടാണ് ഈ പരിപാടി നടത്തി. ശ്രീ. ഈയ്യച്ചേരി കുഞ്ഞികൃഷ്ണൻ മാസ്റ്റർ ഈ പരിപാടി ഉദ്ഘാടനം ചെയ്തു. സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ സമാപന സന്ദേശം നൽകി. ഡയറക്ടറച്ചൻ ഫാ. പോളി കണ്ണൂക്കാടൻ, ജോസ് ചെമ്പിശ്ശേരി, സുനീഷ് സ്രാമ്പിക്കൽ റപ്പായി മേച്ചേരി, സേവ്യാർ പള്ളിപ്പാട്ട് തുടങ്ങിയവർ പ്രസംഗിക്കുന്നതാണ്.

**3. കൂനംമൂച്ചി യൂണിറ്റിന്റെ മാതൃക**

ഒന്നരമാസത്തിനുള്ളിൽ മൂന്നു പരിപാടികൾ ഇടവക തലത്തിൽ സംഘടിപ്പിച്ച് കൂനംമൂച്ചി മദ്യവിരുദ്ധ സമിതി ശ്രദ്ധേയമായി. കൂനംമൂച്ചി സംസ്ഥാന പാതയോടെ ചേർന്ന് നിയമവിരുദ്ധമായി പ്രവർത്തിച്ചിരുന്ന കള്ള് ഷാപ്പ് 2017 ഏപ്രിൽ 2-ാം തിയതി സമരം ചെയ്ത് പൂട്ടിച്ചു. 2017 മെയ് 7ന് രോഗിദീനാചരണത്തിന്റെ ഭാഗമായി കേശദിനമായി പരിപാടി സംഘടിപ്പിച്ചു. ശ്രീ. ഷാജി ഉൾപ്പെടെ 20-ഓളം പേർ മുടിമുറിച്ച് കൊടുത്ത് പ്രചോദനവും മാതൃകയുമായി. റവ. ഫാ. ജെയ്സൺ മുണ്ടുംമാണിയായിരുന്നു ഉദ്ഘാടകൻ. മെയ് 14 ലഹരി വിരുദ്ധ ഞായറായി ആചരിച്ചു. അതിരൂപതാ ഡയറക്ടർ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. വി. ബലിക്കുശേഷം ഇടവക ജനങ്ങളെ അണിനിരത്തി മൗനജാഥ സംഘടിപ്പിച്ചു. വികാരി ഫാ. ജോൺ കിടങ്ങൻ, ഭാരവാഹികളായ ബാബു, ഷാജു, ഷാജി എന്നിവരാണ് പ്രസ്തുത പരിപാടികൾക്ക് നേതൃത്വം നൽകിയത് ആത്മാർത്ഥമായ അഭിനന്ദനങ്ങൾ!

| | |
|---|---|
| **ഹിറ്റ്ലസ് ചാക്കുണ്ണി** | **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** |
| (പി. ആർ.ഒ.) | ഡയറക്ടർ |

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 672-ാമതും തൃശ്ശൂർ കൂരിയായുടെ 723-ാംമതും സമ്മേളനം 2017 ജൂൺ 4ന് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് 2.30ന് കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും, ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലനച്ചന്റെ സാന്നിദ്ധ്യത്തിലും പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് 289 മുതൽ  290 വരെ ഭാഗം ബ്ര. പ്രസിഡന്റ് ജ്ഞാനവായന നടത്തി. സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ മുൻമാസ റിപ്പോർട്ടും ട്രഷറർ ബ്ര.. ജിമ്മി റാഫേൽ മുൻമാസ വരവ് ചിലവ് കണക്കും അവതരിപ്പിച്ചത് യോഗ പാസാക്കി.

വൈസ് പ്രസിഡന്റ് സി. എൽസി. ജോണി ഹാജർ വിളിച്ചു. ഒല്ലൂർ, പുതുക്കാട്, പറവട്ടാനി, പാവറട്ടി, കുരിയച്ചിറ, മരത്താക്കര, കണ്ടശ്ശാംകടവ്, പടിഞ്ഞാറെകോട്ട, ലൂർദ്ദ്, ഏനാമാക്കൽ, പള്ളിക്കുന്ന്, വടക്കാഞ്ചേരി, കുരിയായിൽ നിന്നും തിരൂർ, അത്താണി, പുറനാട്ടുകര, പ്രസീദിയങ്ങളിൽ നിന്നും സൈനീകർ ഹാജരുണ്ടായിരുന്നു. പ്രാതിനിധ്യം ഇല്ലാതിരുന്ന കൂരിയ പഴുവിൽ, ചേർപ്പ്, കാഞ്ഞിരപ്പുഴ, പ്രാതിനിധ്യം ഇല്ലാതിരുന്ന പ്രസീദിയം വേലൂർ, കോലഴി.

ബ്ര. പ്രസിഡണ്ട് എല്ലാ മരിയ സൈനികർക്കും സ്വാഗതമാംശസിച്ചു. ഏനാമാവ് കൂരിയായിലെ  എല്ലാ പ്രസിദീയങ്ങളിലും സന്ദർശനം നടത്തിയ റിപ്പോർട്ട് സമർപ്പിച്ചു. ഉദ്യോഗസ്ഥ നിയമനം : അത്താണി വ്യാകുല മാതാവിൻ പള്ളിയിൽ പ്രസീദിയം ഭാരവാഹികളായി ബ്ര. ജോൺസൺ പ്രസിഡന്റ്, ബ്ര. തോമസ് പി.എം.വൈസ് പ്രസിഡണ്ട്, സെക്രട്ടറി സി. ത്രേസ്യ ആന്റണി, ട്രഷറർ സി. ലില്ലി ഫ്രാൻസീസ് എന്നിവരുടെ നിയമനം അംഗീകരിച്ചു.

കുണ്ടന്നൂർ പ്രസീദിയം ഭാരവാഹികളായ പ്രസിഡന്റ് ബ്ര.സി. ഡി. ഫ്രാൻസീസ് സെക്രട്ടറി - ബ്ര. എൻ. എൽ. ലാസർ എന്നിവരുടെ നിയമനവും അംഗീകരിച്ചു.സൈനീക ജപശൃംഖലക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ.ഡോ. ജോൺ മൂലൻ പ്രഭാഷണം നടത്തി. പെന്തക്കുസ്താ തിരുനാളിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിച്ചു. പരിശുദ്ധ മാതാവിന്റെ പ്രവർത്തനത്താൽ ഭയം മാറി. ശക്തിപ്രാപിച്ച ശിഷ്യക്കാരുടെ തുടർന്നുള്ള വിശ്വാസത്തെയും പ്രവർത്തനത്തേയും പ്രഭാഷണത്തിലൂടെ ഊന്നിപറഞ്ഞു.

2016 ജനുവരി മുതൽ 2016 ഡിസംബർ ഉൾപ്പെടെയുള്ള 1 വർഷത്തെ പ്രവർത്തന റിപ്പോർട്ട് തിരൂർ പ്രസീദിയം സമർപ്പിച്ചു.

പുതിയ പ്രസീദിയങ്ങൾ സംഘടിപ്പിക്കാൻ പരിശ്രമിച്ച് വരുന്നു. പത്തനംതിട്ട ലീജിയൻ ഓഫ് സൈനികർ കമ്മീസിയം ഓഫീസിൽ വരുത്തുകയും പരി. അമ്മയുടെ മദ്ധ്യസ്ഥയിലുള്ള ഈ സംഘടനയുടെ മഹാത്മ്യത്തെക്കുറിച്ച് ചർച്ച ചെയ്തതായി സെക്രട്ടറി അറിയിച്ചു.

അവസാന പ്രാർത്ഥനക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവ്വാദത്തിനുശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**സി.സി. വാർത്തകൾ**

1. ചേലക്കര ഏരിയ കൗൺസിൽ മുൻ പ്രസിഡണ്ട് ബ്ര. മാത്യു എൻ. ജെ. പാലയൂർ ഏരിയ കൗൺസിൽ മുൻ പ്രസിഡണ്ട് ബ്ര. ടി. ഒ. ചാക്കുണ്ണി എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.
2. ജൂൺ 17, 18 തിയ്യതികളിൽ വിൻസെൻഷ്യൻ ധ്യാനം നെടുപുഴ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തുന്നു.
3. വിൻസെൻഷ്യൻ അംഗങ്ങൾക്കുള്ള മത്സരങ്ങൾ ഏരിയ കൗൺസിൽ തലത്തിൽ 09.07.2017നും സി. സി. തലമത്സരങ്ങൾ 23.07.17നും നടത്തുന്നു.
4. മതബോധന വിദ്യാർത്ഥികൾക്കുള്ള ക്വിസ് മത്സരങ്ങൾ അതിരൂപത തലത്തിൽ 13.08.2017 ഞായറാഴ്ച 2 pm തൃശ്ശൂർ സെന്റ് തോമസ് കോളേജ് സയൻസ് ബ്ലോക്കിൽ വെച്ച് നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കുന്ന 10,11, 12 മതബോധന ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ ഇടവക വികാരിയുടെയോ മതബോധന ഹെഡ്മാസ്റ്ററുടെയോ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരാൾക്ക് മാത്രമേ പങ്കെടുക്കുവാൻ അർഹതയുള്ളൂ.
5. എല്ലാ കോൺഫ്രൻസുകളും ജൂൺ മാസത്തിൽ തിരുഹൃദയ പ്രതിഷ്ഠ പുതുക്കുന്നു.
6. സി.സി. യൂത്ത് സെമിനാർ 02.07.2017 ഞായറാഴ്ച 10 amന് വിൻസെൻഷ്യൻ കോംപ്ലക്സ് ഹാളിൽ വെച്ച് നടത്തുന്നു. ഓരോ എ.സിയിൽ നിന്ന് 2 യൂത്ത് പ്രതിനിധികൾ വീതം പങ്കെടുക്കേണ്ടതാണ്.

7. സി.സി. വനിത കമ്മിറ്റി യോഗം 16.07.2017 ഞായർ 2 pm സി. സി. ആഫീസിൽ വെച്ച് നടത്തുന്നു. 2 വനിത പ്രതിനിധികൾ വീതം പങ്കെടുക്കുക.
8. സംഘടനയുടെ 2017-2018 ലെ പ്രവർത്തന രൂപരേഖ തയ്യാറാക്കിയത് സി. സി. യോഗത്തിന്റെ അംഗീകാരത്തിന് ശേഷം വിതരണം ചെയ്യുവാൻ തീരുമാനിച്ചു.

| സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് | സെക്രട്ടറി |
|---|---|---|
| **റവ. ഡോ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **ബ്ര. കെ. കെ. പോൾസൺ** |

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ പ്രാർത്ഥനാ മംഗളങ്ങൾ ആശംസിക്കുന്നു.

അന്താരാഷ്ട്ര നേഴ്സസ് ദിനമായ മെയ് 12ന് വിവിധ സ്ഥാപനങ്ങളിലും ഹോസ്പിറ്റലുകളിലും കൂടുതൽ വർണ്ണ പകിട്ടോടെ ആഘോഷിച്ചു.

ചേലക്കര ജീവോദയ ഹോസ്പിറ്റലിലെ നേഴ്സസ് ഡെ ആഘോഷങ്ങൾ ദിവ്യബലിയോടെ ആരംഭിച്ചു. എല്ലാ നേഴ്സുമാർക്കുവേണ്ടിയും മരിച്ചുപോയ എല്ലാ ആതുര ശുശ്രൂഷകരെയും ഓർത്ത് പ്രാർത്ഥിക്കുകയും, നേഴ്സസിനെ ബൊക്കെ നൽകി ആദരിച്ചു. നേഴ്സസ് ഞങ്ങളുടെ പ്രതിജ്ഞ പുതുക്കുകയും ഈ വർഷത്തെ നേഴ്സസ് ഡെ Theam : “ Nurses: “ A voice to lead - achieving the sustainable development goals” എന്ന വിഷയത്തെക്കുറിച്ച് CNGI പ്രസിഡന്റും, ജീവോദയ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ ആയ റവ. സി. ദെപ്പാസി സി. എസ്. സി., വിശുദ്ധീകരിച്ച് സന്ദേശം നൽകി. രോഗികൾക്കും ജീവനക്കാർക്കും മധുരം നൽകി സന്തോഷം പങ്കുവെച്ചു.

പുത്തൻപീടിക പാദുവ ഹോസ്പിറ്റലിലെ നേഴ്സസ് ഡെ ദിനത്തിൽ റവ പാ. ഡേവീസ് കണ്ണംമ്പുഴ ദിവ്യബലി അർപ്പിച്ചുകൊണ്ട് ലോകം മുഴുവനിലുള്ള എല്ലാ നേഴ്സസ്മാരെയും ഓർത്ത് പ്രാർത്ഥിച്ചു. തുടർന്ന് എല്ലാ നേഴ്സിനും അഡ്മിനിസ്ട്രേറ്റർ റവ. സി. റോസ് ബാസ്റ്റിൻ FCC , ബൊക്കെ നൽകുകയും പിന്നീട് പ്രാർത്ഥനാ ശുശ്രൂഷയും സന്തോഷം പങ്കുവെക്കുന്നതിന്റെ ഭാഗമായുള്ള പായസം വിതരണവും നടന്നു.

| **ഫാ. സിജോ അരിക്കാട്ട്** | **സി. റൊസീന ഡേവീസ് എഫ്. സി. സി.** |
|---|---|
| ഡയറക്ടർ | സെക്രട്ടറി |

# ജീസസ് യൂത്ത്

**"ശിഷ്യനായാൽ മാത്രമേ ശ്ലീഹായാവൻ സാധിക്കൂ" മാർ ആൻഡ്രൂസ് താഴത്ത്**

2017 ലെ ജീസസ് യൂത്ത് സമർപ്പണ-പുനർപ്പണ ദിനാഘോഷങ്ങൾ പന്തക്കുസ്താ ദിനത്തിന്റെ ചൈതന്യത്തിൽ ജൂൺ 4-ാം തിയതി ഞായറാഴ്ച ചേറൂർ വിമല കോളേജിൽ വെച്ച് നടന്നു. ടാലന്റ് മിനിസ്ട്രിയുടെ സംഗീതത്തോടെ ആരംഭിച്ച പരിപാടി, തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ഒരു ജീസസ് യൂത്ത് മിഷനറി ഈശോയുടെ കൂടെ നടക്കുന്ന ശിഷ്യനായാൽ മാത്രമേ ശ്ലീഹായാവൻ സാധിക്കൂ എന്ന് അഭിവന്ദ്യപിതാവ് ഓർമ്മപ്പെടുത്തി. അതോടൊപ്പം, ആറ് സ്ഥായീഘടകങ്ങൾ അഭ്യസിച്ചുകൊണ്ട് ജീസ്സസ് യൂത്ത് ജീവിതശൈലിയിൽ ജീവിക്കണമെന്നും, ജീസസ്സ് യൂത്തിന്റെ അനുദിന പ്രാർത്ഥന എല്ലാ ദിവസവും അർപ്പിക്കണമെന്നും, മുന്നേറ്റം ഒരുക്കുന്ന രൂപവത്ക്കരണ പ്രക്രിയക്ക് തുറന്ന മനസ്സോടെ വിധേയപ്പെടണമെന്നുമുള്ള മൂന്ന് പ്രതിജ്ഞകൾ പാലിച്ച് പ്രതിബദ്ധതയുള്ള ജീസസ്സ് യൂത്തായി സഭയോട് ചേർന്ന് പ്രവർത്തിക്കണമെന്നും പിതാവ് ഉദ്ബോധിപ്പിച്ചു. ജീസസ് യൂത്തിന്റെ മിഷനറി ചൈതന്യം ഭവനങ്ങളിലും ഇടവകയിലും പഠന-ജോലി മേഖലകളിലും പരക്കട്ടെയെന്ന് പിതാവ് ആശംസിച്ചു.

കേരള ജീസസ് യൂത്ത് കൗൺസിൽ കോർഡിനേറ്റർ അഭിലാഷ് എം.കെ. സമർപ്പണ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, അന്നേ ദിവസം പ്രതിജ്ഞയെടുക്കുന്നവർ പാലിക്കേണ്ട ഉത്തരവാദിതത്തങ്ങളെക്കുറിച്ചും വ്യക്തമാക്കി. തുടര്ന്നു നടന്ന വി.കുർബ്ബാനക്ക് ജീസസ്സ് യൂത്ത് മുൻ ഡയറക്ടർ ഫാ. ജോൺസൺ അന്തിക്കാട്ട് കാർമ്മികത്വം വഹിച്ചു. ജീസസ് യൂത്ത് അതിരൂപത ഡയറക്ടർ ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിലിന്റേയും അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടിയുടേയും നേതൃത്വത്തിൽ നടന്ന ദിവ്യകാരുണ്യ ആരാധനയുടെ നിമിഷങ്ങളിൽ 631 ജീസസ്സ് യൂത്ത് അംഗങ്ങൾ സമർപ്പണ-പുനരർപ്പണ പ്രതിജ്ഞകൾ എടുത്തു. അതിരൂപതാ ജീസസ്സ് യൂത്ത് അസി. ഡയറക്ടർ ഫാ. ബിനോയ് ചിറ്റിലപ്പിള്ളി, അനിമേറ്റർ സി. മരിയ സി.എം.സി., വിമല കോളേജ് പ്രിൻസിപ്പാൾ സി. മരിയറ്റ് സി.എം.സി., വിമല കോളേജ് പ്രിൻസിപ്പാൾ സി. മരിയറ്റ് സി.എം.സി. എന്നിവരുടേയും മറ്റു സിസ്റ്റേഴ്സിന്റെയും എൽഡേഴ്സിന്റെയും സാന്നിധ്യം പരിപാടികളെ മികവുറ്റതാക്കി. എണ്ണൂറിലധികം പേർ പങ്കെടുത്ത പരിപാടിയുടെ സമാപനത്തിൽ പ്രോഗ്രാം ജനറൽ കോർഡിനേറ്റർ ഡെന്നി ഡേവീസ് ഏവർക്കും നന്ദി അർപ്പിച്ചു. ജീസസ്സ് യൂത്ത് അതിരൂപത കോർഡിനേറ്റർ ജോസഫ് കെ.

ജെ യുടെ വാക്കുകളോടെ 5 മണിക്ക് പരിപാടി സമാപിച്ചു.

**അതിരൂപതയുടെ ആത്മീയ ഉണർവ്വിന് നേതൃത്വം നൽകാൻ ജീസസ്സ്യൂത്ത് സീനിയർ ലീഡേഴ്സിനെ ആഹ്വാനം ചെയ്ത് മാർ. ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപതയുടെ ആത്മീയ ഉണർവ്വിന്, ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ വളർന്നുവന്ന സീനിയർ ലീഡേഴ്സിന് പ്രധാനപ്പെട്ട പങ്കുവഹിക്കാനുണ്ടെന്ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. ജൂൺ 10-ാം തിയതി ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടന്ന ജീസസ്സ് യൂത്ത് സീനിയർ ലീഡേഴ്സ ഗാദറിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അഭിവന്ദ്യപിതാവ്. ജീസസ് യൂത്ത് സീനിയർ ലീഡേഴ്സിന് മുന്നേറ്റവുമായി ചേർന്നു നിൽക്കാൻ കഴിയും വിധം അതിരൂപതാ തലത്തിൽ ഹൗസ് ഹോൾഡ് കൂട്ടായ്മകൾ ആരംഭിക്കാനും, ഒരു കോർഡിനേറ്റിംഗ് ടീമിനെ തെരഞ്ഞെടുക്കാനും പിതാവ് ആവശ്യപ്പെട്ടു. ജീസസ്സ് യൂത്തിന്റെ ഇടവക ഗ്രൂപ്പുകൾ സജീവമാക്കാൻ സീനിയേഴ്സ് സഹായിക്കണമെന്നും ഒത്തുചേർന്നുള്ള സഭാ പഠനത്തിലും, ജീസസ് യൂത്തിന്റെ പുതിയ രൂപീകരണ പ്രക്രിയയിൽ പങ്കാളികളാകാനും അഭിവന്ദ്യപിതാവ് സീനിയർ ലീഡേഴ്സിനെ ഉദ്ബോധിപ്പിച്ചു. ഇരുനൂറ്റിയമ്പതോളം പേർ ഈ ഗാദറിംഗിൽ സംബന്ധിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ, അസി. ഡയറക്ടർ ഫാ. ബിനോയ് ചിറ്റിലപ്പിള്ളി, കോർഡിനേറ്റർ ജോസഫ് കെ. ജെ., എം.എ. ജോഷി, ഷൈജു, ബിൻസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. ബിനോയ് ചിറ്റിലപ്പിള്ളി**
അസി. ഡയറക്ടർ

**ജോസഫ് കെ.ജെ.**
കോ-ഓർഡിനേറ്റർ

# കെ. സി. വൈ. എം.

**തൃശ്ശൂർ അതിരൂപതയുടെ 130-ാം അതിരൂപത ദിനത്തോടനുബന്ധിച്ച് ദേശീയ പാതയോരങ്ങളിൽ വൃക്ഷതൈകൾ നട്ടു.**

കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ അതിരൂപത ദിനത്തോടനുബന്ധിച്ച് ദേശീയ പാതയോരങ്ങളിൽ നടന്ന വൃക്ഷതൈകളുടെ വിതരണം മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ്, സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവിന് നൽകി ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള, പ്രസിഡണ്ട് അനൂപ പുന്നപ്പുഴ, ഫാ. പോൾസൺ പാലത്തിങ്കൽ, ജിയോ

ജോൺ, സിന്റോ പുതുക്കാട്, എം. പി. സിജോ, ജിതിൻ മനോജ് എന്നിവർ നേതൃത്വം നൽകി.

**കെ.സി.വൈ.എം. അതിരൂപത തല വോളിബോൾ ടൂർണ്ണമെന്റ് നടത്തി**

കെ.സി.വൈ.എം. അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ മെയ് 20, 21 തിയ്യതികളിൽ ഏനാമ്മാവ് ഇടവകയിൽ വെച്ച് നടന്ന വോളിബോൾ ടൂർണ്ണമെന്റിൽ രൂപതയിൽ നിന്നും 20 ടീമുകൾ പങ്കെടുത്തു. ജില്ലാതലവോളിബോൾ ടൂർണ്ണമെന്റ് കെ.സി.വൈ.എം. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. പ്രിസഡണ്ട് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ചു. ഫാ.ജോൺസൺ അരിമ്പൂർ, ജിയോ ജോൺ, വില്യംസ്, പിൻസി പ്രിൻസ്, ആന്റൊ തൊറയൻ എന്നിവർ പ്രസംഗിച്ചു.

വോളിബോൾ ടൂർണ്ണമെന്റിൽ ഒന്നാം സ്ഥാനം അമ്മാടം ഇടവക കരസ്ഥമാക്കി. രണ്ടാം സ്ഥാനം പുല്ലംകണ്ടം ഇടവകയും കരസ്ഥമാക്കി.

**'യുവജ്വാല' – 2017 നേതൃത്വപരിശീലന ക്യാമ്പ് – മെയ് 26, 27, 28**

കെ.സി.വൈ.എം. അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ യുവജ്വാല 2017 നേതൃത്വപരിശീലന ക്യാമ്പ് മെയ് 26, 27, 28 തിയതികളിൽ തൃശ്ശൂർ ഫാമിലി അപ്പോസ്തോലേറ്റ് സെന്ററിൽ വെച്ച് നടത്തി. നേതൃത്വപരിശീലന ക്യാമ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ, അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള, ജനറൽ സെക്രട്ടറി ജിയോ ജോണ്, സി. ടിന മരിയ, ഫാ. ജെറിൻ അരിമ്പൂർ, സാവിയോ ജോണി എന്നിവർ പ്രസംഗിച്ചു. ക്യാമ്പിന്റെ വിവിധ ഘട്ടങ്ങളിൽ അലഹബാദ് ബിഷപ്പ് മാർ റാഫി മഞ്ഞളി, മാർ റാഫേൽ തട്ടിൽ, മോൺ ജോർജ്ജ് കോമ്പാറ, മോൺ. തോമസ് കാക്കശ്ശേരി ഫാ. ജോയ് മൂക്കൻ എന്നിവർ ക്യാമ്പിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. യുവജ്വാല ക്യാമ്പിന് ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയത് ഫാ. സാജൻ മാറോക്കി & ടീം ആണ്.

**ബീഫ് ഫെസ്റ്റ് നടത്തി**

കെ.സി.വൈ.എം. അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിന്റെ ബീഫ് നിരോധനത്തിനെതിരെ കെ.സി.വൈ.എം. അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ പ്രകടനം നടത്തി. പ്രതിഷേധ പ്രകടനം കെ.സി.വൈ.എം. അതിരൂപത പ്രസിഡണ്ട് ഉദ്ഘാടനം ചെയ്തു. സിന്റോ പുതുക്കാട്, എം. പി. സിജോ കരോളിൻ ജോഷ്വാ, അനിഷ് മാസ്റ്റർ എന്നിവർ പ്രസംഗിച്ചു.

**കെ.സി.വൈ.എം. പരിസ്ഥിതി ദിനാഘോഷം**

കെ.സി.വൈ.എം. അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി

ദിനാഘോഷം പറപ്പൂർ ഫൊറോന സമിതിയുടെ ആതിഥേയത്വത്തിൽ എടക്കളത്തൂർ ഇടവകയിൽ വെച്ച് മാർ ജേക്കബ് തൂങ്കുഴി പിതാവ് വൃക്ഷതൈകൾ നട്ടു ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. അതിരൂപത പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള, ഫാ. ബിജോ ചാലിശ്ശേരി, ജനറൽ സെക്രട്ടറി ജിയോ ജോൺ, സി. ടിന മരിയ, ജോസ്മോൻ കെ. ഫ്രാൻസീസ്, സാവിയോ ജോണി, സിന്റോ പുതുക്കാട്, വില്യംസ്, പ്രിൻസി പ്രിൻസ്, എം. പി.സിജോ ചിയ്യാരം, ഷിബിൻ എന്നിവർ പ്രസംഗിച്ചു.

**പരിസ്ഥിതി ദിനം മൈനർ സെമിനാരിയിൽ**

ജൂൺ 5ന് ലോകപരിസ്ഥിതി ദിനത്തിൽ മൈനർ സെമിനാരിയിൽ വെച്ച് നടന്ന പരിസ്ഥിതി ദിനാഘോഷം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൃക്ഷതൈ നട്ടു ഉദ്ഘാടനം ചെയ്തു. അനൂപ് പുന്നപ്പുഴഅദ്ധ്യക്ഷനായി ഡയറക്ടർ ഫാ. ഡിറ്റോ കൂള, ഫാ. ഡൊമിനിക് തലക്കോടൻ, ജനറൽ സെക്രട്ടറി ജിയോ ജോൺ, സി.ടിന മരിയ, പ്രിൻസി പ്രിൻസ്, വില്യംസ് എം., അഡ്വ. ലിന്റോ സാജൻ എന്നിവർ പ്രസംഗിച്ചു.

**പ്രതിഷേധ റാലി നടത്തി**

എൽ.ഡി. എഫ്. സർക്കാരിന്റെ പുതിയ മദ്യനയത്തിൽ പ്രതിഷേധിച്ച് തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം.സമിതി പ്രതിഷേധ റാലിയും യോഗവും സംഘടിപ്പിച്ചു. പാവപ്പെട്ട വീട്ടമ്മമാരുടെ കണ്ണീരൊപ്പേണ്ട സർക്കാർ, അതിനു വഴിയൊരുക്കാതെ വളർന്നു വരുന്ന പുതിയ തലമുറയെക്കൂടി മദ്യത്തിന് അടിമകളാക്കുന്നതും മദ്യ ഉപഭോഗം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പൂട്ടിയ ബാറുകൾ തുറക്കുന്നതും പ്രതിഷേധാർഹമാണെന്ന് യോഗം ഉദ്ഘാടനം ചെയ്ത അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള, അതിരൂപത പ്രസിഡന്റ് അനൂപ് പുന്നപ്പുഴ, മദ്യവിരുദ്ധ സമിതി ചെയർമാൻ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, സിന്റോ പുതുക്കാട്, കരോളി ജോഷ്വാ, എം. പി. സിജോ, ആന്റോ തൊറയൻ, സജി ജോസഫ്, സാവിയോ ജോണി, സാജൻ ചിയ്യാരം, വില്യംസ്, അനീഷ് ആന്റണി, പ്രിൻസി പ്രിൻസ്, എന്നിവർ സംസാരിച്ചു. തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ നിന്നാരംഭിച്ച പ്രകടനം കോർപ്പറേഷനു മുമ്പിൽ അവസാനിച്ചു.

**കെ.സി.വൈ.എം. അർദ്ധവാർഷിക സെനറ്റ്**

കെ.സി.വൈ.എം. സംസ്ഥാന അർദ്ധവാർഷികസെനറ്റ് സമ്മേളനം കോതമംഗലം രൂപതയിലെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. സമിതിയുടെ 125 ദിവസത്തെ മികച്ച പ്രവർത്തന റിപ്പോർട്ട് സംസ്ഥാന സമിതി അംഗീകരിച്ചു പാസ്സാക്കി. തൃശ്ശൂർ

അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള, തൃശ്ശൂർ അതിരൂപത പ്രസിഡന്റ് അനൂപ് പുന്നപ്പുഴ, ജിയോ ജോൺ, സിസ്റ്റർ ടീന മരിയ, സാവിയോ ജോണി, പിൻസി പ്രിൻസ്, വില്യംസ്, എം. പി. സിജോ, അഡ്വ. ലിന്റോ എന്നിവർ സെനറ്റ് സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. തൃശ്ശൂർ അതിരൂപത യുവ ജനസംഗമം ജൂലൈ 16ന് തൃശ്ശൂർ ഡി.ബി.സി.എൽ.സിയിൽ വെച്ചു സംഘടി പ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

**കെ.സി.വൈ.എം. അതിരൂപത യുവജനസംഗമം സ്വാഗതസംഗം ഓഫീസ് ഉദ്ഘാടനം ചെയ്തു.**

കെ.സി.വൈ.എം. അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 16ന് തൃശ്ശൂർ ഡി.ബി.സി.എൽ.സിയിൽ വെച്ച് നടക്കുന്ന അതിരൂപത യുവജ നസംഗമത്തിന്റെ സ്വാഗതസംഘം ഓഫീസ് തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. കെ.സി.വൈ. എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള, പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ, ജനറൽ സെക്രട്ടറി ജിയോ ജോൺ, കൺവീനർ എം. പി. സിജോ, സിന്റോ പുതുക്കാ ട്, കരോളിൻ ജോഷ്വാ, സാവിയോ ജോണി, സാജൻ ചിയ്യാരം, മേഫി ഡെൽസൺ, സി. ടീന മരിയ, വില്യംസ്, പിൻസി പ്രിൻസ്, അനീഷ് മാസ്റ്റർ, അഡ്വ. ലിന്റോ എന്നിവർ പ്രസംഗിച്ചു.

**ജൂലൈ – 3 കെ.സി.ഐ.എം. പതാകദിനം**

കെ.സി.വൈ.എം. പതാക ദിനം ഇടവക ഫൊറോന തലങ്ങളിൽ കെ. സി.വൈ.എം. അതിരൂപത തല സമിതിയുടെ പതാക ദിനം ലൂർദ്ദ് ഫൊറോ നയിലെ നടത്തറ ഇടവകയിൽ ജൂലൈ 3ന് 6.45നുള്ള വി.കുർബ്ബാന കാഴ്ച സമർപ്പണം, പതാക ഉയർത്തൽ എന്നിവ ആചരിക്കുന്നതാണ്.

**കെ.സി.വൈ.എം. അതിരൂപത യുവജന ദിനാഘോഷം – 2017 തൃശ്ശൂർ ഡി.ബി.സി.എൽ.സിയിൽ**

ജൂലൈ 16ന് ഞായറാഴ്ച കെ.സി.വൈ.എം. അതിരൂപത യുവജനദിനാ ഘോഷം തൃശ്ശൂർ ഡി.ബി.സി. എൽ.സയിൽ വെച്ച് നടത്തപ്പെടുന്നു. കെ.സി. വൈ.എം. ന്റെ അതിരൂപതയിലെ എല്ലാ ഇടവകളിൽ നിന്നും യുവജന സാന്നിദ്ധ്യം പ്രതീക്ഷിച്ചുകൊള്ളുന്നു. യുവജനസംഗമത്തിൽ വിവിധ മേഖ ലകളിൽ നിന്നുള്ള പ്രയാണങ്ങൾ, പഠനക്ലാസ്സുകൾ, പ്രതിനിധി സമ്മേളനം, പൊതു സമ്മേളനം, കൾച്ചറൽ പ്രോഗ്രാം, റാലി എന്നിവ ഉണ്ടായിരിക്കുന്ന താണ്.

**ഫാ. ഡിറ്റോ കൂള**
ഡയറക്ടർ
**അനൂപ് പുന്നപ്പുഴ**
പ്രസിഡന്റ്

**ഫാ. ജെറിൻ അരിമ്പൂർ**
അസി.ഡയറക്ടർ
**ജിയോ ജോൺ**
ജനറൽ സെക്രട്ടറി

# കലാസദൻ

**കലാസദൻ ഗായക് 2017**

തൃശ്ശൂർ അതിരൂപത കലാസദൻ പുതിയ സംഗീത പ്രതിഭകളെ തേടിയുള്ള അഖില കേരള ചലച്ചിത്ര ഗാനാലാപന മത്സരം ഗായക് – 2017 ഒരുക്കുന്നു. രണ്ടുഘട്ടങ്ങളിലായി ഒരുക്കുന്ന മത്സരങ്ങളുടെ ആദ്യപാദം 2017 ജൂലൈ 29 ശനിയാഴ്ച രാവിലെ 9.30 മുതൽ തൃശ്ശൂർ സെന്റ് തോമസ് കോളേജ് അക്കാദമിക് ബ്ലോക്കിൽ വെച്ച് നടത്തപ്പെടും. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കലാസദൻ പശ്ചാത്തലമൊരുക്കുന്ന ഫൈനൽ റൗണ്ടിലേക്ക് അർഹതയുണ്ടാവും. 5 വയസ്സ് മുതൽ 10 വയസ്സ് വരെ സബ്ബ് ജൂനിയർ, 11 മുതൽ 15 വരെ ജൂനിയർ, 16 മുതൽ 30 വരെ സീനിയർ വിഭാഗങ്ങളിൽ മത്സരം ഉണ്ടാകും. വിജയികൾക്ക് ക്യാഷ് അവാർഡും ശിൽപ്പവും പ്രശസ്തി പത്രവും നൽകുന്നതാണ്.

താല്പര്യമുള്ളവർക്ക് തൃശ്ശൂർ കാത്തലിക് സെന്ററിലുള്ള കലാസദൻ ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ **kalasadan@gmail.com** എന്ന വിലാസത്തിൽ ഈ മെയിലായോ 2017 ജൂലായ് 20ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷ് ഫീസ് 200 രൂപ. രജിസട്രേഷൻ ഫീസ് നേരിട്ടോ, മണി ഓർഡറായോ, സെക്രട്ടറി കലാസദൻ എന്ന പേരിൽ തൃശ്ശൂർ മാറാവുന്ന ബാങ്ക് ഡ്രാഫ്റ്റായോ 0231-02577101-190001 എന്ന് കാത്തലിക് സിറിയൻ ബാങ്ക്, തൃശ്ശൂർ കോളേജ് റോഡ് ശാഖയിലെ കലാസദൻ അക്കൗണ്ടിലേക്ക് ആയോ **NEFT** ആയോ (**IFSC : CSBK0000231**) അടയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9447111998, 9847136627, 9249868463 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

കലാസദൻ ഓഫീസ് കമ്പ്യൂട്ടർവത്ക്കരിക്കാനും വെബ്സെറ്റ് ആരംഭിക്കാനും തീരുമാനിച്ചു.

ദൃശ്യ 2017 പൈതൃകവും, മൂല്യങ്ങളും ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ ദൃശ്യ 2017 എന്ന പേരിൽ ഒരു ഷോർട്ട് ഫിലിം മത്സരം കലാസദൻ സംഘടിപ്പിക്കുന്നു. വിജയികൾക്ക് ക്യാഷ് അവാർഡുകളും ട്രോഫികളും നൽകുന്നതാണ്.

**വി.പി. ജോസഫ്**
പ്രസിഡണ്ട്

**ഫാ. പോൾ പുളിക്കൻ**
സെക്രട്ടറി

# ഫ്രാൻസിസ്കൻ അല്മായസഭ

## സമാധാനവും സൗഭാഗ്യവും

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്ക്കൻ അല്മായ സഭയുടെ മീറ്റിംഗ് 28.05.2017 ഞായറാഴ്ച വടക്കാഞ്ചേരി എ.ആർ.സിയയിൽ വെച്ച് പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. സ്ഥലം മാറിപോകുന്ന രൂപതാ ഡയറക്ടർ ഫാ. പോൾ അടമ്പുകുളം സ്പിരിചൽ അസിസ്റ്റന്റുമാരായ ഫാ. ഫ്രാങ്കോ വടക്കൻ, ഫാ. നിക്സൺ കോളാട്ടുകുടി എന്നിവർക്ക് ഹൃദ്യമായ യാത്രയയപ്പ് നൽകി, അവരുടെ കഴിഞ്ഞ കാല പ്രവർത്തനങ്ങൾക്ക് നന്ദി രേഖപ്പെടുത്തി. യോഗത്തിൽ സിസ്റ്റർ റോസിലിൻ എഫ്.സി.സി., സെലീന ജോൺ, പി.ഐ. സൈമൺ, വി. എൽ. സൈമൺ, ജോസ് പീറ്റർ എന്നിവർ പ്രസംഗിച്ചു. ജൂലായ് 28ന് വി. അൽഫോൺസാമ്മയുടെ തിരുനാൾ എല്ലാ യൂണിറ്റുകളിലും ഭക്തിപൂർവ്വം ആഘോഷിക്കുവാൻ തീരുമാനിച്ചു. ജൂലായ് മാസം എല്ലാ റീജിയൺ കമ്മിറ്റികളും വിളിച്ചു ചേർത്തു പ്രവർത്തനങ്ങൾ വിലയിരുത്താൻ വേണ്ട നിർദ്ദേശം നൽകി.

യേശുവിൽ എളിയ സഹോദരൻ

**സണ്ണി വടക്കൻ**
അതിരൂപത പ്രസിഡണ്ട്

# ചിൽഡ്രൻസ് മിനിസ്ട്രി

**ഫോൺ 0487 2325336, 9947582522, 8547250833**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കായി അതിരൂപതതല സ്വീകരണം എഞ്ചലോസ് 2017 മെയ് 21 ന് കുരിയച്ചിറ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്ക്കൂൾ കുരിയച്ചിറയിൽ വച്ച് നടത്തി. ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ എല്ലാവരേയും സ്വാഗതം ചെയ്തു. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് തിരി തെളിയിച്ച് ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും തുടർന്ന് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. 1300 കുട്ടികൾ ഈ വർഷത്തെ എഞ്ചലോസിൽ പങ്കെടുത്തു. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, മാർ ജേക്കബ് തൂങ്കുഴി, മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ എന്നീ പിതാക്കൻമാരോടൊപ്പം ഫൊറോനതലത്തിൽ കുട്ടികൾക്ക് ഫോട്ടോ എടുക്കുവാൻ അവസരം ലഭിച്ചു. അതിരൂപതയുടെ മെമന്റോയായി ഓ എന്റെ ഈശോയെ എന്ന പ്രാർത്ഥന പുസ്തകവും ബൈബിൾ കലണ്ടറും നൽകി. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി, സ്ക്കൂൾ പ്രിൻസിപ്പാൾ റവ.

ഫാ. ആന്റണി ചെമ്പകശ്ശേരി, ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ, ഫാ. ജിബി വാഴപ്പിള്ളി, മറ്റ് വൈദികരും, കോഡിനേറ്റർ സി. റെജി, സിസ്റ്റേഴ്സും, ബ്രദേഴ്സും, ആനിമേറ്റേഴ്സ്, സംഘടനാഭാരവാഹികളും കുട്ടികളും സന്നിഹിതരായിരുന്നു. എഞ്ചലോസ് വിജയകരമാക്കുവാൻ സഹായിച്ച എല്ലാവർക്കും ഒത്തിരി നന്ദി.

**തിരുബാലസഖ്യം**

ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ തിരുനാൾ ദിനമായ ജൂലൈ 3-ാം തിയതി ഇടവകതലത്തിൽ തിരുബാലസഖ്യ പ്രാർത്ഥനദിനമായി ആചരിക്കേണ്ടതാണ്.

**ജൂനിയർ സി. എൽ. സി**

ആഗോളസഭ ജൂലൈ 12 ന് വി. ഇഗ്നേഷ്യസ് ലൊയോളയുടെ തിരുനാൾ ആ ഘോഷിക്കുന്ന സുദിനത്തിൽ ജൂനിയർ സി. എൽ. സി. അംഗങ്ങൾ ഇടവക തലത്തിൽ പ്രാർത്ഥനദിനമായി ആചരിക്കേണ്ടതാണ്.

**അൾത്താര സംഘം**

ആഗോളസഭ ജൂലൈ 26- ന് വി. അന്നയുടെയും ജൊവാക്കീമിന്റെയും തിരുനാൾ ആഘോഷിക്കുന്ന സുദിനത്തിൽ ഇടവകതലത്തിൽ എല്ലാ അൾത്താര സംഘാംഗങ്ങളും പ്രാർത്ഥനദിനമായി ആചരിക്കേണ്ടതാണ്.

**സാഹിത്യ മത്സരം**

ചിൽഡ്രൻസ് മിനിസ്ട്രി കുട്ടികൾക്കായി (തിരുബാലസഖ്യം, ജൂനിയർ സി. എൽ സി, അൾത്താര സംഘം) സാഹിത്യ മത്സരം സംഘടിപ്പിക്കുന്നു. ചെറുകഥ, ഉപന്യാസം, കവിത, കുഞ്ഞികവിത തുടങ്ങിയ ഇനങ്ങളിലാണ് മത്സരം. താൽപര്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. മത്സര തിയതി പിന്നീട് അറിയിക്കുന്നതാണ്.

**പ്രാർത്ഥിക്കാൻ ....... പ്രവർത്തിക്കാൻ**

**തിരുവചനപഠനം:** മഴയും മഞ്ഞും ആകാശത്തുനിന്നും വരുന്നു; അങ്ങോട്ടു മടങ്ങാതെ ഭൂമിയെ നനയ്ക്കുന്നു. അത് സസ്യങ്ങൾ മുളപ്പിച്ച് ഫലം നൽകി, വിതക്കാൻ വിത്തും ഭക്ഷിക്കാൻ ആഹാരവും ലഭ്യമാക്കുന്നു. (ഏശയ്യ 54, 10)

**സുകൃതജപം:** ഈശോയുടെ തിരുരക്തമേ എന്നെ കഴുകണമേ.

**പ്രാർത്ഥനാനിയോഗം:** ലോക സമാധാനത്തിനായി പ്രാർത്ഥിക്കുക.

**പ്രവർത്തനം:** വീടില്ലാത്തവർക്കുവേണ്ടി ചെറിയ സംഭാവന കൊടുക്കുക.

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. ഉൾറിക്ക് (ജൂലൈ 4)

**കോഡിനേറ്റർ**
റെജി എസ്. എസ്. പി. സി

**ഡയറക്ടർ**
റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**1. പരിശുദ്ധാത്മാഭിഷേക കൺവെൻഷൻ**

ജൂൺ 1, 2, 3 തീയതികളിൽ പന്തക്കുസ്താ ദിനത്തോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക് സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ ആബാ റിന്യൂവൽ സെന്ററിൽവച്ച് പരിശുദ്ധാത്മാഭിഷേക കൺവെൻഷൻ സംഘടിപ്പിച്ചു. ആയിരത്തോളം പേർ പങ്കെടുത്ത കൺവെൻഷനിൽ അഭിവന്ദ്യ പിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ റാഫേൽ തട്ടിൽ എന്നിവർ ദിവ്യബലിയർപ്പിച്ച് വചന പ്രഘോഷണം നടത്തി. പരിശുദ്ധാത്മാവിനെതിരായ പാപങ്ങളെക്കുറിച്ച് മാർ റാഫേൽ തട്ടിലും പന്തക്കുസ്തദിനത്തിലും പ്രത്യേകതകളെക്കുറിച്ച് മാർ ആൻഡ്രൂസ് താഴത്തും വചനം പങ്കുവെച്ചു. ആബാ ധ്യാന ടീം അംഗങ്ങളായ ഫാ.സജീവ് ഇമ്മട്ടി ഫാ. ഡൊമിനിക് ചാഴൂർ, ഫാ. സജു വടക്കേത്തല എന്നിവർ വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന,അഭിഷേക പ്രാർത്ഥന എന്നിവയ്ക്ക് നേതൃത്വം നൽകി. അതിരൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, സെക്രട്ടറി സി.ടി. സെബാസ്റ്റ്യൻ, ട്രഷറർ വിൻസെന്റ് ചിറയത്ത് അംഗങ്ങളായ ജോൺസൺ വി.സി., എം.എ. ബാബു, വിജു സി.ടി., ബീന ജോളി, അൽഫോൺസ അബ്രഹാം, റീന റാഫേൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സബ്സോൺ കോ-ഓർഡിനേറ്റേഴ്സ്, പ്രാർത്ഥനാ ഗ്രൂപ്പ് ലീഡേഴ്സ്, പ്രാർത്ഥനാ കൂട്ടായ്മയികളിലേയും മിനിസ്ട്രികളിലേയും സജീവ അംഗങ്ങൾ, വചനപ്രഘോഷകർ, സ്പിരിചൽ ഗൈഡൻസ് നൽകുന്നവർ തുടങ്ങിയവരും പങ്കെടുത്തു.

**2. പെന്തക്കുസ്ത ഒരുക്ക പ്രാർത്ഥന**

സോണൽ സർവ്വീസ് ടീമിന്റെ ഏകദിന മദ്ധ്യസ്ഥ പ്രാർത്ഥനയോടെ പെന്തക്കുസ്ത ഒരുക്ക പ്രാർത്ഥന മെയ് 25ന് ആരംഭിച്ചു. തുടർന്ന് കൺവെൻഷൻ ദിനങ്ങൾവരെ വിവിധ സബ്സോണുകളുടെ നേതൃത്വത്തിൽ ഒരുക്ക പ്രാർത്ഥന നടത്തി. ജപമാല, ദിവ്യകാരുണ്യാരാധന, മദ്ധ്യസ്ഥ പ്രാർത്ഥന, ദിവ്യബലി, പരിശുദ്ധാത്മാവിനോടുള്ള നവനാൾ നൊവേന എന്നിവയോടെ നടത്തപ്പെട്ടു. ഒരുക്ക പ്രാർത്ഥനയ്ക്ക് ഡയറക്ടർ സജീവ് ഇമ്മട്ടി, സർവ്വീസ് ടീം അംഗം ജോൺസൺ വി. സി., റീന റാഫേൽ എന്നിവർ നേതൃത്വം നൽകി.

**3. അഖിലലോക മലയാളി കരിസ്മാറ്റിക് സംഗമം**

കേരള കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 12 മുതൽ 15 വരെ ആളൂർ ലുവെയ്ൻ യൂത്ത് സെന്ററിൽ അഖില ലോക മലയാളി കരിസ്മാറ്റിക് സംഗമം നടക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കരിസ്മാറ്റിക് ശുശ്രൂഷകരും പ്രവർത്തകരും ഈ സംഗമത്തിൽ പങ്കെടുക്കുന്നു. തൃശ്ശൂർ അതിരൂപതയിൽ നിന്നും 500 ഓളം പേർ പങ്കെടുക്കുന്നു.

| | | |
|---|---|---|
| **സാബു. എം. വർഗ്ഗീസ്** | **സെബാസ്റ്റ്യൻ സി.ടി.** | **ഫാ. സജീവ് ഇമ്മട്ടി** |
| കോ-ഓർഡിനേറ്റർ | സെക്രട്ടറി | ഡയറക്ടർ |

# അതിരൂപത പബ്ലിക് റിലേഷൻസ്

**പാരീഷ് ബുള്ളറ്റിൻ മത്സരവിജയികൾ**

തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് 2016 വർഷത്തിലെ പാരീഷ് ബുള്ളറ്റിനുകൾക്കുവേണ്ടി നടത്തിയ മത്സരത്തിലെ വിജയികളുടെ പേരുകൾ പ്രസിദ്ധീകരിക്കുന്നു.

മത്സരത്തിനു സമർപ്പിച്ച പാരീഷ് ബുള്ളറ്റിനുകൾ കൊണ്ടുപോകാത്തവർക്ക് ബുള്ളറ്റിനുകൾ ബിഷപ്സ് ഹൗസിൽ റിസപ്ഷനിൽ നിന്നും ലഭിക്കുന്നതാണ്.

വിജയികൾക്കുള്ള സമ്മാനദാനം 2017 ജൂലായ് 29ന് നടക്കുന്ന മാദ്ധ്യമ ദിനത്തിൽവെച്ച് നൽകുന്നതാണ്.

ഇടവകയിൽ നിന്നുള്ള പി.ആർ.ഒ. മാരുടെ പേര് നൽകാത്തവർ 2017 ജൂലായ് 15നു മുൻപായി പി.ആർ.ഒ. മാരെ നിയമിച്ച് അവരുടെ പേരും, അഡ്രസ്സും, മൊബൈൽ നമ്പറും, കളർ ഫോട്ടോയും ബിഷപ്സ് ഹൗസിൽ ഏല്പിക്കേണ്ടതാണ്. അതിരൂപത തലത്തിൽ പി.ആർ.ഒ. മാരുടെ ഡയറക്ടറി പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിൻ മത്സരവിജയികൾ**

**എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നവ**

*ഒന്നാം സമ്മാനം : കത്തീഡ്രൽ വോയ്സ് (തൃശ്ശൂർ ലൂർദ്ദ്)*

*രണ്ടാം സമ്മാനം : ജീവൻ പ്രഭ (പാലക്കൽ)*

*മൂന്നാം സമ്മാനം : സ്നേഹസ്പന്ദനം (ചെവ്വൂർ)*

*ഷാലോം - അരണാട്ടുകര*

*ഫ്ളവർ വോയ്സ് - എറവ്*

*പ്രോത്സാഹനസമ്മാനങ്ങൾ :*

*തിരുഹൃദയ നാദം - പെരിഞ്ചേരി, സാൻജോസ് പാരീഷ് വോയ്സ് - പാവറട്ടി*

***എല്ലാ** മാസവും പ്രസിദ്ധീകരിക്കാത്തവ*

ഒന്നാം സമ്മാനം : സ്നേഹജ്വാല - ആറംപിള്ളി

രണ്ടാം സമ്മാനം : സ്നേഹദൂത് - പൂങ്കുന്നം

മൂന്നാം സമ്മാനം : കർമ്മലദീപ്തി - ചേറ്റുപുഴ

പ്രോത്സാഹനസമ്മാനങ്ങൾ :

സാൻജോ പൾസ്, അമല നഗർ

## I. ചെറുകഥ

ഒന്നാം സമ്മാനം : ലൗലി ഫ്രാൻസീസ്, കത്തീഡ്രൽ വോയ്സ് (തൃശ്ശൂർ ലൂർദ്ദ്)
രണ്ടാം സമ്മാനം : ഇ. എൽ. ജോയ്, തിരുഹൃദയനാദം, പെരിഞ്ചേരി
മൂന്നാം സമ്മാനം : മാർട്ടിൻ ചാലിശ്ശേരി, സാന്റോസ് പാരീഷ് വോയ്സ്, അരിമ്പൂർ
സജിനി റോയ് , മരുഭൂമിയിലെ ശബ്ദം, കാരമുക്ക്

## II. ലേഖനം

ഒന്നാം സമ്മാനം : ബ്ര. അനുവിൻ താണിക്കൽ, മരുഭൂമിയിലെ ശബ്ദം, കാരമുക്ക്
രണ്ടാം സമ്മാനം : സോഫിയ സ്റ്റാൻലി, ജീവൻപ്രഭ, പാലക്കൽ
മൂന്നാം സമ്മാനം : ജോയ്സി വർഗ്ഗീസ്, സാൻജോസ് പൾസ്, അമല നഗർ
പ്രോത്സാഹനസമ്മാനങ്ങൾ :
ജോസഫ് ടി. ടി., ദിവ്യസ്പന്ദനം, കുറുമാൽ,
റോസ് മരിയ നിക്സൺ, സാൻജോ മീഡിയ, മണലൂർപടിഞ്ഞാറ്

## III. കാർട്ടൂൺ

ഒന്നാം സമ്മാനം : ജോഷി ജോസ്, മരിയരശ്മി, പേരാമംഗലം
രണ്ടാം സമ്മാനം : സിജോ വർഗ്ഗീസ്, സാൻജോസ് പാരീഷ് വോയ്സ്, പാവറട്ടി
ഷിൻസി കെ.എസ്. ബോസ്കോ വോയ്സ്, മരിയാപുരം
മൂന്നാം സമ്മാനം : ലിഷ ഷാജി, സ്നേഹദൂത്, നെല്ലിക്കുന്ന്.

## IV. ലേ ഔട്ട്

ഒന്നാം സമ്മാനം : കത്തീഡ്രൽ വോയ്സ്, തൃശ്ശൂർ
രണ്ടാം സമ്മാനം : അമലോത്ഭവ, മരത്താക്കര,
ചെറുപുഷപ്നാദം, ഒളരിക്കര
മൂന്നാം സമ്മാനം : തിരുഹൃദയ നാദം, പെരിഞ്ചേരി
പ്രോത്സാഹനസമ്മാനങ്ങൾ : വിജയമാത - ചിയ്യാരം,
മാർത്തോമ ദീപ്തി - മറ്റം,
ഫ്ളവർവോയ്സ് - എറവ്

## V. കവർ

ഒന്നാം സമ്മാനം : സ്നേഹസ്പന്ദനം - ചെവ്വൂർ
രണ്ടാം സമ്മാനം : ദിവ്യസ്പന്ദനം - പറപ്പൂർ
മൂന്നാം സമ്മാനം : കത്തീഡ്രൽ വോയ്സ് - തൃശ്ശൂർ
പ്രോത്സാഹനസമ്മാനങ്ങൾ : മാർത്തോമ ദീപ്തി - മറ്റം,
സാന്റോ വോയ്സ് - മച്ചാട്,
തിരുഹൃദയനാദം (പെരിഞ്ചേരി);

## VI. കവിത

ഒന്നാം സമ്മാനം : പ്രൊഫ. കെ.വി. ബേബി, കത്തീഡ്രൽ വോയ്സ്
രണ്ടാം സമ്മാനം : *ശീതൾ ഷാജു, ബോസ്കോ വോയ്സ്, മരിയാപുരം*
മൂന്നാം സമ്മാനം : *എലിസബത്ത് സെബാസ്റ്റ്യൻ, ജീവൻപ്രഭ,പാലക്കൽ*
*ഭാസി വർഗ്ഗീസ്, ഷാലോം അരണാട്ടുകര*
*എയ്ഞ്ചൽ റോസ് ജോസ് - വിജയകാഹളം ചേറൂർ*

**എഡിറ്റോറിയൽ**

ഒന്നാം സമ്മാനം : *ജീവൻപ്രഭ, പാലക്കൽ*
രണ്ടാം സമ്മാനം : *സാന്റോസ് പാരീഷ് വോയ്സ്* അരിമ്പൂർ
സാൻജോസ് പാരീഷ് വോയ്സ്, പാവറട്ടി
മൂന്നാം സമ്മാനം : *സാൻജോ മീഡിയ, മണലൂർ, പടിഞ്ഞാറ്*
*മരിയ രശ്മി, പേരാമംഗലം*
*മരിയൻവോയ്സ്- ചിറ്റിശ്ശേരി*

**ഫീച്ചർ**

ഒന്നാം സമ്മാനം : *ജോയ് ചീരൻ, വോയ്സ് ഓഫ് മേരി, പേരകം*
രണ്ടാം സമ്മാനം : *ഡോ. വോസ്റ്റോ സ്റ്റെനി, വിജയമാത ചിയ്യാരം*
മൂന്നാം സമ്മാനം : *ഇ .എ. ജോണി, ഹൃദയപൂർവ്വം, തൊയക്കാവ്*
*ഫെൽമോൻ സണ്ണി, അമലോത്ഭവ - മരത്താക്കര*

| | | |
|---|---|---|
| **ഫാ. ജിയോ കടവി** | **ജോർജ്ജ് ചിറമ്മൽ** | **എ.ഡി ഷാജു** |
| ഡയറക്ടർ | പ്രസിഡണ്ട് | സെക്രട്ടറി |

# മൂന്നാം അതിരൂപത അസംബ്ലി

1. ഇടവക അസംബ്ലികൾക്കുള്ള ഓരോ ഇടവകയിലെയും അംഗങ്ങളെ ജൂലൈ മാസത്തിൽ തിരഞ്ഞെടുക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഇടവക അസംബ്ലികൾക്കായുള്ള മാർഗ്ഗരേഖ പരിശോധിക്കുക.

2. അജപാലന സർവ്വേ വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ച എല്ലാ ബഹു. വികാരിയച്ചന്മാർക്കും അസംബ്ലി കമ്മിറ്റി അംഗങ്ങൾക്കും ഇടവകയിലെ അല്മായ നേതാക്കൾക്കും നന്ദി. ഇതുവരെ 92% ഇടവകകളിൽ നിന്നും അജപാലന സർവ്വേ റിപ്പോർട്ടുകൾ ലഭിച്ചു. എല്ലാ ഇടവകകളിലും നടക്കേണ്ട ഈ ബഹു. ഇടവകകളും നടത്തി അതിരൂപത കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

3. അതിരൂപതാ അസംബ്ലിയുമായി ബന്ധപ്പെട്ട് ഈ വർഷം നടക്കുന്ന പ്രധാന സമ്മേളനങ്ങൾ

1. യുവജന അസംബ്ലി - നവംബർ 18
2. സന്യസ്ത അസംബ്ലി - ഡിസംബർ 1, 2
3. വൈദിക അസംബ്ലി

ആദ്യബാച്ച്-

ഡിസംബർ 11, തിങ്കൾ 10 am

13 ബുധൻ 3 pm

രണ്ടാം ബാച്ച്

ഡിസംബർ 18 തിങ്കൾ 10 am

18 ബുധൻ 3 pm


വി. അൽഫോൺസ
(ജൂലായ് 28)
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ....

Registered R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.06.2017
**July 2017**




Edited, Printed & Published by **Rev. Fr. Nysson Alanthanath ,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005